കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരുമ്പാവൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പെരുമ്പാവൂർ-പി.ഒ

ഇ-മെയിൽ: mlpbvr.ksad@kerala.gov.in
ഫോൺ : 0484-2522230

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.ബി.എം(എ2)65/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പെരുമ്പാവൂർ-പി.ഒ
തീയ്യതി: 26/03/2026
ഇ-മെയിൽ:
mlpbvr.ksad@kerala.gov.in
ഫോൺ: 0484-2522230

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പെരുമ്പാവൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ),തിരുവനന്തപുരം.
4. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം
5. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-പി.ബി.എം(എ2)65/2026 തീയ്യതി: 26/03/2026

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 28-02-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 96 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 72 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാലി ജോസഫ്	ഡെപ്യൂട്ടി ഡയറക്ടർ	01-08-2025	28-02-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
01-08-2025	28-02-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)മോഹനൻ പി വി, ഓഡിറ്റ് ഓഫീസർ
2)സറീന പി എ, സീനിയർ ഗ്രേഡ് ഓഡിറ്റർ

3)പ്രവീൺ വി എൻ, സീനിയര ഗ്രേഡ ഓഡിറ്റര
4)ആതിര ആർ, ഓഡിറ്റർ
5)അനുരൂപ റ്റി എസ്,ഓഡിറ്റർ
6)വിഷ്ണുപ്രസാദ് എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബിജു ജോൺ ജേക്കബ്	ചെയർപേഴ്സൺ	01-04-2024	19-07-2024
ശ്രീ.പോൾപാത്തിക്കൽ	ചെയർപേഴ്സൺ	20-07-2024	31-03-2025
ശ്രീമതി.കവിതാ എസ്.കുമാർ	സെക്രട്ടറി	01-04-2024	16-03-2025
ശ്രീമതി.തങ്കമണി പി.എ	സെക്രട്ടറി-ഇൻ-ചാർജ്ജ്	17-03-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. റോസമ്മ .പി.എസ്	മെഡിക്കൽ ഓഫീസർ , അലോപ്പതി	01-04-2024	15-04-2024
ഡോ. വിൻസന്റ് എ.ബി	മെഡിക്കൽ ഓഫീസർ , അലോപ്പതി	16-04-2024	07-05-2024
ഡോ. റോസമ്മ .പി.എസ്	മെഡിക്കൽ ഓഫീസർ , അലോപ്പതി	08-05-2024	10-07-2024
ഡോ. വിൻസന്റ് എ.ബി	മെഡിക്കൽ ഓഫീസർ , അലോപ്പതി	11-07-2024	31-10-2024
ഡോ. റോസമ്മ .പി.എസ്	മെഡിക്കൽ ഓഫീസർ , അലോപ്പതി	01-11-2024	31-03-2025
ഡോ. സിന്ധു ആന്റണി	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	27-07-2024

ഡോ.ഇന്ദിര പി.വി	മെഡിക്കൽ ഓഫീസർ, ആയുർവേദം	28-07-2024	31-03-2025
ശ്രീമതി.വിജി കുര്യാക്കോസ്	പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജന സെൽ	01-04-2024	31-03-2025
ശ്രീമതി.സെൽമ ആന്റണി	കൃഷി ഫീൽഡ് ഓഫീസർ	01-04-2024	13-05-2024
ശ്രീമതി.പ്രീത റ്റി.വി	കൃഷി ഫീൽഡ് ഓഫീസർ	14-05-2024	28-05-2024
ശ്രീമതി.സെൽമ ആന്റണി	കൃഷി ഫീൽഡ് ഓഫീസർ	29-05-2024	31-03-2025
ശ്രീ.ഹബീബ് എം	ഹെൽത്ത് സൂപ്പർവൈസർ	01-04-2024	31-08-2024
ശ്രീ.സാജു മാർട്ടിൻ	ഹെൽത്ത് സൂപ്പർവൈസർ	01-09-2024	31-03-2025
ശ്രീമതി.ഗ്രേസി ജോസഫ്	മുനിസിപ്പൽ എഞ്ചിനീയർ	01-04-2024	17-10-2024
ശ്രീമതി.ശോഭിനി റ്റി.വി	മുനിസിപ്പൽ എഞ്ചിനീയർ ഇൻ-ചാർജ്ജ്	18-10-2024	30-10-2024
ശ്രീമതി.ഗ്രേസി ജോസഫ്	മുനിസിപ്പൽ എഞ്ചിനീയർ	31-10-2024	31-03-2025
ശ്രീമതി.ബിൻസ വി.കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	08-08-2024
ശ്രീമതി.ആൻസി സെബാസ്റ്റ്യൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	09-08-2024	31-03-2025
ശ്രീ.രതീഷ് രവീന്ദ്രൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	23-09-2024
ശ്രീ.വിനോദ് വി.ഡി	അസിസ്റ്റന്റ് എഞ്ചിനീയർ	24-09-2024	31-03-2025
ഡോ.രെഞ്ചു ആന്റണി	വെറ്റിനറി സർജ്ജൻ	01-04-2024	09-09-2024
ഡോ.രാജേശ്വരി ആർ	വെറ്റിനറി സർജ്ജൻ	10-09-2024	31-03-2025
ശ്രീ.ബെന്നി വി.എ	ഹെഡ് മാസ്റ്റർ, ഗവ. ബോയ്സ് ഹൈസ്കൂൾ	01-04-2024	19-04-2024
ശ്രീമതി.വസന്തകുമാരി സി	ഹെഡ് മിസ്ട്രസ്സ് , ഗവ. ബോയ്സ്	20-04-2024	18-06-2024

	ഹൈസ്കൂൾ		
ശ്രീമതി.ബീന പി.സി	ഹെഡ് മാസ്റ്റർ, ഗവ. ബോയ്സ് ഹൈസ്കൂൾ	19-06-2024	31-03-2025
ഡോ.സ്മിത.കെ.മോഹൻ	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	B17-Bank ഷെഡ്യൂളിലെ അപാകതകൾ	1-1-1
3	വിവിധ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളുടെ വിവരം	1-1-2
4	കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽകൂട്ടുന്നത്	1-1-3
5	B-5 Secured Loans ഷെഡ്യൂൾ - രജിസ്റ്ററുകൾ/രേഖകൾ ലഭ്യമല്ല	1-1-4
6	B-9 Fixed Assets ഷെഡ്യൂൾ അപാകതകൾ	1-1-5
7	ആസ്തി രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല	1-1-6
8	Capital Work In Progress ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല	1-1-7
9	ഡിമാന്റ് തുക അപാകതകൾ	1-1-8
10	ഡിപ്രീസിയേഷൻ ഷെഡ്യൂളിലെ അപാകതകൾ	1-1-9
11	ബഡ്ജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് പരിശോധന	1-8
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
19	ആഭ്യന്തര നിയന്ത്രണം	1-10
20	മടങ്ങിയ ചെക്കുകൾക്കും കെ-സ്മാർട്ട് മുഖേന പണമൊടുക്കിയതായി രസീത് നൽകുന്നു.	1-11
21	നിരസിക്കപ്പെട്ട ചെക്കിന് പണമൊടുക്കിയതായി രസീത് നൽകി നികുതി ബാധ്യത ഒഴിവാക്കി.	1-12
22	ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയില്ല.	1-13
23	IFTE & OS ലൈസൻസ് പുതുക്കിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.	1-14
24	തൊഴിൽ നികുതി-"കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി)ചട്ടങ്ങൾ" പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.	1-15

25	മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല	1-16
26	വസ്തുനികുതി കുടിശ്ശിക:₹2.25 കോടി ഈടാക്കാൻ അവശേഷിക്കുന്നു.	1-17
27	ട്രാവൻകൂർ റയോൺസ് ലിമിറ്റഡ്- നികുതി കുടിശ്ശികകൾ അവശേഷിക്കുന്നു.	1-18
28	കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് കുറവ് ഈടാക്കി.	1-19
29	കെട്ടിട വാടക-അപാകതകൾ	1-20
30	നഗരസഭയുടെ ലോറിസ്റ്റാന്റ് പേ & പാർക്കിംഗിങ്ങിൽ അനധികൃത പാർക്കിംഗ്	1-21
31	വിനോദ നികുതി അപാകതകൾ	1-22
32	റഗുലർ വിഭാഗം ജീവനക്കാരുടെ ശമ്പള ബിൽ അപാകതകൾ	1-23
33	കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള ബിൽ അപാകതകൾ	1-24
34	കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനപുസ്തകം പരിപാലനത്തിലെ അപാകതകൾ	1-25
35	കണ്ടിജന്റ് വിഭാഗം-പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിച്ച് നൽകുന്നതിൽ കാലതാമസം	1-26
36	കണ്ടിജന്റ് പെൻഷൻക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക, പെൻഷൻ റിവിഷൻ കുടിശ്ശിക അധികം അനുവദിച്ചു - തിരിച്ചടവ് വിവരം ലഭ്യമാക്കേണ്ടതാണ്.	1-27
37	പെൻഷൻ ഫണ്ട്	1-28
38	താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഉപയോഗശൂന്യമായ വസ്തുക്കളുടെ ലേലം - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.	1-29
39	ഉപയോഗശൂന്യമായ വസ്തുക്കളുടെ ലേല നടപടികളിൽ കാലതാമസം	1-30
40	മുൻകൂർ അനുവദിച്ചത് - പൊതു അപാകതകൾ	1-31
41	വാഹന പരിപാലനം - അപാകതകൾ	1-32
42	കുടിവെള്ള പൈപ്പ് ലൈൻ നീട്ടിവലിക്കൽ-ഡെപ്പോസിറ്റ് പ്രവർത്തിയുടെ ബാലൻസ് തുക ലഭ്യമായത്-സർക്കാർ ഫണ്ടിൽ അടവാക്കിയില്ല.	1-33
43	നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സർക്കാർ ഫണ്ടിലേക്ക് അടവാക്കിയില്ല	1-34
44	വൈദ്യുതി സ്ട്രീറ്റ് ലൈൻ നീട്ടൽ -പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല	1-35
45	വയോമിത്രം പദ്ധതി - വിനിയോഗരേഖകൾ	1-36

	ഹാജരാക്കിയില്ല.	
46	എസ്.എസ്.കെ. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല	1-37
47	വിവിധ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ:സ്റ്റോക്ക് രജിസ്റ്ററിന്റയും,വിതരണ രേഖകളുടെയും അഭാവത്തിൽ ചെലവ് തുക ₹30,00,000/- തടസ്സപ്പെടുത്തുന്നു.	1-38
48	സ്കൂളുകളിലേക്ക് ബെഞ്ച്,ഡസ്ക്,വാട്ടർ ടാങ്ക് എന്നിവ വാങ്ങൽ:രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹9,99,394/-തടസ്സപ്പെടുത്തുന്നു.	1-39
49	കാലിത്തീറ്റ വിതരണം-പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ	1-40
50	മൃഗാശുപത്രിലേയ്ക്ക് മരുന്ന് വാങ്ങൽ-നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല	1-41
51	ആട് വിതരണം (എസ്.സി.പി)-അംഗീകരിച്ച യൂണിറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന നിരക്കിൽ വാങ്ങി -അധികം നൽകിയ തുക അംഗീകരിക്കുന്നില്ല	1-42
52	ആട്, കോഴിക്കുഞ്ഞ്, പോത്തുകുട്ടി വിതരണം (എസ്.സി.പി)- അർഹതാ രേഖകൾ ഹാജരാക്കിയില്ല.	1-43
53	ആട് വിതരണം- ആടുകളെ ഇൻഷുർ ചെയ്ത രേഖകൾ ഹാജരാക്കിയില്ല.	1-44
54	നെൽകൃഷി വികസനം -പ്രോജക്ട് നടത്തിപ്പിലെ അപാകത സംബന്ധിച്ച്	1-45
55	കൃഷിഭവൻ വൈദ്യുതി,ഫോൺ മറ്റ് ഓഫീസ് ചെലവുകൾ -അപാകതകൾ	1-46
56	കുറ്റികുരുമുളക് തൈ വിതരണം-പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ	1-47
57	പച്ചക്കറി തൈ ചട്ടി ഗ്രോബാഗ് വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ	1-48
58	കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ: രേഖകൾ ഹാജരാക്കിയില്ല,₹4,22,659/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-49
59	ഹരിത കർമ്മ സേനയ്ക്ക് ഇ-വാഹനം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-50
60	സ്ഥാപനതല സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ - അപാകതകൾ	1-51
61	ഹെൽത്ത് വിഭാഗം പ്രോജക്ടുകൾ: രേഖകൾ അപൂർണ്ണം, ചെലവു തുക ₹79,92,695/- തടസ്സപ്പെടുത്തുന്നു.	1-52
62	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്-ടെൻഡർ നടപടിക്രമങ്ങളിൽ അപാകതകൾ	1-53

63	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ	1-54
64	അഗതിരഹിത കേരളം പദ്ധതി നടത്തിപ്പിൽ അപാകതകൾ	1-55
65	താലൂക്ക് ആശുപത്രിയിൽ കമ്പ്യൂട്ടർ പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ :ചെലവ് തുക ₹1,83,451/-തടസ്സപ്പെടുത്തുന്നു.	1-56
66	താലൂക്ക്ആശുപത്രിയിലേക്ക് ഉപകരണങ്ങൾ, വാങ്ങൽ-അപാകതകൾ	1-57
67	ഡയാലിസിസ് യൂണിറ്റ് ശാക്തീകരണം-അപാകതകൾ	1-58
68	ഹെൽത്ത് ഗ്രാന്റ്-വിനിയോഗവും ഫലപ്രാപ്തിയും	1-59
69	ഹെൽത്ത് ഗ്രാന്റ് -സ്കീം 5 ഗ്രാന്റിനത്തിൽ ലഭിച്ച സംഖ്യ നാളിതുവരെ ചെലവഴിച്ചില്ല	1-60
70	ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിലേക്ക് മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ - ചെലവു വിവരം ലഭ്യമല്ല.	1-61
71	ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ :സ്റ്റോക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല	1-62
72	വയോജനങ്ങൾക്ക് കട്ടിൽ: വാങ്ങൽ നടപടികളിലെ അപാകത	1-63
73	തെരുവ് വിളക്കുകൾ എൽഇ.ഡി ആക്കലും അവയുടെ പരിപാലനവും- പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-64
74	ഓഡിറ്റ് ഇംപാക്ട്- ആയുർവ്വേദ ആശുപത്രിയിലെ മരാമത്ത് പ്രവൃത്തികൾ -നഷ്ട തുക ₹7,790/-അടവാക്കി	1-65
75	മുനിസിപ്പൽ ഓഫീസ് നവീകരണം-10 വർഷത്തിനു ശേഷം ബാലൻസ് തുക നല്കൽ; ₹9,88,023/-യുടെ ചെലവു തടസ്സപ്പെടുത്തുന്നു.	1-66
76	മരാമത്ത് പ്രവൃത്തികൾ - ഇ.എം.എസ് ടൗൺഹാൾ പെയിന്റിംഗ് അപാകത സംബന്ധിച്ച്	1-67
77	മരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയിട്ടില്ല	1-68
78	അംഗീകൃത ലൈസൻസ് ഇല്ലാത്ത കരാറുകാരന് പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് നൽകിയത് -₹8,44,390/-തടസ്സപ്പെടുത്തുന്നു	1-69
79	മരാമത്ത് പ്രവൃത്തികൾ - മലിനജലം ഓടയിലേക്ക് ഒഴുക്കിയിട്ടുള്ളത്	1-70
80	ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അറ്റകുറ്റപണികൾ	1-71
81	മരാമത്ത് പ്രവൃത്തികൾ - അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല.	1-72
82	അമൃത് 2.0 കുടിവെള്ള പദ്ധതി - അപാകതകൾ	1-73

83	വികസനഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റിൽ നിന്നും ഒരു ശതമാനം നോമിനൽ കട്ട് വരുത്തിയിട്ടുള്ളത്	1-74
84	ലൈബ്രറി സെസ്സ് അടവാക്കാത്തത്	1-75
85	കെ-സ്മാർട്ട് - ഓഡിറ്റർ ലോഗിനിലെ പരിമിതികൾ.	1-76
ഭാഗം 2		
1	കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് കുറവ് ഈടാക്കി- ₹21,745/-വരവ് നഷ്ടം	2-1
ഭാഗം 3		
1	കണ്ടിജന്റ് ജീവനക്കാരിക്ക് അധികം ശമ്പളം അനുവദിച്ചു.	3-1
2	ആട് വിതരണം (എസ്.സി.പി)-അംഗീകരിച്ച യൂണിറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന നിരക്കിൽ വാങ്ങി -അധികം നൽകിയ തുക അംഗീകരിക്കുന്നില്ല	3-2
ഭാഗം 4		
1	മെഡിസെപ് -അവലോകനം	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പാ/വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Income And Expenditure	
4	Receipt & Payment	
5	Balance Sheet	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

എ) പെരുമ്പാവൂർ നഗരസഭയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 29.11.2025 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 30.11.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുള്ളത് അപാകത പരിഹരിച്ച് 29.01.2026 -ന പുനസമർപ്പണം ചെയ്തിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295 (4) പ്രകാരവും, 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽഫണ്ട് ഓഡിറ്റ് റൂൾ 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്യൽ അദ്ധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര / സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റ് പരിശോധന വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

(ബി)സി&എജിഓഫ്ഇന്ത്യ, പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

(സി)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുമ്പാവൂർ നഗരസഭയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025-ലെ സാമ്പത്തിക നിലയുടേയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സ്ഥലം : പെരുമ്പാവൂർ

തീയതി: 26.03.2026

1-1-1 B17-Bank ഷെഡ്യൂളിലെ അപാകതകൾ

(1) ബാലൻസ് ഷീറ്റിലെ B17-Bank ഷെഡ്യൂളിലെ അപാകതകൾ :-

(A) 4502101- ഹെഡ്ഡിലെ തനത് ഫണ്ട് അക്കൗണ്ടായ ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 10030100719967) കെ-സ്മാർട്ടിൽ നിന്നും ലഭ്യമായിട്ടുള്ള 31.03.2025- ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Closing Stock As Per Bank Book തുക ₹3,80,80,425/- -യും Closing Stock As Per Pass Book തുക ₹3,86,09,645/- ആണ്. സ്റ്റേറ്റ്മെന്റിൽ 'Cheque Issued But Not Presented Into Bank', Directly Credited By Bank (Freeze) എന്നിവ പ്രകാരം ആകെ ₹41,27,281/- -യുടെയും Cheque Deposited But Not Collected, Directly Debited By Bank (Freeze), Cheque Deposited But Not Collected (Old) എന്നിവ പ്രകാരം ആകെ ₹35,98,061/- യുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പണമാകാതെ അവശേഷിക്കുന്ന പ്രസ്തുത തുകകൾ ഏതൊക്കെ ചെക്കുകകൾ പ്രകാരമുള്ളതാണ് എന്നതിന്റെ വിവരം റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ നിന്നും ലഭ്യമല്ല. പണമാകാതെ അവശേഷിക്കുന്ന പ്രസ്തുത ചെക്കുകകളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

(B) പ്രസ്തുത ഷെഡ്യൂളിലെ 4502201-ഹെഡ്ഡിലെ LGTSB GP FUND ട്രഷറി അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 799013000001206) 31.03.2025-ലെ ബാങ്ക് ബുക്ക് ബാലൻസ് തുക ₹(-)4,645/- ആണ്. പാസ്സ് ബുക്ക് ബാലൻസ് തുക പൂജ്യവുമാണ്. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് ബാലൻസ് തുക നെഗറ്റീവ് ആകുവാൻ പാടില്ലാത്തതാണ്.

കെ-സ്മാർട്ടിൽ 4502201- ട്രഷറി അക്കൗണ്ടിന്റെ ലഡ്ജർ ലഭ്യമാണെങ്കിലും ഷെഡ്യൂളിലെ ഓരോ വ്യത്യസ്ത ട്രഷറി അക്കൗണ്ടുകളുടെയും ലെഡ്ജർ ലഭ്യമല്ല. ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല.

(C) ഷെഡ്യൂളിലെ താഴെ കൊടുത്തിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാങ്ക് പാസ്സ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഹെഡ്ഡ്	അക്കൗണ്ട്	ബാലൻസ് തുക (₹)
1	4502101	FDRL MP FUND - 10030200039050	0
2	4502201	Treasury – 1207 - 799010100281052	8,997

(D) അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്ത്യൻ ബാങ്ക്, പെരുമ്പാവൂർ ശാഖയിൽ നിലവിൽ മൂന്ന് അക്കൗണ്ടുകൾ നിലവിലുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	അക്കൗണ്ട് നമ്പർ	അക്കൗണ്ട് ആരംഭിച്ച തീയതി
1	7120135599 -Secretary Perumbavoor Municipality Amrut 2.0	23.11.2021
2	7280188682- Secretary Perumbavoor Municipality Amrut 2.0-50%	29.08.2022
3	7285388847- Secretary Perumbavoor Municipality Amrut 2.0-50% Holdin	05.09.2023

പ്രസ്തുത മൂന്ന് ബാങ്ക് അക്കൗണ്ടുകളും 2023-24 സാമ്പത്തിക വർഷത്തെ റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP-40(b)-Bank ഷെഡ്യൂളിൽ ഉൾപ്പെട്ടില്ല എന്ന അപാകത സംബന്ധിച്ച വിവരം 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-81(2)-ൽ ഉൾപ്പെടുത്തിയിരുന്നു. ഇതുപ്രകാരം നം.7120135599, നം.7280188682 എന്നീ ബാങ്ക് അക്കൗണ്ടുകൾ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാങ്ക് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ നം.7285388847 അക്കൗണ്ട് ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളും നിർബന്ധമായും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. നം. 7285388847 ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല, ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(E) ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്കുകളുടെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും

തയ്യാറാക്കുന്നില്ല.

1-1-2 വിവിധ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളുടെ വിവരം

വിവിധ ഫണ്ടുകളുടെ ചെലവുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) പ്രകാരം പരിശോധിച്ചത് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

(A) 4502101-ഹെഡ്ഡിലെ ഫെഡറൽ ബാങ്ക് സി.എഫ്.സി അക്കൗണ്ടിൽ നിന്നും 13.05.2024 -ൽ 2520602-Health Related Programs എന്ന ഹെഡ്ഡിൽ ₹11,312/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് തുക സംബന്ധിച്ച വിവരം Central Finance Commission Grant -Tied, Central Finance Commission Grant – Untied എന്നിവ എ.സി.ആർ-ൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത ചെലവ് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

(B) വെബ് സാംഖ്യയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വിവിധ ഗഡുക്കളായി ലഭിക്കുന്ന അലോട്ട്മെന്റ് തുകകൾ എല്ലാം രേഖപ്പെടുത്തിയിട്ടില്ല. ചെലവുകൾ രേഖപ്പെടുത്തുന്നത് പ്രകാരം ബാലൻസ് തുക നെഗറ്റീവ് ആയിട്ടാണ് വന്നിട്ടുള്ളത്.

(C) കെ-സ്മാർട്ടിൽ നിന്നും ലഭിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ അലോട്ട്മെന്റ് തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലഭിച്ചിട്ടുള്ള എല്ലാ ഗഡുക്കളുടെയും തുകയുടെ രേഖപ്പെടുത്തലുകൾ വന്നിട്ടില്ല. ഇതുപ്രകാരം അലോട്ട്മെന്റായി ലഭിച്ച ആകെ തുക എത്രയാണെന്ന് ഉറപ്പാക്കാൻ സാധിക്കുകയില്ല. കൂടാതെ ചെലവ് സംബന്ധിച്ച വിവരം ഒന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല.

(D) ചെലവ് പത്രികയിലെയും എ.സി.ആറിലെയും വിവിധ ഫണ്ടുകളുടെ ആകെ ചെലവു തുക രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വ്യത്യാസം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	എ.സി.ആർ പ്രകാരം ചെലവ് തുക	ചെലവ് പത്രിക പ്രകാരം ചെലവ് തുക	വ്യത്യാസം
വികസനഫണ്ട് പൊതുവിഭാഗം	1,74,08,505	1,90,99,705	16,91,200
സംരക്ഷണഗ്രാന്റ് നോൺറോഡ്	4,48,89,567	4,20,16,004	28,73,563

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
അലോട്ട്മെന്റായി ലഭിക്കുന്ന തുകകൾ കൃത്യമായി വരവ് രേഖപ്പെടുത്തേണ്ടതും ഇതിൽ നിന്നും അതാത് ഫണ്ടുകൾക്കനുസരിച്ച് പ്രോജക്ടുകളുടെ ചെലവുകൾ രേഖപ്പെടുത്തേണ്ടതും ഇതുപ്രകാരം ACR -ൽ ഫണ്ടുകളുടെ ബാലൻസ് തുകകൾ കൃത്യമായി വരുന്നുണ്ട് എന്ന് അക്കൗണ്ടന്റ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

1-1-3 കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക മുതൽക്കൂട്ടുന്നത്

2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ B7-Deposits Received എന്ന ഷെഡ്യൂളിൽ 340800100-Deposit Received From Others എന്ന ഹെഡ്ഡിലെ വിവരങ്ങൾ 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ 3408001-Deposit Received From Halls, Stadium And Auditoriums എന്ന ഹെഡ്ഡിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ള 3,52,29,808/- രൂപയുടെ ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തെ 3408001-Deposit Received From Halls, Stadium And Auditoriums എന്ന ഹെഡ്ഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ ഓഡിറ്റോറിയം, ഹാൾ, ഗസ്റ്റ് ഹൗസ് എന്നിവ വാടകക്ക് നൽകുന്നതിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ തുകകളാണ് ഉൾപ്പെട്ടിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 282 (1) പ്രകാരം 3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക മുതൽക്കൂട്ടേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഹെഡ്ഡിൽ മുൻ വർഷങ്ങളിൽ ഉൾപ്പെടെ ലഭിച്ചിട്ടുള്ള തുകയിൽ 3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തുകയെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ/അനുബന്ധ രേഖകൾ കാലികമാക്കി (Upto Date) സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി 23.02.2026-ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 95-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഹെഡ്ഡിൽ 3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ തനത് ഫണ്ടിലേക്ക മുതൽക്കൂട്ടേണ്ടതാണ്.

1-1-4 B-5 Secured Loans ഷെഡ്യൂൾ - രജിസ്റ്ററുകൾ/രേഖകൾ ലഭ്യമല്ല

ബാലൻസ് ഷീറ്റിലെ B-5 Secured Loans ഷെഡ്യൂളിലെ 3305004 Loan From K.U.R.D.F.C Loan-ന്റെ രജിസ്റ്റർ/സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട് എന്നാൽ Loans From HUDCO, 3302003 Loans Under National Slum Development Project എന്നീ ഹെഡ്ഡുകളിലെ ലോണിന്റെ ബാലൻസ് തുകയെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ/രേഖകൾ ലഭ്യമല്ല.

1-1-5 B-9 Fixed Assets ഷെഡ്യൂൾ അപാകതകൾ

വിവിധ ആസ്തി രൂപീകരണ പ്രവൃത്തികൾക്കായി വിവിധ ഇനങ്ങളിൽ തുകകൾ ചെലവഴിച്ചിട്ടെങ്കിലും ബന്ധപ്പെട്ട ആസ്തി ഹെഡ്ഡുകളിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക ആസ്തി ഹെഡ്ഡിൽ ഉൾപ്പെടാതെ പോയിട്ടുണ്ട്. ആസ്തി ഹെഡ്ഡുകളിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം തെറ്റായി ചെലവു ഹെഡ്ഡുകളിൽ ചെലവ് രേഖപ്പെടുത്തുന്നതാണ് ഇത്തരത്തിലുള്ള അപാകതകൾക്ക് കാരണമാകുന്നത്. ഉദാഹരണത്തിനായി ഇതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	ചെലവ് ഇനം/ ചെലവ് തുക/ തീയതി	ചെലവ് രേഖപ്പെടുത്തിയ ഹെഡ്ഡ്	ആസ്തി രൂപീകരണത്തിന്ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ഹെഡ്ഡ്
1	159/25-അങ്കണവാടികൾക്ക് ഫാൻ ലഭ്യമാക്കൽ	ഫാൻ വാങ്ങിയത് ₹31,720/-, 13.05.2024	2521102-Anganwadi Related Services	4107001-Furniture, Fixtures, Fittings & Electrical Appliances
2	7/25 –അങ്കണവാടികൾക്ക് മിക്സി വാങ്ങൽ	മിക്സി വാങ്ങിയത് ₹81,073/-, 19.02.2025	2521102-Anganwadi Related Services	4107001-Furniture, Fixtures, Fittings & Electrical Appliances
3	243/25-ആയുർവ്വേദ ആശുപത്രി പൂർത്തീകരണ വേലകൾ	കെട്ടിട നിർമ്മാണം ₹4,70,576/-, 14.10.2024 & ₹8,24,205/-, 24.03.2025	2530302-Public Buildings-Other Buildings	41020116-Other Buildings
4	62/25-താലൂക്ക് ആശുപത്രിയിൽ	മെഡിസിൻ എക്യുപ്മെന്റ്	25220602-Health	4107001-Furniture, Fixtures, Fittings &

	മരുന്ന്, ഉപകരണങ്ങൾ, ലാബിനങ്ങൾ ഫർണ്ണീച്ചർ മുതലായവ വാങ്ങൽ	വാങ്ങിയത് ₹87,800/- 15.01.2025	Related Programmes	Electrical Appliances
5	172/25-താലൂക്ക് ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ	കമ്പ്യൂട്ടർ വാങ്ങിയത് ₹1,83,450/- 19.02.2025	25220602- Health Related Programmes	4106002-Computer, Printers & Periperals
6	262/2025 – റോഡിതര ഫണ്ട്-അടിയന്തിര നിർവ്വഹണം- ആയുർവ്വേദ ആശുപത്രി	അലുമിനിയം ഷീറ്റ് റൂഫിംഗ് ₹5,55,558/- 06.03.2025	2530302- Public Buildings- Other Buildings	4103099-Other Constructions

ചെലവുകൾ രേഖപ്പെടുത്തുന്നത് ശരിയായ ഹെഡ്ഡുകളിൽ തന്നെയാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

1-1-6 ആസ്തി രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

ഹെൽത്ത് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നം. 189/2025- ഹരിത കർമ്മ സേനക്ക് ഇ-വെഹിക്കിൾ വാങ്ങൽ പദ്ധതി (വികസന ഫണ്ട്-സി.എഫ്.സി) പ്രകാരം ₹10,71,500/- യും, നഗരസഭ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് നം.425/25-മുനിസിപ്പൽ സെക്രട്ടറിക്ക് പുതിയ വാഹനം വാങ്ങൽ പദ്ധതി (വികസന ഫണ്ട്-ജനറൽ) പ്രകാരം ₹9,93,348/- യും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ വാങ്ങിയതിന്റെ തുകകൾ ബാലൻസ് ഷീറ്റിൽ B-9 Fixed Assets ഷെഡ്യൂളിൽ 4105001-Vehicles ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൻവർഷം നഗരസഭ വാങ്ങിയിട്ടുള്ള 2 വാഹനങ്ങൾ മൂവബിൾ അസറ്റ്സ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനും കൂടാതെ B-9 Fixed Assets ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് എല്ലാ ആസ്തികളുടെയും ആസ്തി രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടുള്ളതിന്റെ വിവരവും ലഭ്യമാക്കുന്നതിനും 23.02.2026-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.95-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആസ്തികൾ സംബന്ധിച്ച വിവരം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. നഗരസഭയുടെ ആസ്തി വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയറിൽ കാലികമാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-1-7 Capital Work In Progress ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല

നിർമ്മാണത്തിലിരിക്കുന്ന ആസ്തി രൂപീകരണ പ്രവൃത്തികളുടെ പാർട്ട് ബിൽ ചെലവുകൾ 4120101-Capital Work In Progress ഹെഡ്ഡുകളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കിയിട്ടുള്ള നിർമ്മാണത്തിലിരിക്കുന്ന ആസ്തി രൂപീകരണ പ്രവൃത്തികളുടെ പാർട്ട് ബിൽ ചെലവുകളുടെ തുകകൾ Capital Work In Progress ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിനായി ഇതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	ചെലവഴിച്ച തുക/ ബിൽ നം./ തീയതി	ഫണ്ട്
1	269/25-ഗവൺമെന്റ് എൽ.പി സ്കൂൾ കാഞ്ഞിരക്കാട്-കുട്ടികളുടെ പാർക്ക് നവീകരണം, റൂഫിംഗ്	ആകെ തുക- 9,25,690/- (4,97,391/-, No. 241207470928008458 66, 30.10.2024 & 4,28,299/-, No. 241207470928015060 83, 12.03.2025)	സംരക്ഷണഗ്രാന്റ് നോൺറോഡ്

2	243/25- ആയുർവ്വേദ ആശുപത്രി വനിത വാർഡ് പൂർത്തീകരണ വേലകൾ	ആകെ തുക – 12,94,781/- (4,70,576/-, No. 24120747092800777190, 14.10.2024 & 8,24,205/-, No.24120747092801677634, 24.03.2025)	വികസനഫണ്ട് പൊതുവിഭാഗം

1-1-8 ഡിമാന്റ് തുക അപാകതകൾ

(എ) കെ-സ്മാർട്ടിൽ നിന്നുള്ള വസ്തു നികുതിയുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ് തുക ₹5,32,42,617/- യാണ് എന്നാൽ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂളിലെ 1100101-ഹെഡ്ഡിലെ Property Tax (General) തുക ₹4,95,67,556/- യാണ്. വസ്തു നികുതിയുടെ ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ലാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 23.02.2026-ന് നൽകിയ ഓഡിറ്റ് എൻക്വറി നം. 95-ന് 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന സമയത്ത് കെ-സ്മാർട്ടിൽ വസ്തുനികുതിയുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് ലഭ്യമല്ലാത്തതിനാലാണ് ഡിമാന്റ് തുകയിൽ വ്യത്യാസം വന്നിട്ടുള്ളത് എന്ന മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

(ബി) ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂളിലെ വാടക, License Fees For IFTEOS, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് തുക സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഇനങ്ങളുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് കെ-സ്മാർട്ടിൽ നിന്നും ലഭ്യമല്ല.

1-1-9 ഡിപ്രീസിയേഷൻ ഷെഡ്യൂളിലെ അപാകതകൾ

ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂളിലെ I-18 Depreciation ഷെഡ്യൂളിലെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളതിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുകയുടെ ആധികാര്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. കെ-സ്മാർട്ടിൽ നിശ്ചിത നിരക്കുകളിൽ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമല്ല.

1-2 ബഡ്ജറ്റ്

നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കു വിധേയമായും പ്രാദേശിക സർക്കാർ തങ്ങളുടെ പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന വരവ് ചെലവുകളുടെ എസ്റ്റിമേറ്റാണ് ബഡ്ജറ്റ്. നഗരസഭയുടെ 2024-25 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 09.02.2024 -ൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ 1-ാം നമ്പർ തീരുമാന പ്രകാരവും 2024-25 -ലെ പുതുക്കിയ ബഡ്ജറ്റ് 29.03.2025 -ൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 286 പ്രകാരം സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും പ്രസ്തുത നിർദ്ദേശങ്ങളെയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി മുനിസിപ്പാലിറ്റിയുടെ വരവ് ചെലവുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ എല്ലാ സ്റ്റാന്റിങ് കമ്മിറ്റികളുടെ പങ്കാളിത്തം ബഡ്ജറ്റ് രൂപീകരണത്തിൽ ഉണ്ടായിരുന്നില്ല. മുൻവർഷങ്ങളിലെ പോലെ തൻവർഷവും ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കു പ്രകാരമുള്ള വരവ് ചെലവുകളുമായി വളരെയേറെ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ-

ഇനം	വാർഷിക കണക്കുകൾ പ്രകാരം	ബഡ്ജറ്റ് (09.02.2024 തീരുമാനം 1)	ബഡ്ജറ്റ് പരിഷ്കരിച്ചത് (29.03.2025 തീരുമാനം 1)

മുന്നിരുപ്പ്	₹4,82,26,300.26	₹2,03,19,160.00	₹0.00
വരവ്	₹26,89,53,822.00	₹46,74,32,582.00	₹38,69,64,972.00
ആകെ	₹31,71,80,122.26	₹48,77,51,742.00	₹38,69,64,972.00
ചെലവ്	₹26,61,76,196.00	₹48,05,49,757.00	₹37,42,69,672.00
നീക്കിയിരുപ്പ്	₹5,10,03,926.26	₹72,01,985.00	₹1,26,95,300.00

എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റികളും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും ഓഫീസ് സെക്ഷനുകളും ബഡ്ജറ്റ് രൂപീകരണ പ്രക്രിയയിൽ പങ്കാളികളായി യഥാർത്ഥ കണക്കുകൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്കു നൽകേണ്ടതും ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-3 സാമ്പത്തിക വിശകലനം

2024-25(റസീപ്റ്റ് & പേയ് മെന്റ് പ്രകാരം)	
മുന്നിരിപ്പ്	₹4,82,26,300.26
വരവ്	₹26,89,53,822.00
ആകെ	₹31,71,80,122.26
ചെലവ്	₹26,61,76,196.00
നീക്കിയിരിപ്പ്	₹5,10,03,926.26

വാർഷിക ധനകാര്യപത്രികയിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കിൽ ഉൾപ്പെട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവു ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി ₹	അലോട്ട്മെന്റ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസനഫണ്ട് പൊതുവിഭാഗം	0	1,76,22,143	1,76,22,143	1,74,08,505	(ലാപ്സ് : 213638)
വികസനഫണ്ട് - എസ്.സി.പി.	0	1,06,00,397	1,06,00,397	66,62,583	(ലാപ്സ് : 39,37,814)
വികസനഫണ്ട് - ടി.എസ്.പി	0	0	0	0	
സംരക്ഷണഗ്രാന്റ് റോഡ്	0	1,94,42,000	1,94,42,000	1,38,90,530	(ലാപ്സ് : 55,51,470)
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	4,83,84,000	4,83,84,000	4,48,89,567	(ലാപ്സ് : 34,94,433)
ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)	1,46,35,916	92,24,236 + 5,67,847 (Bank Interest)	2,85,62,491	2,84,24,384	1,30,291 (ലാപ്സ് : 7,816)
ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)		41,34,492			
ജനറൽ പർപ്പസ് ഗ്രാന്റ്	0	5,58,86,965	5,58,86,965	5,58,86,965	0
ഹെൽത്ത് ഗ്രാന്റ്	60,45,469	23,40,767	83,86,236	48,76,077	35,10,159

അമൃത്	0	4,09,43,143	4,09,43,143	4,09,43,143	0
പി.എം.എ.വൈ	24,21,448	24,68,024	48,89,472	24,15,269	24,74,203
എൻ.യു.എൽ.എം	0	2,20,920	2,20,920	2,20,920	0
ശുചിത്വ മിഷൻ	32,083	0	32,083	0	32,083

1-5 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം %
286	20,63,78,735.00	201	11,39,92,509.00	-	85	70.27

(ബി) നഗരസഭ ₹1.92 കോടി യുടെ ഫണ്ട് പാഴാക്കി.
സുലേഖ പത്രിക പ്രകാരം നിർവഹണോദ്യോഗസ്ഥരുടെ ആകെ ചെലവു വിവരം ചുവടെ-

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25 വർഷത്തിൽ നടപ്പാക്കേണ്ട പ്രോജക്റ്റുകളുടെ വിവരം		നടപ്പാക്കിയത്(എണ്ണം) 2024-25 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം		ചെലവ് ശതമാനം %
		എണ്ണം	അടങ്കൽ തുക ₹	എണ്ണം	ചെലവ് തുക ₹	
1	മെഡിക്കൽ ഓഫീസർ (ആയുർവേദം)	3	42,00,000.00	3	42,00,000.00	100
2	മെഡിക്കൽഓഫീസർ (ഹോമിയോ)	4	12,88,656.00	3	10,88,656.00	84.47
3	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	2	13,33,332.00	0	0	0
4	കൃഷി ഫീൽഡ് ഓഫീസർ	8	33,78,734.00	8	27,28,301.00	80.74
5	സെക്രട്ടറി, മുനിസിപ്പാലിറ്റി	38	1,56,00,310.00	22	1,13,96,406.00	73.05
6	വെറ്ററിനറി സർജൻ	10	20,37,000.00	10	12,27,476.00	60.25
7	പ്രോജക്ട് ഓഫീസർ നഗര ദാരിദ്യ ലഘൂകരണ സെൽ	22	1,39,09,846.00	20	93,19,248.00	66.99
8	ഹെൽത്ത് ഓഫീസർ	38	2,60,12,547.00	23	1,23,74,088.00	47.56
9	മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ	18	2,48,95,572.00	16	1,78,98,419.00	71.89
10	ഹെഡ് മാസ്റ്റർ, ഗവൺമെന്റ് ഹൈസ്കൂൾ	8	50,34,000.00	8	50,30,626.00	99.93
11	മുനിസിപ്പൽ എഞ്ചിനീയർ	8	2,73,59,708.00	5	53,93,365.00	19.71
12	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	14	59,83,160.00	14	45,71,001.00	76.39
13	അസിസ്റ്റന്റ് എഞ്ചിനീയർ	114	7,53,45,870.00	70	3,87,64,923.00	51.44
	ആകെ	286	20,63,78,735.00	201	11,39,92,509.00	47.93

തൻവർഷം 286 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും, ആകെ പൂർത്തീകരിക്കാൻ സാധിച്ചത് 201 എണ്ണം മാത്രമാണ്. അതായത് 70.27%. പൂർത്തീകരിക്കാത്ത പദ്ധതികൾ 85 എണ്ണമാണ്, അതായത് 29.72%. ഇതിൽ ഭൂരിഭാഗം പദ്ധതികളും തന്നെ മരാമത്ത് വേലകൾ ആണെന്നത് ശ്രദ്ധേയമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാന കണക്കിൽ വിലയിരുത്തിയാൽ ആകെ 13 നിർവ്വഹണ ഉദ്യോഗസ്ഥരിൽ 9 പേർ മാത്രമാണ് വകയിരുത്തിയ തുകയുടെ 50% ന മുകളിൽ പദ്ധതി തുക ചെലവഴിച്ചിരിക്കുന്നത്. നഗരസഭയ്ക്ക് ലഭിച്ച വിവിധ ഗ്രാന്റ് തുകയിൽ ₹1.92 കോടി നഗരസഭ പാഴാക്കിയിട്ടുണ്ട്. ഏറ്റെടുക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതും, ഏറ്റെടുത്ത പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കിയെന്ന് ഉറപ്പാക്കാനുള്ള ബാധ്യത ഭരണസമിതിയിലും നിക്ഷിപ്തമാണ്.

1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണ ചെലവുകൾ	19,21,488.51 (റിഡംപ്ഷൻ) 1797.51/-	82,00,000.00 പലിശ: 48.00	82,01845.51.00	6,02,696.00	
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്				75,96,422.00	
ആകെ	1797.51/-	82,00,048.00	82,01845.51.00	81,99,118.00	(ബാങ്ക് 1,845.51 ട്രഷറി 882.00)

പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ-

തൊഴിൽ കാർഡ് നൽകപ്പെട്ടവർ	പട്ടിക ജാതി വിഭാഗം	3
	പട്ടിക വർഗ്ഗത്തിൽ പെട്ടവർ	0
	മറ്റുള്ളവർ	10
	ആകെ	13
തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം		233
തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം		233
സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	പട്ടിക ജാതി	7015
	പട്ടിക വർഗ്ഗം	0
	മറ്റുള്ളവർ	10817
	ആകെ	17832
100-ദിവസം തൊഴിൽ ലഭിച്ചവർ		92
സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ		131
പൂർത്തീകരിച്ച പ്രവൃത്തികൾ		127
സാമ്പത്തിക വർഷത്തെ ആകെ വരവ്		₹82,01,845.51
സാമ്പത്തിക വർഷത്തെ ആകെ ചെലവ്		₹81,99,118.00
നീക്കിയിരിപ്പ്		₹2,727.51

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ-

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	-	-

കർഷക തൊഴിലാളി പെൻഷൻ	12,31,600/-	75
വിധവാ പെൻഷൻ	1,32,43,500/-	804
വാർദ്ധക്യകാല പെൻഷൻ	2,94,61,000/-	1879
വികലാംഗ പെൻഷൻ	36,19,900/-	224
50-വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4,16,600/-	28
വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം	90,000/-	3

1-8 ക്യാഷ് പരിശോധന

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നഗരസഭയിൽ നടത്തുന്നുണ്ട്. 31.01.2026 -ന് നടത്തിയ പരിശോധനയിൽ നീക്കിയിരിപ്പായ ₹2,07,950/-യുടെ കൃത്യത ബോധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	23.06.2016 മുതൽ 02.07.2016 വരെ	2014-15 & 2015-16	ലഭിച്ചിട്ടില്ല.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19.02.2020	2017-18 & 2018-19	20.05.2020

1-10 ആഭ്യന്തര നിയന്ത്രണം

മികവുറ്റതും ഫലപ്രദവുമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏതൊരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും അഭിവൃദ്ധിയിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. ആയതിനാൽ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന മേഖലകളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1.ബജറ്റ് എസ്റ്റിമേറ്റ്

നഗരസഭ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റികളും ഓഫീസ് സെക്ഷനുകളും വേണ്ടത്ര ഇടപെടൽ നടത്തുന്നില്ല. യഥാർത്ഥ കണക്കുകളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ വരവു ചെലവുമായി അന്തരം നില നിൽക്കുന്നു.

2.വാർഷിക ധനകാര്യ പത്രികയുടെ കൃത്യത

വാർഷിക പത്രിക തയ്യാറാക്കുന്നതിനുള്ള ആധികാരിക രേഖകളായ ഡെപ്പാസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. കൃത്യമായ രേഖകൾ അടിസ്ഥാനമാക്കി വാർഷിക ധനകാര്യ പത്രിക കൃത്യവും സൂക്ഷ്മവുമായി തയ്യാറാക്കുന്നതിലേക്ക് കാര്യക്ഷമമായ നിലപാടു കൈക്കൊള്ളേണ്ടതാണ്.

3.നഗരസഭയുടെ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയർ സംവിധാനത്തിന്റെ നിർവ്വഹണം

നഗരസഭയുടെ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയർ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതായുണ്ട്. ബഡ്ജറ്റ് പ്രൊവിഷൻ K-Smart -മുഖേന രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ബഡ്ജറ്റ് പരിധി പിന്നിടുന്ന ചെലവിനെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കുന്നതിന് സോഫ്റ്റ് വെയർ സഹായകമാകുന്നില്ല. ഈ സാഹചര്യത്തിൽ ആവർത്തന ചെലവുകളടക്കം തനതു ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ കണ്ടിജന്റ് ബില്ലുകളിൽ ബഡ്ജറ്റ് പ്രൊവിഷനും അതുവരെ ആ ഇനത്തിലുള്ള

ചെലവും രേഖപ്പെടുത്തി നിയന്ത്രിക്കുന്നതിന് സ്ഥാപനം ശ്രദ്ധിക്കാവുന്നതാണ്.

4)ഡെപ്പോസിറ്റ് തുകകൾക്ക് കൃത്യമായ രേഖകളില്ല

തൻവർഷത്തെ വാർഷിക ധനകാര്യ പത്രിക (B7 ഷെഡ്യൂൾ) പ്രകാരം ₹10 കോടിയിലധികം ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ സംബന്ധിച്ച് കൃത്യമായ രജിസ്റ്ററുകൾ/രേഖകൾ നഗരസഭ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. കാലാവധി പൂർത്തികരിച്ച ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതാണ്.

5)നികുതി പിരിവ് കാര്യക്ഷമമല്ല.

നികുതി പിരിവിനത്തിൽ ₹3 കോടിയോളം കുടിശ്ശികയായി അവശേഷിക്കുന്നത് നഗരസഭയുടെ തനതു വരുമാനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. കെട്ടിടനികുതി സംബന്ധിച്ച ഡാറ്റാ പ്യൂരിഫിക്കേൻ നടപ്പാക്കിയിട്ടില്ല. കൂടാതെ, അനധികൃത കെട്ടിടങ്ങളുടെ നികുതി ഈടാക്കലുകൾ സംബന്ധിച്ച വിവരങ്ങൾ ഡി.സി.ബി. യിൽ ഉൾപ്പെടുത്തിയിട്ടില്ല. നികുതി പിരിവുകൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

6)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്രോതസ്സുകൾ കണ്ടെത്തുന്നില്ല.

തനതു വരുമാനം തുലോം കുറവുള്ള നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചു കാണുന്നില്ല. ഇക്കാര്യത്തിൽ നൂതനമായ നടപടികൾ നടപ്പാക്കാവുന്നതാണ്. കൂടാതെ നിലവിലുള്ള തനത് വരുമാനം കുടിശ്ശിക ഇല്ലാതെ പിരിച്ചെടുക്കുന്നതിനും പ്രധാന വരുമാന മാർഗ്ഗമായ ഷോപ്പിംഗ് കോംപ്ലക്സുകൾ, ടൗൺ ഹാൾ എന്നിവ സംരക്ഷിക്കുന്നതിനും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

7)ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാവുന്നതാണ്.

നഗരസഭയ്ക്ക് തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ ആകെ 286 എണ്ണവും നടപ്പാക്കിയത് 85 എണ്ണവുമാണ്. അനുവദിച്ച ഗ്രാന്റ് തുകയിൽ 1.92 കോടിയോളം രൂപയുടെ ഫണ്ട് ലാപ്സാകുകയും ചെയ്തിട്ടുണ്ട്. ജനോപകാരമായ പദ്ധതികൾ/പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കാര്യക്ഷമമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

8)അമൃത് പദ്ധതിയിൽ പുരോഗതി കൈവരിച്ചിട്ടില്ല.

തൻവർഷം ₹4 കോടിയിലധികം ചെലവഴിച്ചിട്ടും അമൃത് കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

9)മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടരുന്നു.

മരാമത്ത് പ്രവൃത്തികൾ പ്രോജക്ടിൽ വിഭാവനം ചെയ്തതു പോലെ യഥാസമയം നടപ്പാക്കുന്നതിന് നടപടികൾ നിർദ്ദേശിക്കാവുന്നതാണ്.

10)ലൈസൻസില്ലാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

നഗരസഭ അതിർത്തിക്കുള്ളിൽ ലൈസൻസില്ലാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കർശനമായ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

11)കൗൺസിൽ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനു സ്വീകരിച്ച തുടർ നടപടികൾ നിരീക്ഷണ വിധേയമാക്കുന്നില്ല.

കൗൺസിൽ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനു സ്വീകരിച്ച തുടർ നടപടികൾ നിരീക്ഷണ വിധേയമാക്കുന്നില്ല. ആയതിനാൽ പല തീരുമാനങ്ങളും നടപടിയാകാതെ അവശേഷിക്കുന്നു.

12)ഓഡിറ്റ് എൻക്വയറികൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നില്ല.

നല്കുന്ന ഓഡിറ്റ് എൻക്വയറികൾക്ക് എല്ലാം യഥാസമയം മറുപടി നൽകുന്നതിൽ നഗരസഭ ശ്രദ്ധ കാണിക്കുന്നില്ല. 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നൽകിയ 96 അന്വേഷണകുറിപ്പുകൾ നൽകിയതിൽ 72 എണ്ണത്തിനാണ് നഗരസഭ മറുപടി നൽകിയിട്ടുള്ളത്.

13)ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയ ബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

നഗരസഭയുടെ 1997-98 മുതൽ 2023-24 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കാത്തതിനാൽ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. നിയമം/ചട്ടം

അനുശാസിക്കുന്ന വിധം യഥാസമയം പ്രഥമ മറുപടി സമർപ്പിക്കുകയും മുൻവർഷങ്ങളിലെ തീർപ്പാക്കാനുള്ള പരാമർശങ്ങൾ തീർപ്പാക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പോരായ്മകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 മടങ്ങിയ ചെക്കുകൾക്കും കെ-സ്മാർട്ട് മുഖേന പണമൊടുക്കിയതായി രസീത് നൽകുന്നു.

പണം ഒടുക്കുന്നതിനു നഗരസഭയിൽ ചെക്ക് സമർപ്പിക്കുമ്പോൾ തന്നെ കെ-സ്മാർട്ട് മുഖേന പണം സ്വീകരിച്ചതായി രസീത് നൽകുന്നുണ്ട്. എന്നാൽ പ്രസ്തുത ചെക്കുകൾ ഏതെങ്കിലും കാരണത്താൽ എൻക്യാഷ് ചെയ്യപ്പെടാതെ ബാങ്കിൽ നിന്നും മടങ്ങുന്ന സാഹചര്യത്തിൽ പണമടച്ചവർക്ക് നൽകിയ രസീത് ക്യാൻസൽ ചെയ്യുന്നതിനോ മാറ്റം വരുത്തുന്നതിനോ കെ-സ്മാർട്ടിൽ സംവിധാനമില്ല. രസീത് ലഭിച്ചവർക്ക് പ്രസ്തുത രസീതുകൾ എപ്പോൾ വേണമെങ്കിലും കെ-സ്മാർട്ടിൽ നിന്നും ലഭ്യമാകുന്നതും രസീതുകൾ ഉപയോഗിച്ച് ലൈസൻസ് ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാനും സാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. മാത്രമല്ല നിരസിക്കപ്പെട്ട തുക വീണ്ടും പണമടച്ച വ്യക്തിയുടെ കുടിശ്ശികയായി ഉൾപ്പെടുത്താത്ത സന്ദർഭങ്ങളും പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്. മേൽ വിഷയം IKM ന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും അടിയന്തരമായി പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-12 നിരസിക്കപ്പെട്ട ചെക്കിന് പണമൊടുക്കിയതായി രസീത് നൽകി നികുതി ബാധ്യത ഒഴിവാക്കി.

നഗരസഭയുടെ തനത് വരവുകൾ ക്രെഡിറ്റ് ചെയ്യുന്ന ഫെഡറൽ ബാങ്ക് അകൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 03.10.2025 തീയതിയിൽ 000215 ചെക്ക് നമ്പർ പ്രകാരം ₹1,55,295/- ക്രെഡിറ്റ് ചെയ്യുകയും അന്നേദിവസം തന്നെ ചെക്ക് എൻക്യാഷ് ചെയ്യാതെ മടങ്ങിയിട്ടുള്ളതായും കണ്ടിട്ടുള്ളതാണ്. എന്നാൽ ടി തുകക്ക് കെ-സ്മാർട്ട് മുഖേന രസീത് നൽകിയിട്ടുണ്ട്. രസീത് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	രസീത് നം	രസീത് കൈപ്പറ്റിയ വ്യക്തി	ഇനം	കാലയളവ്	കെട്ടിട നം	തുക (₹)
1	R-M070700-25013159	Rani Paul	കെട്ടിട നികുതി	2025-26 First Half	20/1115 B (UA)	1,15,042.00
2	R-M070700-25013160	Paulose EJ	കെട്ടിട നികുതി	2025-26 First Half	20/1115	38,364.00
3	R-M070700-25013161	Paulose EJ	കെട്ടിട നികുതി	2025-26 First Half	20/1115 A	1,889.00
	ആകെ					1,55,295.00

000215 നമ്പർ ചെക്ക് എൻക്യാഷ് ചെയ്യാതെ റിജെക്ട് ചെയ്തിട്ടും മേൽ രസീതുകൾ കെസ്മാർട്ടിൽ ക്യാൻസൽ ചെയ്യപ്പെട്ടിട്ടില്ല. മാത്രമല്ല പ്രസ്തുത കെട്ടിടങ്ങളുടെ ഫാറം 9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ 2025-26 ആദ്യ പകുതിയുടെ വസ്തുനികുതി കുടിശ്ശികയായി കാണിച്ചിട്ടുമില്ല. നിലവിൽ 2025-26 രണ്ടാം പകുതിയുടെ വസ്തുനികുതി മാത്രമാണ് കുടിശ്ശികയായി കാണിച്ചിട്ടുള്ളത്.

നിരസിക്കപ്പെട്ട ചെക്കിന്മേൽ നൽകിയ രസീതുകൾ നാളിതുവരെ ക്യാൻസൽ ചെയ്യാതിരുന്നതിനും, പ്രസ്തുത തുക വസ്തു നികുതി ഡിമാന്റ് കുടിശ്ശികയായി ഉൾപ്പെടുത്താതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 91 തിയതി 18.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ വിഷയം IKM ന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും അടിയന്തരമായി പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-13 ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയില്ല.

2024-25 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ആകെ ₹95,78,967/- (Shedule I1-Code 1101001) പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ലഡ്ജർ പരിശോധിച്ചതിൽ തൊഴിൽ നികുതി രജിസ്റ്ററിൽ ലിസ്റ്റ് ചെയ്തിട്ടുള്ള ചില സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ് നം	കെട്ടിട നം	ഉടമയുടെ സ്ഥാപനത്തിന്റെ പേര്	ഈടാക്കാനുള്ള കാലയളവ്
1	1	146	APK Timbers	2nd
2	1	221	Branch Manager,Head Post Office	1st, 2nd
3	1	224	Perumbavoor Service Co-Operative Society	1st,
4	1		Kings Bakery	1st, 2nd
5	2	1,2,3	Sai Service Station	2nd
6	2	52	Royal Bakery	1st, 2nd
7	2	53 A2	Fortune Home Shoppe	1st, 2nd
8	2	137	K.O JOY, HP Petrol Pump	1st,
9	2	160 163	M A M Timbers	1st, 2nd
10	2	164 A1	Nastech Trading CO	1st, 2nd
11	2	269	Hightech Auto Mobiles	1st, 2nd
12	2	331 A	Disa Motors	1st, 2nd
13	3	1 C,D,E	Geroge Paul, Sleep Masters	1st, 2nd
14	3	1 G	Kinza Doors And Windows	2nd
15	3	15	Mater Tech Samsung Service Centre	1st, 2nd
16	3	221 A	Sasi K, Hotel Uduppi	1st, 2nd
17	3	331 A	Resmi N, Admerit	1st, 2nd
18	4	58 ABC	Omega Trading Corporation	2nd
19	6	169,	Roshmi, Ellora Picture Product	1st,
20	7	94 A	Sree Uduppi Bhavan	1st, 2nd
21	7	94 B2-B6	KFC Restaurant	1st,
22	7	291	Officer, Ayyappa Temple Dvaswom Board	1st, 2nd
23	7	410	Manager, UAE Exchange	1st, 2nd
24	7	459, 463 434	Sastha Electricals	1st, 2nd
25	7	484	JJ Dental Clinic	1st, 2nd
26	7	484 B	Skyrah Naturals	1st, 2nd
27	7	491	DBS BANK	2nd
28	7	601	VK Sajeev, Designer Tex	2nd

29	8	88	Assent Holidays	1st, 2nd
30	8	119	Naveen Computerized Lab	1st, 2nd
31	8	138	Babus Dental Care And Clinic	2nd
32	8	216	Alpha Glass And Plywood	1st, 2nd
33	8	268-272	Seemas Wholesale	1st, 2nd
34	8	245	PT Gopakumar, United Engineers	1st, 2nd
35	8	486	Cochin Coir Form	2nd
36	10	250	Principal, Pragathy Academy	1st, 2nd
37	14	214D	BUSYBEES Logistics Pvt Ltd	1st, 2nd
38	15	821 A2	Triveni Supermarket	1st, 2nd
39	17	214	Mary Mathai, Cellar Industries	1st, 2nd
40	19	431	Hotel Highway Palace	1st, 2nd
41	19	424	Isra Health Care	1st, 2nd
42	20	412-429	Grand Fresh Super Market	1st, 2nd
43	20	558	Jithin Raj, Bata Shoe India	1st, 2nd
44	21	2366	Fathima Eye Care Hospital	1st,
45	21	564	Lekshmi Timbers Traders	1st, 2nd
46	21	536	Dileep, Kitchen Mart	1st, 2nd
47	21	836	Seemas Wedding Collections	1st, 2nd
48	21	1437	Mangalya Silks And Sarees	1st, 2nd
49	22	185	National Motors	1st, 2nd
50	22	444 445	Allen Solly	1st, 2nd
51	22	446 447	Moideen Kunj, U K Stores	1st, 2nd
52	22	573A,A2	Flora Residency	1st, 2nd
53	22	662 663	Saira Gift House	1st, 2nd
54	25	187 B	HRD Labs	1st, 2nd
55	27	260	Bilal Timbers	1st, 2nd

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 66 തിയതി 02.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സൂചിപ്പിച്ച കാലയളവിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 IFTE & OS ലൈസൻസ് പുതുക്കിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

2024-25 സാമ്പത്തിക വർഷത്തിൽ IFTE & OS ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ, 2024-25 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയുടെ സ്ഥാപന തൊഴിൽ നികുതി കണക്കാക്കുന്നതിനായി അതാത് വാർഡുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്	ഡോർ/ കെട്ടിട നം	ഉടമയുടെ വിലാസം	യൂണിറ്റ്
1	1	215	FRANCIS K C, KEENANCHERY	FRANCIS STORES
2	1	322	ABOOBACKER K S	M/S WOOD LANCE VENEERS
3	1	330	RAIGAN GEORGE	MERLINK INTERNATIONAL
4	1	265	Joseph M Kadambukattil	Treesas Food Crafts Pvt LTD
5	3	205	KHALID C P	CHIRAPPULLY CEMENT WORK
6	3	81	MEERAPILLA C A	RAMSIYA FLOWER MILL
7	3	357/A	Shabeer V H	Master India Agencies
8	4	62/A	BEEMA MUNDATHAN BASHEER	SODAKA COOLBAR AND COFFEE SHOP
9	5	42	SREEKUMAR	KUMAR BAKERS BORMA
10	7	1054, 1055	SUBRAHMANIAN V V	RAJASREE & CO.
11	7	910/E	Geemon Paul	Regal Enterprises
12	7	225	SHABEER V H	PAKKAI TRADERS
13	7	136, 1137	E K K MUHAMMED	E K K INFRASTRUCTURE LTD
14	7	1102	Jeny Joby	Vismaya Boutique And Tailoring Shop
15	7	910/ A2	Siyad Rahman T U	Sealine Overseas
16	7	634	NOORUDHEEN I	M B NYLONS
17	7	633	Siby Varghese	Selection Fancy Centre
18	7	942,	NISHAD M A	BISMI BANANA

		952, 953, 957		CENTER
19	7	627	RASHEED N K	ZAINA BAKERS(BORMA)
20	10	7/A	SARALA CHANDRAN	G S K TRADERS
21	13	62, 54	JIBI THOMAS	ARYA BHANGY MOTORS
22	15	60/C	RAJU K N	TRIPTHI PAPPADAM
23	15	174/C	SHIYAS P S	BEST ENTERPRISES
24	17	350/C	LINY REJI	CRESCENT POLYMERS
25	17	480	Varghese Thomas	SK GAS AGENCY
26	17	350/B	SUYANA S	COCHIN GAS CARE
27	18	187/A	Lissy Saju	Pookkunnel Furniture
28	18	207/A	DIPU NOORMAHAL SALIM	HAYAH TRADING COMPANY
29	18	74	GEEETHA ANILKUMAR	KUMAR ENTERPRISES
30	18	173, 174	LALLY MATHEW	SHELTER PAINTS
31	18	182	Sivasankaran Nair	Aiswarya Hotel
32	18	187/C	Yaduraj M R	Maniyampuram Paints
33	18	187/B	VINOD K M	WHEEL DEALS
34	19	275	N K Reji	Cheruparambil Stores
35	19	319/B	Lubinshad M N	Mundackal Medicals
36	20	1410	MADHU G	PAPER PLANET
37	20	1351	Jani P E	Century Automobiles
38	20	536	Rajeev Krishnan	Last Chance
39	20	616	SETHURAJ T D	EASTWUDS
40	20	760	M B Venu	Baboos Electricals
41	20	156	Gireeshkumar E V	Speed Auto Spares
42	24	56	Faizal T P	Amina Industries

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 65 തിയതി

22.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിന്റെ ഒന്ന്/രണ്ട് അർദ്ധ വർഷങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി-"കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി)ചട്ടങ്ങൾ" പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലും, രേഖകൾ സൂക്ഷിക്കുന്നതിലും കേരള മുനിസിപ്പാലിറ്റി നിയമം, കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടികൾ പൂർണ്ണമായും സ്വീകരിക്കുന്നില്ല. 2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിലെ തുക വിവരം താഴെ നൽകുന്നു.

ഇനം	ഡിമാന്റ് (₹)	കളക്ഷൻ (₹)	ബാലൻസ് (₹)
Profession Tax (Employees)	95,78,967/- (Shedule I1 Code 1101001)	95,78,967/- (Shedule I1 Code 1101001)	0
Profession Tax (Institutions, Traders)	38,22,580/- (Shedule I 1 Code 1101001)	31,94,064/- (Shedule R15 Code 4311901)	6,31,366/- (Shedule B14 Code 4311901)
Profession Tax (Arrear)	24,99,862/-	7,56,948/- (Shedule R15 Code 4311902)	17,42,914/- (Shedule B14 Code 311902)

തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് വിവരങ്ങൾ അതത് പേജുകളിൽ വരവ് വെയ്ക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി വിവരങ്ങൾ രേഖപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ ചട്ടത്തിലെ നിർദ്ദേശത്തിനനുസരിച്ച് ഓരോ സ്ഥാപനത്തിനും ഓരോ പേജ് അനുവദിച്ചല്ല എഴുതി സൂക്ഷിച്ചിട്ടുള്ളത്. നികുതി ഒടുക്കിയ ജീവനക്കാരുടെ വിവരങ്ങളോ ഒടുക്കിയ തുകയുടെ വ്യക്തമായ വിവരങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പല സ്ഥാപനങ്ങളുടെയും നികുതി ഒടുക്ക് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

2. വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ ഡിമാന്റ്, വരവ് എന്നിവ ഉണ്ട്. എന്നാൽ തൊഴിൽ നികുതി അരിയർ ഡിമാന്റ് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിലെ വരവ്, നീക്കിയിരുപ്പ് എന്നിവയുടെ നിജസ്ഥിതി ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

3. 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 5,6,8,9 എന്നിവ പ്രകാരം തൊഴിൽ നികുതി സംബന്ധിച്ച് ഫോറം I, II, V, VI എന്നിവ പ്രകാരം നോട്ടീസ് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങൾ പ്രകാരം നോട്ടീസ് നൽകിയ സ്ഥാപനങ്ങളുടെ/വ്യക്തികളുടെ വിവരം, നോട്ടീസ് നൽകിയ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. നിശ്ചിത ഇടവേളകളിൽ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഇനത്തിൽ ₹6,31,366/- ഇനിയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ഡിമാൻഡ്/കളക്ഷൻ തുകകളുടെ സംക്ഷിപ്തം പരിശോധനക്ക് ലഭ്യമായിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

5. നിലവിൽ കെ-സ്മാർട്ടിൽ തൊഴിൽ നികുതിക്കായി പ്രത്യേകം മൊഡ്യൂൾ നൽകിയിട്ടില്ല. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡി.സി.ബി. പത്രികയോ മറ്റു വിവരങ്ങളോ കെ സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട തുകകൾ കെ-സ്മാർട്ടിൽ

വെരിഫൈ ചെയ്യാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 67 തിയതി 02.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല

വസ്തു നികുതിയുടെ ഡി.സി.ബി പത്രികയുടെ അടിസ്ഥാനത്തിൽ നഗരസഭ പരിധിയിൽ പ്രവർത്തിച്ചുവരുന്ന 7 മൊബൈൽ ടവറുകളിൽ നിന്നായി വസ്തു നികുതി ഇനത്തിൽ ₹5,78,537/- ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നം	ഡോർ നം	ഉടമയുടെ പേര്, വിലാസം	വസ്തു നികുതി അടവാക്കാൻ അവശേഷിക്കുന്ന വർഷങ്ങൾ	തൻ വർഷം ഈടാക്കിയ തുക (₹)	ബാക്കിയുള്ള ആകെ കുടിശ്ശിക (₹)
1	21/630	The Manager, TATA Tele Service Ltd.	2013-14 മുതൽ 2024-25 വരെ	0	1,74,774/-
2	21/572	M/S Reliance Infocom Ltd	2013-14 മുതൽ 2024-25 വരെ	0	1,52,724/-
3	19/490/B	M/S India Telecom Infea Ltd	2023-24 മുതൽ 2024-25 വരെ	0	55,552/-
4	8/209/A	ATC Telecom Infrastructure Pvt Ltd	2017-18 മുതൽ 2024-25 വരെ	0	1,02,204/-
5	13/144	Divisional Engineer Office,(BSSII)	2013-14 മുതൽ 2024-25 വരെ	0	46,413/-
6	21/1944	The Manager, Idea Cellular Ltd, Suman Tower	2024-25	1,48,373/-	9,509/-
7	8/613/A	Indus Towers Ltd	2011-12 മുതൽ 2023-24 വരെ	8,40,795/-	37,361/-
					5,78,537/-

ക്രമ നം. 1 മുതൽ 5 വരെയുള്ള ടവറുകളുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി മുൻ വർഷത്തെ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിരുന്നതാണ്, എന്നിട്ടും തൻ വർഷം പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല. നികുതി തുക കുടിശ്ശിക അടക്കം പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 46 തിയതി 19.12.2025) 2024-25 സാമ്പത്തിക വർഷത്തിൽ RR നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല എന്നും 25.01.2026 തിയതിയിൽ മേൽ സൂചിപ്പിച്ച 7 ടവറുകൾക്കും RR നോട്ടീസ് അയച്ചിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്. ടവറുകളുടെ റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 വസ്തുനികുതി കുടിശ്ശിക:₹2.25 കോടി ഈടാക്കാൻ അവശേഷിക്കുന്നു.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ബി-14 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിലെ ആകെ കുടിശ്ശിക ₹2,25,19,703/- യാണ്. ആകെ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ്	തുക (₹)

1	വസ്തു നികുതി കുടിശ്ശിക (തൻവർഷം)	1,73,39,010
2	വസ്തു നികുതി കുടിശ്ശിക (മുൻവർഷങ്ങളിലേത്)	51,80,693
	ആകെ	2,25,19,703

കെ സ്മാർട്ട് മുഖേന ലഭ്യമാക്കിയ വിവിധ വാർഡുകളുടെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം വളരെ അധികം കെട്ടിടങ്ങളിൽ നിന്നും ഭീമമായ തുകകൾ വസ്തു നികുതി ഇനത്തിൽ ഈടാക്കാനുണ്ട്. എന്നിരുന്നിട്ടും വലിയ തുകകൾ കുടിശ്ശിക ഉള്ള പല കെട്ടിടങ്ങളിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഈടാക്കിയതായായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട ഐഡി	ഡിമാൻഡ് (₹)	കളക്ഷൻ (₹)	ബാലൻസ് (₹)
1	30197010025530	23,79,573	0	23,79,573
2	30197010020758	11,83,293	0	11,83,293
3	30197010011614	34,96,079	0	34,96,079
4	30197010020750	7,90,899	0	7,90,899
5	30197010020760	3,59,534	0	3,59,534
6	30197010020740	8,28,902	0	8,28,902
7	30197010024651	61,782	0	61,782
8	30197010020075	1,22,203	0	1,22,203
9	30197010018217	1,41,9,98	0	1,41,9,98
10	30197010010196	1,70,786	0	1,70,786

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളിൽ നിന്നും തൻ വർഷം വസ്തു നികുതി ഇനത്തിൽ തുക പിരിച്ചെടുക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26 തിയതി 19.12.2025) നിലവിൽ 57 കെട്ടിടങ്ങളുടെ റവന്യു റിക്കവറി നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ് എന്നും കുടിശ്ശികയുള്ള കെട്ടിടങ്ങൾക്ക് അരിയർ നോട്ടീസ് നൽകിയും ക്യാമ്പ് കളക്ഷൻ നടത്തിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട് എന്നും കുടിശ്ശിക തുക അടവാക്കാത്തവർക്കെതിരെ RR നടപടി സ്വീകരിച്ച് വരുന്നുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. വസ്തുനികുതി കുടിശ്ശിക തുകകൾ പൂർണ്ണമായും പിരിച്ചെടുത്ത് കുടിശ്ശിക ഒഴിവാക്കേണ്ടതാണ്.

1-18 ട്രാവൻകൂർ റയോൺസ് ലിമിറ്റഡ്- നികുതി കുടിശ്ശികകൾ അവശേഷിക്കുന്നു.

ഫയൽ നം. R2-3095/12

പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ വാർഡ് 27 ൽ (പഴയത് 21) പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ റയോൺസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 1999-2000 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി പിഴപലിശ, 2000-2001 മുതൽ 2023-24 വരെയുള്ള കെട്ടിട നികുതി, ലൈബ്രറി സെസ്സ്, പിഴപലിശ, 1999-2000 മുതൽ 2001-2002 വരെയുള്ള തൊഴിൽ നികുതി (ജീവനക്കാർ & സ്ഥാപനം) എന്നിവ അടവാക്കിയിട്ടില്ല. ട്രാവൻകൂർ റയോൺസ് ലിമിറ്റഡ് 2019 വർഷത്തിൽ പ്രവർത്തനം പൂർണ്ണമായി അവസാനിപ്പിച്ചിട്ടുള്ളതും 2023 മുതൽ ഒഫീഷ്യൽ ലിക്വിഡേറ്റർ നടപടി സ്വീകരിച്ച്

വരുന്നതുമാണ്.

കുടിശ്ശിക തുക ലഭിക്കുന്നതിന് നഗരസഭ 25.03.2023 ന് R2-3095/1992 നമ്പർ പ്രകാരം ഒഫീഷ്യൽ ലിക്വിഡേറ്റർ ന് കത്ത് നൽകിയിരുന്നതും, ആയതു പ്രകാരം പെരുമ്പാവൂർ നഗരസഭ പരിധിയിൽ വരുന്ന ട്രാവൻകൂർ റയോൺസിന്റെ ഉടമസ്ഥയിലുള്ള PMC Old Xxi/400 To 421 (21 Nos) നമ്പർ കെട്ടിടങ്ങളുടെ വസ്തു നികുതി ₹48,26,572 യും 1998-99 മുതൽ 2001-02 വരെയുള്ള തൊഴിൽ നികുതി ഇനത്തിൽ ₹49,26,743/ യും ഉൾപ്പടെ ആകെ ₹97,53,315/ ലഭിക്കുന്നതിന് ഫോം നം.66 ൽ അഫിഡവിറ്റ് നൽകുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് 4.3.2025 ൽ നൽകിയ R2-3095/1992 (2578616-2024) നമ്പർ കത്തിൽ ഈ തുക (PMC Old XXI/400 To 449 (36 Nos) കെട്ടിടങ്ങളുടെ) ₹1,30,61,657/-യായും (വസ്തു നികുതി ₹81,37,914/ + തൊഴിൽ നികുതി ₹49,26,473/-) 04.7.2025 ൽ 2578616-2024 നമ്പർ ആയി നൽകിയ കത്തിനൊപ്പമുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തു നികുതി മാത്രം ₹1,80,38,205/- യായും ഡിമാന്റ് ചെയ്തു.

നഗരസഭ ഒഫീഷ്യൽ ലിക്വിഡേറ്റർ മുൻപാകെ നൽകിയ രേഖകളിലെ അവ്യക്തത പരാമർശിച്ചും നഗരസഭാ ഫോം നം.66 പ്രകാരം ക്ലെയിം ചെയ്ത ₹97,53,315/ യിൽ ₹28,53,970/ നിരാകരിച്ച് ₹68,99,345/ അംഗീകരിച്ചതായും 27.01.2026 ന് ലിക്വിഡേറ്റർ നഗരസഭക്ക് കത്ത് നൽകിയി. ഫയൽ പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫോം നം.66 പ്രകാരം ഓഫീഷ്യൽ ലിക്വിഡേറ്റർക്ക് അഫിഡവിറ്റ് നൽകിയ ക്ലെയിം തുകയിൽ മാറ്റം വരുത്താൻ സാധിക്കില്ലെന്നിരിക്കെ, 25.03.2023 തിയതിയിൽ സമർപ്പിച്ച ₹97,53,315/ കുടിശ്ശിക തുക 4.3.2025 ലെ കത്തിൽ ₹1,30,61,657/ യായും 4.7.2025 ലെ കത്തിൽ ₹1,80,38,2025/ യായും വ്യത്യാസപ്പെടുത്തി.
2. ഫോം നം.66 പ്രകാരം കെട്ടിടങ്ങളുടെ എണ്ണമായി കാണിച്ചിരുന്ന 21 എന്നത് 4.3.2025 ലെ കത്തിൽ 36 ആയും 4.7.2025 ലെ കത്തിൽ 39 ആയും വ്യത്യാസപ്പെടുത്തി.
3. ഓരോ കെട്ടിടങ്ങളുടെയും നികുതി കുടിശിക വേർതിരിച്ച് തയ്യാറാക്കാൻ ഓഫീഷ്യൽ ലിക്വിഡേറ്റർ ആവശ്യപ്പെട്ടെങ്കിലും തയ്യാറാക്കി നൽകിയില്ല.
4. 1990-2000 മുതൽ 2001-2002 ആദ്യ അർദ്ധ വർഷം വരെയുള തൊഴിൽ നികുതി ₹1,49,250/- (ജീവനക്കാർ- ₹143000+ സ്ഥാപനം ₹6250) ക്ക് 25.03.2025 ൽ നൽകിയ അഫിഡവിറ്റിൽ ₹49,26,743/- യാണ് ക്ലെയിം ചെയ്തിട്ടുള്ളത്. പലിശയിനത്തിൽ മാത്രം ₹47,77,493/-.

മേൽ അപാകതകളുടെ പശ്ചാത്തലത്തിൽ പ്രസ്തുത കമ്പനി കോടതി മുൻപാകെ അംഗീകരിച്ച 1999-2000 വർഷത്തെ വസ്തു നികുതി കുടിശിക തുകമായായ ₹1,53,843/ യുടെ അടിസ്ഥാനത്തിൽ 12% പലിശ സഹിതം 1999-2000 മുതൽ 2018-2019 വരെയുള്ള കുടിശിക തുക ലിക്വിഡേറ്റർ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

Total Amount Of Tax & Interest	₹65,32,962/-
Library Cess	₹1,46,360/-
Service Cess	₹43,908/-
Profession Tax (1999-2000 To 2000-2001)	₹1,68,740 (Tax – ₹1,43,000 + Int ₹25,740)
Traders Tax	₹7,375 (Tax – 6250 + 1125)
Total	₹68,99,345

2019-2020 മുതൽ 2022-2023 വരെയുള്ള കാലയളവിലെ പലിശയടക്കമുള്ള കുടിശ്ശിക തുക ₹10,80,283/- (വസ്തുനികുതി ₹8,75,823+പലിശ₹2,04,460/-) കോടതി വിധികളുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതാണെന്നും കത്തിൽ പരാമർശിച്ചിട്ടുണ്ട്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണങ്ങൾ/ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1. ക്ലെയിം സംബന്ധിച്ച അഫിഡവിറ്റ് (ഫോറം നം.66) തയ്യാറാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി ഫയൽ പരിശോധനയിൽ കാണപ്പെട്ടു. ഈയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ചുള്ള മറുപടി.
2. പ്രസ്തുത സ്ഥാപനത്തിലെ കെട്ടിടങ്ങളുടെ ആകെ എണ്ണത്തിന്റെ നിജസ്ഥിതി വിവരം.
3. പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചിരുന്ന കാലയളവിലെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്ന വിവരം,
4. പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ അവസ്ഥ / പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ എന്ന വിവരം.

മേൽ പരാമർശങ്ങൾക്ക് വിശദീകരണങ്ങൾ/രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 92 തിയതി 20.02.2026) നഗരസഭയിൽ നിന്നും നൽകിയ ഫാറം നം.66 പരിശോധിച്ചതിൽ എല്ലാ കെട്ടിടങ്ങളും പൂർണ്ണമായി ഉൾപ്പെട്ടിട്ടില്ല എന്നും അസ്സസ്സെന്റ് രേഖകളിൽ നിന്നും വ്യത്യസ്തമായാണ് കെട്ടിട വിവരങ്ങൾ, ഏരിയ എന്നിവ കെ-സ്മാർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും തൊഴിൽ നികുതിയുടെ പിഴപ്പലിശ കണക്കാക്കിയതിൽ പിഴവ് സംഭവിച്ചതായും കണ്ടെത്തിയതായി മറുപടി നൽകിയിട്ടുള്ളതാണ്. പരാമർശം നം. 3 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ട്രാവൻകൂർ റയോൺസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ നികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് ലിക്വിഡേറ്റർ അംഗീകരിച്ച് 1999-2000 മുതൽ 2018-2019 വരെയുള്ള കുടിശ്ശിക തുക ലഭിക്കുന്നതിനുള്ള സമയബന്ധിതമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ 2019-20 മുതൽ 2022-23 വരെയുള്ള കാലയളവിലെ വസ്തുനികുതി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും/കെട്ടിടങ്ങളുടെയും നിജസ്ഥിതി സംബന്ധിച്ച കൃത്യമായ വിവരം നഗരസഭയിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

1-19 കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് കുറവ് ഈടാക്കി.

നഗരസഭയിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകിയതിന് പെർമിറ്റ് ഫീസ് കൃത്യമായി ഈടാക്കിയിട്ടില്ല. (പെർമിറ്റ് അപേക്ഷ നമ്പർ-BPCN-00069820-2024) തന്മൂലം നഗരസഭക്ക് പെർമിറ്റ് ഫീസ് ഇനത്തിൽ ₹21,745/- യുടെ വരവ് നഷ്ടം ഉണ്ടായി. വിശദവിവരം ഭാഗം-2 ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-20 കെട്ടിട വാടക-അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകക്ക് നൽകിയിട്ടുള്ളതിന്റെ വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 16.03.2024-ലെ 2-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭ വക കെട്ടിടങ്ങളുടെ വാടക 5% വർദ്ധനവ് വരുത്തിയിരുന്നു. മുനിസിപ്പൽ മാൾ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക വർദ്ധിപ്പിക്കാതെ കുത്തക പുതുക്കി നൽകണമെന്ന് 16 ലൈസൻസികൾ അപേക്ഷ സമർപ്പിച്ചിരുന്നു. 19.08.2024-ലെ 4-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം പ്രസ്തുത ഷോപ്പിംഗ് കോംപ്ലസിലെ വ്യാപാരികളുടെ അപേക്ഷ പരിഗണിച്ച് 16.03.2024-ലെ 2-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 5% വാടക വർദ്ധനവ് വരുത്തിയത് റദ്ദാക്കുന്നതിനും 2023-24-ലെ വാടക പ്രകാരം ഒരു വർഷത്തേക്ക് കൂടി എഗ്രിമെന്റ് പുതുക്കി നൽകുന്നതിനും തീരുമാനിച്ചു. പ്രസ്തുത കെട്ടിടങ്ങൾക്ക് വാടക വർദ്ധനവ് ഒഴിവാക്കി നൽകിയതിനാൽ തനത് വരുമാനം കുറവായിട്ടുള്ള നഗരസഭക്ക് വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. തനത് വരുമാനം കുറവും ചെലവ് കൂടുതലുമായിട്ടുള്ളത് പ്രകാരം ഗ്യാപ് ഫണ്ട് ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന നഗരസഭ 2024-25 സാമ്പത്തിക വർഷത്തിൽ മുനിസിപ്പൽ മാൾ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക വർദ്ധനവ് ഒഴിവാക്കി നൽകിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(2) നഗരസഭവക വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിൽ പച്ചക്കറി വ്യാപാരം നടത്തുന്നതിന് മുറി വാടകക്ക് നൽകിയിട്ടുള്ളതിൽ പന്തൽ നിർമ്മിച്ചിട്ടുള്ളത് സംബന്ധിച്ച് 19.08.2024-ലെ കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. പച്ചക്കറി വ്യാപാരം നടത്തുന്നതിന് മുറി മാത്രമാണ് ലേലത്തിൽ കൊടുത്തിട്ടുള്ളത്, വിശാലമായ പന്തലാണ് നിർമ്മിച്ചിരിക്കുന്നത്, മറ്റ് കച്ചവട സ്ഥാപനങ്ങളെ മറയ്ക്കുന്ന രീതിയിലാണ് പന്തൽ കെട്ടിയിരിക്കുന്നത്, പാർക്കിംഗ് ഫീ പിരിക്കാൻ അനുവദിക്കുന്നില്ല, മറ്റ് കച്ചവടക്കാരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് പൊളിക്കുവാൻ തീരുമാനിച്ചതെന്നുമുള്ളത്, ഒട്ടനവധി അനധികൃത നിർമ്മാണങ്ങൾ ടി കെട്ടിടത്തിൽ ഉണ്ട് എന്നിങ്ങനെയുള്ള കാര്യങ്ങൾ കൗൺസിൽ അംഗങ്ങൾ ചർച്ച ചെയ്ത് അഭിപ്രായപ്പെട്ടിട്ടുള്ളതിന്റെ വിവരം 19.08.2024-ലെ കൗൺസിൽ യോഗത്തിലെ അജണ്ട 7-ൽ ചർച്ചകളും ചോദ്യങ്ങളും എന്നതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ രൂപമാറ്റം വരുത്തുകയോ, കൂട്ടിചേർക്കലുകൾ വരുത്തുകയോ ചെയ്തിട്ടുള്ളത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

(3) 1994-ലെ കേരള മുസിപ്പാലിറ്റി നിയമം വകുപ്പ് 565-(ബി) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയിലെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനായി നിയമാനുസൃത ബൈലോ

തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.
മേൽ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതിനായി 18.02.2026-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 79-ന് മറ്റുള്ള ഷോപ്പിംഗ് കോംപ്ലക്സുകളെ അപേക്ഷിച്ച് മുനിസിപ്പൽ മാളിലെ ഇപ്പോഴത്തെ വാടക വളരെ കൂടുതൽ ആയതിനാലാണ് കൗൺസിൽ വാടക വർദ്ധനവ് ഒഴിവാക്കി നൽകിയിട്ടുള്ളത്, വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മുഴുവൻ അനധികൃത നിർമ്മാണങ്ങളും പൊളിച്ചു നീക്കുന്നതിനായി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുള്ളതും നടപടികൾ നടന്നുവരുന്നതുമാണ്, വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ ലേല വ്യവസ്ഥ പ്രകാരമാണ് കുത്തകക്ക് നൽകിവരുന്നത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
കെട്ടിടങ്ങൾക്ക് വാടക വർദ്ധനവ് വരുത്തിയിട്ടുള്ളത് ഒഴിവാക്കി നൽകിയത് തനത് വരുമാനം കുറവായിട്ടുള്ള നഗരസഭക്ക് വരുമാനത്തിൽ കുറവ് വരുന്നതിന് കാരണമാകുന്നതിനാൽ ഇത്തരത്തിലുള്ള നടപടികളിൽ ശ്രദ്ധചെലുത്തേണ്ടതാണ്. വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കുന്നതിനും, കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് നഗരസഭ ബൈലോ തയ്യാറാക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-21 നഗരസഭയുടെ ലോറിസ്റ്റാന്റ് പേ & പാർക്കിംഗിങ്ങിൽ അനധികൃത പാർക്കിംഗ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ലോറിസ്റ്റാന്റ് പേ & പാർക്കിംഗ് 2024-25 സാമ്പത്തിക വർഷത്തിൽ ലേലത്തിൽ പോയിട്ടില്ല. 26.02.2024-ലെ R1-11690/2023 നമ്പർ ലേല നോട്ടീസ് പ്രകാരം 12.03.2024-ൽ നടത്തിയ ലേലം, പിന്നീട് നടത്തിയ പുനർ ലേലം, ഓഫർ എന്നിവയിലും ആരും ലേലം എടുത്തിട്ടില്ല. 2020-21 വർഷത്തിൽ ₹41,000/-വും, 2021-22 വർഷത്തിൽ ₹52,500/-വുമാണ് ലേലത്തിൽ പോയിരുന്നത്, പിന്നീടുള്ള വർഷങ്ങളിൽ ലേലത്തിൽ പോയിട്ടില്ല.

ലോറിസ്റ്റാന്റായി പ്രവർത്തിച്ചിരുന്ന 82 സെന്റോളം വരുന്ന സ്ഥലത്ത് പ്രൈവറ്റ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതായി കാണുന്നു. ആയതിൽ നിന്നും വരുമാനം ലഭിക്കുന്നില്ലാത്തതാണ് എന്ന് R1-11690/2023 നമ്പർ നോട്ട് ഫയലിൽ റവന്യു ഇൻസ്പെക്ടർ രേഖപ്പെടുത്തിയിട്ടുണ്ട്. 05.02.2026-ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ ലോറി സ്റ്റാന്റിനുള്ളിൽ നിരവധി പ്രൈവറ്റ് വാഹനങ്ങൾ പാർക്ക് ചെയ്തിട്ടുള്ളതായും, വലിയ തോതിൽ മാലിന്യങ്ങൾ നിക്ഷേപിച്ചിട്ടുള്ള അവസ്ഥയിലും, മതിൽ പൊളിച്ച നിലയിലും, ലോറി സ്റ്റാന്റിന്റെ അകത്തു പ്രവേശിച്ച് മതിൽ പൊളിച്ച് ഉണ്ടാക്കിയിട്ടുള്ള വഴിയിലൂടെയാണ് സമീപത്ത് സ്ഥിതി ചെയ്യുന്ന എം.കെ ബനാന സെന്റർ എന്ന സ്ഥാപനത്തിന്റെ പുറകുവശത്തേക്ക് വാഹനങ്ങൾ കടത്തി കൊണ്ടുപോകുന്നത്, സമീപത്ത് സ്ഥിതി ചെയ്യുന്ന നിരവധി സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ മതിലിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ളതായിട്ടാണ് കാണാൻ കഴിഞ്ഞത്. ഗേറ്റില്ലാത്തതിനാൽ എല്ലാവർക്കും ഏതുസമയത്തും പ്രവേശിക്കാവുന്ന തരത്തിൽ തുറന്നാണ് കിടക്കുന്നത്.

ലോറിസ്റ്റാന്റ് മതിൽ നഗരസഭ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. സമീപത്ത് സ്ഥിതി ചെയ്യുന്ന വാണിജ്യ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ സെറ്റ്ബാക്ക് പരിശോധിച്ച് അനധികൃത നിർമ്മാണങ്ങൾ, സ്ഥലം കൈയേറ്റം എന്നിവ ഉണ്ടായിട്ടുണ്ടോ എന്നത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ലോറിസ്റ്റാന്റ് സ്ഥലവുമായി ബന്ധപ്പെട്ട് അനധികൃത നിർമ്മാണങ്ങൾ, സ്ഥലം കൈയേറ്റം എന്നിവ സംബന്ധിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം കൂടി ലഭ്യമാക്കുന്നതിനായി 18.02.2026-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 80 -ന് മതിൽ പൊളിച്ചിട്ടുള്ളതിന്റെയും ആസ്തി സംബന്ധിച്ചുള്ള വിവരങ്ങളും അനധികൃത നിർമ്മാണം സംബന്ധിച്ചുള്ള വിവരങ്ങളും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് വാങ്ങി ക്രോഡീകരിച്ച് മറുപടി നൽകുന്നതാണ് എന്ന് റവന്യൂ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
നഗരസഭയുടെ ഉടമസ്ഥതയിലുള്ള ലോറി സ്റ്റാന്റിൽ അനധികൃത നിർമ്മാണങ്ങൾ, സ്ഥലം കൈയേറ്റം എന്നിവ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കുന്നതിനും, സ്ഥലത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനും, ഓപ്പണായി കിടക്കുന്ന സ്ഥലം സംരക്ഷിക്കേണ്ടതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-22 വിനോദ നികുതി അപാകതകൾ

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31-08-2019 തീയതിലെ സ.ഉ(കൈ) നം.112/2019/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ₹100/-യിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, ₹100/-യിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ വിനോദ നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനം ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ

ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.
2024-25 വർഷത്തെ ഫയൽ പരിശോധിച്ചതിൽ ടിക്കറ്റുകളുടെ എണ്ണം പ്രകാരം സ്ഥാപനം ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടുള്ള റിട്ടേണിന്റെ പകർപ്പ്/വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥാപനം ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടുള്ള റിട്ടേണുകൾ പ്രകാരമുള്ള ടിക്കറ്റുകളുടെ എണ്ണവും തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകിയ ടിക്കറ്റുകളുടെ എണ്ണവും ഒന്ന് തന്നെയാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളതിന്റെ വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സിനിമാ തീയറ്റർ മാനേജർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടുള്ള ഡെയിലി കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള വിനോദ നികുതി തുകയാണ് ഈടാക്കിയിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം ടിക്കറ്റുകളുടെ എണ്ണം പരിശോധന വിധേയമാക്കുന്നതിന് സ്ഥാപനം ജി.എസ്.ടി വകുപ്പിന് നൽകുന്ന റിട്ടേണുകളുടെ പകർപ്പ്/വിവരങ്ങൾ ലഭിക്കുന്നതിനാവാശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി 18.02.2026 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 81 -ന് ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടുള്ള റിട്ടേണുകൾ പ്രകാരമുള്ള ടിക്കറ്റുകളുടെ എണ്ണം ഉൾപ്പെടെയുള്ള രേഖകൾ ആവശ്യപ്പെട്ട് നഗരസഭ പരിധിയിലുള്ള രണ്ട് തീയറ്ററുകളിലേക്കും കത്ത് നൽകിയിട്ടുള്ളതും ഒരു തീയറ്ററിലെ വിവരങ്ങൾ ലഭിച്ചിട്ടുള്ളതുമാണ് ആയത് പരിശോധിച്ച് കൃത്യമായ വിവരങ്ങൾ നൽകുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്ഥാപനം ജി.എസ്.ടി വകുപ്പിൽ നൽകുന്ന റിട്ടേണുകളുടെ വിവരങ്ങൾ ഓരോ ദിവസവും വിൽക്കുന്ന സിനിമ ടിക്കറ്റുകളുടെ എണ്ണം തീയേറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിലേതുമായി താരതമ്യം നടത്തി കൃത്യത ഉറപ്പ് വരുത്തി വിവരം ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

1-23 റെഗുലർ വിഭാഗം ജീവനക്കാരുടെ ശമ്പള ബിൽ അപാകതകൾ

1)ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിൽ നിന്ന് ഫെസ്റ്റിവൽ അഡ്വാൻസ് സംഖ്യ കുറവ് ചെയ്തു

താഴെ പറയുന്ന ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിൽ നിന്ന് ഫെസ്റ്റിവൽ അഡ്വാൻസ് തുക നേരിട്ട് കുറവ് ചെയ്തതിന് പുറമേ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ റിക്കവറി ആയും ഇതേ സംഖ്യ കുറവ് ചെയ്തതായി കാണുന്നു.

ക്രമ നമ്പർ	ജീവനക്കാരന്റെ പേരു് / തസ്തിക	അടിസ്ഥാന ശമ്പളം (₹)	പ്രതിമാസം കുറവ് ചെയ്ത സംഖ്യ (₹)	റിമാർക്സ്
1	പ്രസന്നൻ.സി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (PEN-G -67556)	56,500	3,000	11/2024 മുതൽ 02/2025 വരെ 4 മാസം ₹3,000/- നിരക്കിൽ ആകെ ₹12,000/-
2	പ്രകാശ്കുമാർ.യു, അസിസ്റ്റന്റ് സെക്രട്ടറി (PEN-G -51259)	59,300	4,000	11/2024 മുതൽ 12/2024 വരെ 2 മാസം ₹4000/- നിരക്കിൽ ആകെ ₹8,000/-

അടിസ്ഥാനശമ്പളത്തിൽ നിന്ന് നേരിട്ട് സംഖ്യ കുറവ് ചെയ്തതിന് പുറമെ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലും സംഖ്യ കുറവ് ചെയ്തതിന്റെ കാരണം വിശദമാക്കേണ്ടതാണെന്നും തെറ്റായി കുറവ് ചെയ്തതാണെങ്കിൽ പ്രസ്തുത തുക ജീവനക്കാർക്ക് മടക്കി നൽകേണ്ടതാണെന്നും കാണിച്ച് 16.10.2025ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2024-25) നഗരസഭ 21.02.2026ന് ലഭ്യമാക്കിയ മറുപടിയിൽ അടിസ്ഥാനശമ്പളത്തിൽ നിന്നും ഫെസ്റ്റിവൽ അഡ്വാൻസ് കുറവ് ചെയ്തിട്ടുണ്ടെങ്കിലും DA, HRA എന്നിവ മുഴുവൻ ശമ്പളത്തിന്റേതാണ് നൽകിയിട്ടുള്ളതെന്നും ആയതിനാൽ Net Pay -ൽ വ്യത്യാസം ഇല്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ലഭ്യമാക്കിയ മറുപടി അവ്യക്തമായതിനാലും ശമ്പള ബിൽ പ്രകാരം മേൽ ജീവനക്കാരുടെ അടിസ്ഥാനശമ്പളത്തിൽ നിന്ന് ഫെസ്റ്റിവൽ അഡ്വാൻസ് നേരിട്ട് കുറവ് ചെയ്തതിന് പുറമേ റിക്കവറി ഇനത്തിലും ഇതെ സംഖ്യ കുറവ് ചെയ്തതായുമുള്ള അപാകത ഇപ്പോഴും നിലനിൽക്കുന്നതിനാൽ മേൽ ജീവനക്കാരിൽ നിന്നും അധികമായി ഈടാക്കിയ സംഖ്യ

തിരികെ നൽകേണ്ടതാണ്.

2)ശമ്പളം അനുവദിച്ചതിലെ അപാകത സംബന്ധിച്ച്

1)ശ്രീ. സതീഷ്. സി.എസ്, ക്ലർക്കിന് (PEN-G-66332) 04/2024 ലെ ശമ്പളബിൽ പ്രകാരം 25 ദിവസത്തെ ശമ്പളം അനുവദിച്ച് നൽകിയിട്ടുണ്ട്. (അടിസ്ഥാന ശമ്പളം ₹46700/- പ്രകാരം 25 ദിവസത്തെ ശമ്പളം: 38917+3503+2335 = ₹44,755/-). (01.04.2024 മുതൽ 05.04.2024 വരെ 5 ദിവസം Absent മാർക്ക് ചെയ്തിട്ടുണ്ട്) എന്നാൽ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൻ 15.04.2024ൽ ഒപ്പ് രേഖപ്പെടുത്തി കാണുന്നില്ല (13.04.2024 , 14.04.2024 പൊതു അവധി), കൂടാതെ 17.04.2024 മുതൽ 20.04.24 വരെയും (21.04.2024 പൊതു അവധി) ഒപ്പ് രേഖപ്പെടുത്തി കാണുന്നില്ല. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്ന് കാണിച്ച് 16.10.2025ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2024-25) നഗരസഭ 21.02.2026ന് ലഭ്യമാക്കിയ മറുപടിയിൽ 15.04.2024, 17.04.2024 മുതൽ 20.04.2024 വരെയുള്ള തീയ്യതികളിൽ ടിയാന് ലീവ് അനുവദിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്താനായില്ല എന്നും, ടിയാൻ ഈ കാര്യാലയത്തിൽ നിന്നും സ്ഥലം മാറി പോയിട്ടുള്ളതിനാൽ ടി ദിവസങ്ങളിലെ ശമ്പളം തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടിയാനിൽ നിന്ന് പ്രസ്തുത ദിവസങ്ങളിലെ ശമ്പളം ഈടാക്കുമ്പോൾ അവധി ദിവസങ്ങളോട് ചേർന്നുള്ള പൊതു അവധി ദിവസങ്ങൾ (13.04.2024, 14.04.2024,21.04.2024)എപ്രകാരം കണക്കാക്കണം എന്ന് കൂടി കണക്കിലെടുത്ത് ശമ്പളം ഈടാക്കേണ്ടതും, ശമ്പളം ഈടാക്കിയ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

2) ഹാജർ പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം ടിയാൻ 16.10.2024 മുതൽ 25.12.2024 വരെ അബ്സന്റ് ആണ്. 26.12.2024നാണ് തുടർന്ന് ജോലിയിൽ പ്രവേശിച്ചതായി കാണുന്നത്. 10/2024ൽ 15 ദിവസത്തെ അർദ്ധവേതനാവധി വാങ്ങിയതായി കാണുന്നു. തുടർന്നുള്ള മാസങ്ങളിൽ 11/2024 , 12/2024മാസങ്ങളിൽ ശമ്പളം വാങ്ങിയതായി കാണുന്നില്ല. ടിയാൻ ഈ മാസങ്ങളിൽ ഏത് തരം അവധിയിലായിരുന്നു എന്ന് വ്യക്തമാക്കേണ്ടതും 26.12.2024 മുതൽ 31.12.2024 വരെ നൽകിയ ശമ്പള വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് 16.10.2025ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2024-25) നഗരസഭ 21.02.2026ന് ലഭ്യമാക്കിയ മറുപടിയിൽ പേ ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ ടിയാന് 12/2024ൽ ശമ്പളം അനുവദിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട് . 16.10.2024 മുതൽ 25.12.2024 വരെയുള്ള അബ് സന്റ് കാലയളവ് ക്രമീകരിച്ച്, 12/2024 ശമ്പളം അനുവദിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

3)വിടുതൽ ചെയ്ത ജീവനക്കാരന് വിടുതൽ തീയ്യതിക്ക് ശേഷമുള്ള ദിവസങ്ങളിലേക്കും ശമ്പളം അനുവദിച്ചു

അറ്റൻഡൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം കൊച്ചി കോർപ്പറേഷനിലേക്ക് സ്ഥലം മാറ്റം ലഭിച്ച ശ്രീമതി ജൂവൻ ഡി. മേരി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (PEN-G 53692) 07.09.2024 അപരാഹ്നത്തിൽ ഈ കാര്യാലയത്തിൽ നിന്ന് വിടുതൽ ചെയ്തു. എന്നാൽ തന്മാസത്തെ ശമ്പളബിൽ (09/2024) പരിശോധിച്ചതിൽ ടിയാൾക്ക് 10 ദിവസത്തെ ശമ്പളം അനുവദിച്ചതായി കാണുന്നു. (അടിസ്ഥാന ശമ്പളം ₹56,500/- പ്രകാരം 10 ദിവസത്തെ ശമ്പളം: 18833+1695+1130+100 = ₹21,758). ആയതിന്റെ കാരണം വിശദമാക്കേണ്ടതും, ടിയാളുടെ അന്തിമ വേതന സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ച് 16.10.2025ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2024-25) നഗരസഭ 21.02.2026ന് ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ മൂന്ന് ദിവസത്തെ ശമ്പളം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

അധികം നൽകിയ ശമ്പളം തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

4)ഹാജർ രേഖപ്പെടുത്താത്ത ദിവസങ്ങളിലെയും ശമ്പളം അനുവദിച്ചു

അറ്റൻഡൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 12/2024 മാസം താഴെ പറയുന്ന ജീവനക്കാർ ഹാജർപുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തി കാണുന്നില്ല. എന്നാൽ ശമ്പളബിൽ പരിശോധനയിൽ തന്മാസം പൂർണ്ണനിരക്കിൽ ശമ്പളം കൈപ്പറ്റിയതായി കാണുന്നു.

ക്രമനമ്പർ	ജീവനക്കാരന്റെ പേര് /തസ്തിക	ഹാജർ രേഖപ്പെടുത്താത്ത തീയ്യതി	12/2024ലെ അടിസ്ഥാന ശമ്പളം (₹)
1	നിസരി. പി.പ്രഭാകരൻ, ക്ലർക്ക് (PEN-G 67008)	02.12.2024,05.12.2024 AN, 07.12.2024,13.12.2024,21.12.2024 AN, 27.12.2024,28.12.2024. (01.12.2024,08.12.2024,14.12.2024, 15.12.2024,22.12.2024, 27.12.2024	43,400

		പൊതു അവധി)	
2	ശ്രീമതി സീന.ബി, എൽ ഡി.ടൈപ്പിസ്റ്റ് (PEN-G 49701)	28.12.2024	31,100
3	ശ്രീമതി സുബമോൾ കെ.ബി., സീനിയർ ക്ലർക്ക് (PEN-G 53316)	28.12.2024	42,300

ഹാജർ രേഖപ്പെടുത്താത്ത തീയ്യതികളിലേക്കും ശമ്പളം അനുവദിച്ചത് കണക്കാക്കി മേൽ ജീവനക്കാരിൽ നിന്ന് അധികമായി നൽകിയ ശമ്പളം തിരികെ ഈടാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2024-25) നഗരസഭ 21.02.2026ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1,3 പ്രകാരമുള്ള ജീവനക്കാരിൽ നിന്ന് അധികം നൽകിയ ശമ്പളം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ 2 പ്രകാരമുള്ള ജീവനക്കാരി പരിവർത്തിതാവധിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമനമ്പർ 1, 3 പ്രകാരമുള്ള ജീവനക്കാരിൽ നിന്ന് അധികം നൽകിയ ശമ്പളം തിരിച്ച് പിടിച്ച വിവരവും ക്രമ നമ്പർ 2 പ്രകാരമുള്ള ജീവനക്കാരിക്ക് അവധി അനുവദിച്ച വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5) അവധി ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ് .

ശ്രീ ബിജുമോൻ. എം 24.09.2024 മുതൽ 30.11.2024വരെ അബ്സന്റ് ആയി ഹാജർ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 01.12.2024 മുതൽ 06.01.2025 വരെ ഡ്യൂട്ടി. തുടർന്ന് 07.01.25മുതൽ 31.01.2025 വരെ പരിവർത്തിതാവധി. 01.02.2025 മുതൽ 28.02.2025 വരെ അബ്സന്റ്. ഇതിൽ 01/2025 മാസം 6 ദിവസത്തെ ശമ്പളം കൈപ്പറ്റിയതായി കാണുന്നു. അവധികൾ ക്രമീകരിച്ചതിന്റെയും അവധി കാലയളവിൽ അവധി വേതനം നൽകിയതിന്റെയും വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ വിഷയം ബഹു ജോയിന്റ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നതായും ടിയാന് അവധി അനുവദിക്കുന്ന മുറക്ക് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കുന്നതുമാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അബ് സന്റ് ആയ കാലയളവ് എത്രയും വേഗം ക്രമപ്പെടുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

6) ബോണസ്സിന് അർഹതയുള്ള ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകി

06.09.2024ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 78/2024/ധന ഉത്തരവ് പ്രകാരം 31.03.2024ൽ സർവ്വീസിലുള്ളവർക്കും 2023-24 സാമ്പത്തികവർഷം കുറഞ്ഞത് 6 മാസം തുടർച്ചയായി സർവ്വീസുള്ളവർക്കും പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം ആകെ വേതനം 37129/- രൂപയോ അതിൽ കറവോ ആയ തുക ആകെ വേതനമായി (ആകെ വേതനം-അടിസ്ഥാന ശമ്പളം + 7% ക്ഷാമബത്ത) കൈപ്പറ്റുന്ന ജീവനക്കാർക്ക് ബോണസ്സ് ആയി ₹4000/- രൂപ അനുവദിക്കാമെന്ന് ഉത്തരവുള്ളതാണ്. എന്നാൽ ഈ നിബന്ധന താഴെ പറയുന്ന ജീവനക്കാർക്ക് ബോണസ്സ് അനുവദിച്ചതിൽ പാലിക്കപ്പെട്ടതായി കാണുന്നില്ല.

ക്രമനമ്പർ	ജീവനക്കാരന്റെ പേര് /തസ്തിക	31.03.2024 ലെ അടിസ്ഥാന ശമ്പളം ₹	ക്ഷാമബത്ത (@ 7%) ₹	ആകെ വേതനം ₹	റിമാർക്ക്സ്
1	ജയശ്രീ. ഒ.വി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (PEN-G -49724)	33,800	2,366	36,166	03/2023 ൽ ഇൻക്രിമെന്റ് അനുവദിച്ചതായി ഇൻക്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
2	സിബി വി.എം, ജൂനിയർ ഹെൽത്ത്	33,800	2,366	36,166	“

	ഇൻസ്പെക്ടർ ഗ്രേഡ് II (PEN-G -49727)				
3	വിമൽകുമാർ.സി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (PEN-G -49725)	33,800	2,366	36,166	“

ബോണസ്സിന് അർഹതയുണ്ടായിരുന്ന ജീവനക്കാർക്ക് സാമ്പത്തികവർഷം അവസാനിച്ചതിനാൽ ആയത് അനുവദിക്കാൻ ഇനി സാധ്യമല്ല. ഇത്തരം അപാകതകൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-24 കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള ബിൽ അപാകതകൾ

കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പളബിൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കണ്ടിജന്റ് ജീവനക്കാരിക്ക് അധികം ശമ്പളം അനുവദിച്ചു .

ശ്രീമതി മല്ലിക.എ.പി. കണ്ടിജന്റ് ജീവനക്കാരിക്ക് 01.02.2024 മുതൽ 31.01.2025 വരെ അനുവദനീയമായ ശമ്പളം 28,700/- രൂപയായിരുന്നു. എന്നാൽ ടിയാരിക്ക് 03/2024 മുതൽ 01/2025 വരെ ₹29,500/- നൽകിയത് വഴി അധികമായി ₹8,800/- അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായി ഭാഗം 3-ൽ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

2)ഇൻക്രിമെന്റ് അനുവദിച്ചില്ല .

ശ്രീ. നടരാജൻ കെ, സാനിട്ടേഷൻ വർക്കർക്ക് ഇൻക്രിമെന്റ് രജിസ്റ്റർ പേജ് 83 ലെ രേഖപ്പെടുത്തൽ പ്രകാരം 01.03.2023 ൽ ഇൻക്രിമെന്റ് അനുവദിച്ച് ശമ്പളം ₹25800/-ൽ നിന്ന് ₹26500/- രൂപയാക്കി. തുടർന്ന് താഴെ പറയുന്ന തീയ്യതികളിൽ അനുവദിക്കേണ്ട ഇൻക്രിമെന്റുകൾ നാളിതുവരെയും അനുവദിച്ച് കാണുന്നില്ല. (കെ -സ്മാർട്ടിലെ ശമ്പളബിൽ 01/2026 പ്രകാരം-ഫയൽ നമ്പർ 1334123-2024)

ഇൻക്രിമെന്റ് അനുവദിക്കേണ്ട തീയ്യതി	അടിസ്ഥാന ശമ്പളം (₹)
01.03.2024	27,200/-
01.03.2025	27,900/-

അർഹമായ ഇൻക്രിമെന്റ് യഥാസമയം അനുവദിക്കാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണെന്ന് കാണിച്ച് 16.10.2025-ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/2024-25- ന് നഗരസഭ 25.02.2026ന് ലഭ്യമാക്കിയ മറുപടിയിൽ (ഫയൽ നമ്പർ -PHI -6157010/25) സെക്ഷൻ ക്ലർക്കിന്റെ ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാകാം അർഹമായ ഇൻക്രിമെന്റ് അനുവദിക്കാൻ വിട്ടുപോയതെന്നും, ആയത് അനുവദിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സെക്ഷൻ ക്ലർക്കിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ് തുടർച്ചയായ രണ്ട് ഇൻക്രിമെന്റുകൾ അനുവദിക്കാതിരുന്നതിരുന്നതിന് കാരണം എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഹെൽത്ത് വിഭാഗം ജീവനക്കാരുടെ സേവനവേതന കാര്യങ്ങളുടെ ചുമതലയുള്ള സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നുള്ള ഗുരുതരവീഴ്ച ഇതിൽ നിന്ന് വ്യക്തമാണ്. മേൽ ജീവനക്കാരന് എത്രയും വേഗം ഇൻക്രിമെന്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനപുസ്തകം കൈകാര്യം ചെയ്യുന്നതിലെ വീഴ്ച കൗൺസിലിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

3)ഇൻക്രിമെന്റ് കുടിശ്ശിക അനുവദിച്ചില്ല .

ശ്രീ. വിഷ്ണു സുബ്രമണ്യൻ, കണ്ടിജന്റ് ജീവനക്കാരന് 01.04.2024 പ്രാബല്യത്തിൽ ഇൻക്രിമെന്റ്

അനുവദിച്ച് അടിസ്ഥാനശമ്പളം ₹23,700/- രൂപയിൽ നിന്ന് ₹24,400/- രൂപയായി ഉയർത്തി നൽകി. എന്നാൽ പുതുക്കിയ ശമ്പളം 05.2024 ലെ ശമ്പളബിൽ പ്രകാരമാണ് അനുവദിച്ചത്. 04.2024 മാസത്തെ കുടിശ്ശിക അനുവദിച്ച വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ മേൽപ്രകാരമുള്ള ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആയത് അനുവദിച്ചിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാസത്തെ ഇൻക്രിമെന്റ് കുടിശ്ശിക അനുവദിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4) ശമ്പളം അനുവദിച്ചതിന്റെ വിവരം ലഭ്യമാക്കി യില്ല

ശ്രീമതി.അയ്യമ്മ.എം. 17.07.2024 മുതൽ 23.07.2024 വരെ ശമ്പളരഹിത അവധിയായിലായിരുന്നതായി അറ്റൻഡൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. 07/2024- ൽ ശമ്പളം വാങ്ങിയതായി കാണുന്നില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ ടിയാൾ 07/2024 മാസം ലീവ് അപേക്ഷ രേഖാപരമായി സമർപ്പിക്കാത്തതിനാൽ ടി കാലയളവിലെ ശമ്പള ബില്ലിൽ നിന്ന് Exclude ചെയ്തിട്ടുള്ളതായാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അവധി അപേക്ഷ രേഖാപരമായി സമർപ്പിക്കാത്ത ടിയാളുടെ 17.07.2024 മുതൽ 23.07.2024 വരെയുള്ള അവധി ശമ്പളരഹിത അവധി എന്ന് അറ്റൻഡൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ കാരണം വിശദമാക്കേണ്ടതും , അവധി ദിവസങ്ങൾ ഒഴിവാക്കിയുള്ള പ്രസ്തുത മാസത്തെ ശമ്പളം അനുവദിക്കേണ്ടതും ആയത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

5) ഓണം അഡ്വാൻസ് -അനുവദിച്ച മുഴുവൻ സംഖ്യയും ഈടാക്കിയില്ല .

31.01.2025 ൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ വി. രാജൻ എന്നവർക്ക് 2024-25 വർഷം ഓണം അഡ്വാൻസ് ഇനത്തിൽ ₹15,000/- അനുവദിച്ചതായി കാണുന്നു. ടിയാനിൽ നിന്ന് ഈ സാമ്പത്തികവർഷം ₹12,000/- മാത്രമേ ഈടാക്കിയതായി കാണുന്നുള്ളൂ. അവസാന ഗഡു അടവാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ മേൽ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക നാളിതുവരെ ഈടാക്കിയില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈടാക്കാൻ ബാക്കിയുള്ള ₹3,000/- എത്രയും വേഗം ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-25 കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനപുസ്തകം പരിപാലനത്തിലെ അപാകതകൾ

പെരുമ്പാവൂർ നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള വിതരണവുമായി ബന്ധപ്പെട്ട് ശമ്പളബിൽ, അറ്റൻഡൻസ് രജിസ്റ്റർ എന്നിവ സേവനപുസ്തകവുമായി ഒത്തുനോക്കിയതിൽ സേവനപുസ്തകം പരിപാലിക്കുന്നതിൽ ഗുരുതര വീഴ്ചയുള്ളതായി കാണപ്പെട്ടു. വിശദവിവരം താഴെ ചേർക്കുന്നു.

1)ഇൻക്രിമെന്റ് വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല .

നഗരസഭയിലെ 12 കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനപുസ്തകമാണ് പരിശോധനവിധേയമാക്കിയത്. ആയതിൽ 10 ജീവനക്കാരുടെ ഇൻക്രിമെന്റ് അനുവദിച്ച വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെയും, രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്താതെയുമാണ് നാളിതുവരെ ശമ്പളം അനുവദിച്ച് കാണുന്നതെന്ന് സൂചിപ്പിച്ച് നഗരസഭക്ക് കെ.എസ്.എ-പി.ബി.എം (എ2) 362/25 നമ്പർ ആയി 28.11.2025 ൽ കത്ത് നൽകുകയും കൂടാതെ 28.11.2025 ൽ നം.20/2024-25 ആയി ഓഡിറ്റ് എൻക്വയറി നൽകുകയും ചെയ്തിരുന്നു. ആയതിന് നഗരസഭ 28.01.2026 ന് PHI -6306271/25 നമ്പർ ആയി ലഭ്യമാക്കിയ മറുപടി കത്തിനൊപ്പം 7 ജീവനക്കാരുടെ സേവന പുസ്തകത്തിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനക്ക് ഹാജരാക്കിയിരുന്നു. എന്നാൽ താഴെ പറയുന്ന 3 ജീവനക്കാരുടെ ഇൻക്രിമെന്റ് വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്	ഇൻക്രിമെന്റ് സംബന്ധിച്ച വിവരം (₹)	റിമാർക്സ്
1	മല്ലിക .എ.പി.	01.02.2022-27,200/- 01.02.2023-27,900/- 01.02.2024-28,700/- 01.02.2025-29,500/-	“

2	അജിത .പി.എ	01.02.2023-26,500/- 01.02.2024-27,200/- 01.02.2025-27,900/-	“
3	നടരാജൻ.കെ	01.03.2023-26,500/- 01.03.2024-27,200/- 01.03.2025-27,900/-	01.03.2023ലെ ഇൻക്രിമെന്റ് വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സാക്ഷ്യപ്പെടുത്തിയിട്ടില്ല. തുടർന്നുള്ള ഇൻക്രിമെന്റ് വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

നഗരസസഭ ഹെൽത്ത് സൂപ്പർവൈസറാണ് ഈ വിഭാഗം ജീവനക്കാരുടെ സേവനപുസ്തകത്തിലെ രേഖപ്പെടുത്തൽ വരുത്താനും സാക്ഷ്യപ്പെടുത്താനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ. ശമ്പളവർദ്ധനവ് സംബന്ധിച്ച വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്താതെ വർദ്ധിപ്പിച്ച ശമ്പളം അനുവദിക്കുന്നത് ശരിയായ നടപടിക്രമമല്ല. മാത്രമല്ല പരിശോധന വിധേയമാക്കിയ ജീവനക്കാരിൽ പല ജീവനക്കാരുടെയും ഇൻക്രിമെന്റ് അനുവദിച്ച വിവരം വർഷങ്ങളായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നുമില്ല എന്നത് ഗുരുതരമായ കൃത്യവിലോപമാണെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു. ഇൻക്രിമെന്റ് സംബന്ധിച്ച വിവരം സേവനപുസ്തകത്തിൽ യഥാസമയം രേഖപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

മേൽ ജീവനക്കാരുടെ ഇൻക്രിമെന്റ് അനുവദിച്ചത് സംബന്ധിച്ച വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്താനും, രേഖപ്പെടുത്തൽ വരുത്തിയത് സാക്ഷ്യപ്പെടുത്താനും വേണ്ട സത്വര നടപടി സ്വീകരിക്കേണ്ടതാണ്. 12 ജീവനക്കാരുടെ സേവനപുസ്തകം മാത്രമാണ് ഓഡിറ്റ് പരിശോധനവിധേയമാക്കിയത്. ബാക്കിയുള്ള ജീവനക്കാരുടെ സേവനപുസ്തകത്തിലും ഈ അപാകത നിലനിൽക്കുന്നുണ്ടോ എന്നത് പരിശോധന വിധേയമാക്കേണ്ടതും സേവനപുസ്തകത്തിലെ നാളിതുവരെയുള്ള രേഖപ്പെടുത്തൽ പൂർണ്ണമാക്കി സാക്ഷ്യപ്പെടുത്തിയതിന് ശേഷം മുഴുവൻ ജീവനക്കാരുടെയും സേവനപുസ്തകം ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണെന്ന് മേൽ കത്ത്, ഓഡിറ്റ് എൻക്വയറി എന്നിവ പ്രകാരം അറിയിച്ചിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പരിശോധനവിധേയമാക്കിയ ജീവനക്കാരുടെ ഒഴികെയുള്ള സേവനപുസ്തകം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

2)അവധി വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച

പരിശോധന വിധേയമാക്കിയ 12 ജീവനക്കാരുടെ സേവനപുസ്തകത്തിലെ അവധി കണക്ക് പരിശോധിക്കുന്നതിനായി അറ്റൻഡൻസ് രജിസ്റ്ററുമായി ഒത്തു നോക്കിയതിൽ 9 ജീവനക്കാരുടെ സേവനപുസ്തകത്തിൽ സേവനത്തെ ബാധിക്കുന്ന അവധി സംബന്ധിച്ച വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിൽ ധാരാളം അപാകതകൾ കാണപ്പെട്ടു. ആയതുമായി ബന്ധപ്പെട്ട് നൽകിയ മേൽ നമ്പർ കത്ത്, ഓഡിറ്റ് എൻക്വയറി എന്നിവക്ക് നഗരസഭ ലഭ്യമാക്കിയ മറുപടി പ്രകാരം 5 ജീവനക്കാരുടെ അവധി സംബന്ധിച്ച അപാകത പരിഹരിക്കപ്പെട്ടു. എന്നാൽ താഴെ പറയുന്ന ജീവനക്കാരുടെ അവധി സംബന്ധിച്ച വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തി പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്	അവധി സംബന്ധിച്ച വിവരം
1	മല്ലിക .എ.പി.	22.03.2024 മുതൽ 26.09.2025 വരെ അവധിക്കണക്ക് പ്രകാരം 16 കമ്മ്യൂട്ട് അവധി, 5 അർദ്ധവേതനാവധി എന്നിവ എടുത്തിട്ടുണ്ട്. ഇതിൽ 27.08.2025 മുതൽ 26.09.2025 വരെ എടുത്ത അവധി വിവരങ്ങൾ സേവനപുസ്തകം പേജ് 25ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2	നടരാജൻ.കെ.	1)അർദ്ധവേതനാവധി കണക്ക് പേജ് 126/127ൽ 27.02.2024മുതൽ 24.08.2024വരെയുള്ള കാലയളവിലെ അവധി വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ വിവരം സേവനപുസ്തകത്തിന്റെ ബോഡിയിലും ഇല്ല. 2)പേജ് നമ്പർ 132 പ്രകാരം 28.11.2023മുതൽ 11.12.2024 വരെ എടുത്ത ശമ്പള രഹിത അവധി വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3	അജിത .പി.എ	10/09/2025 മുതൽ 25.10.2025 വരെ 5 കമ്മ്യൂട്ടഡ് അവധിയും 3 അർദ്ധവേതനാവധിയും അനുവദിച്ചിട്ടുള്ളത് അർദ്ധവേതനാവധി കണക്കിലും (പേജ് 122/123) സേവനപുസ്തകത്തിലെ ബോഡിയിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4	അയ്യമ്മ.എം	1)സേവനപുസ്തകം പേജ് 112 മുതൽ 117വരെയുള്ളതിൽ 12.09.2023 മുതൽ 20.08.2024വരെയുള്ള ആർജ്ജിതാവധി പേജ് 125ൽ 30.09.2023 മുതൽ 25.03.2025വരെയുള്ള അർദ്ധവേതനാവധി പേജ് 132 ൽ 17.07.2024 മുതൽ 23.07.2024 വരെയുള്ള ശമ്പളരഹിത അവധി കണക്ക് എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഇക്കാലയളവിലെടുത്ത മേൽ അവധികൾ സംബന്ധിച്ച പൂർണ്ണവിവരം സേവനപുസ്തകത്തിന്റെ ബോഡിയിൽ രേഖപ്പെടുത്തിയിട്ടില്ല. 2)അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം 25.07.2024 മുതൽ 21.08.2024 വരെ 28 ദിവസം അവധിയിലാണ്. എന്നാൽ ആർജ്ജിതാവധി കണക്കിൽ (പേജ് 117) 25.07.2024 മുതൽ 20.08.2024 വരെ 26 ദിവസം ആർജ്ജിതാവധി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 25.07.2024 മുതൽ 20.08.2024 വരെ മാത്രം 27 ദിവസങ്ങൾ)

സേവനത്തെ ബാധിക്കുന്ന അവധി വിവരം യഥാസമയം സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താതെ ശമ്പളം അനുവദിക്കുന്നത് ശരിയായ നടപടിയല്ല. ഈ കാര്യാലയത്തിൽ നിന്ന് നഗരസഭ വിഭാഗം കണ്ടിജന്റ് ജീവനക്കാരുടെ 2019 ലെ ശമ്പളപരിഷ്കരണം അംഗീകരിച്ചതിന് ശേഷം (2021ൽ) നാളിതുവരെയുള്ള കാലയളവിലാണ് ഈ അപാകത കാണുന്നത് എന്നതിനാൽ ശമ്പളപരിഷ്കരണത്തിന് അംഗീകാരം നൽകിയതിന് ശേഷം നാളിതുവരെയുള്ള കാലയളവിലെ അറ്റൻഡൻസ് രജിസ്റ്റർ, ശമ്പളബിൽ, അവധി സംബന്ധിച്ച ഫയൽ എന്നിവ പരിശോധന വിധേയമാക്കി മുഴുവൻ ജീവനക്കാരുടെയും അവധി സംബന്ധിച്ച വിവരം അവധിക്കണക്കിലും സേവനപുസ്തകത്തിലും രേഖപ്പെടുത്തി കാലികമാക്കേണ്ടതും പ്രസ്തുത രേഖകൾ സഹിതം സേവനപുസ്തകങ്ങൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണ്.

3) സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് - സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല .

സേവനപുസ്തകം പാർട്ട് IV (Rule 150 Part III KSR) പ്രകാരം ഓരോ വർഷവും ജീവനക്കാരുടെ ശമ്പളവിതരണവുമായി ബന്ധപ്പെട്ട ബിൽ, അക്വിറ്റൻസ് എന്നിവ പരിശോധനവിധേയമാക്കിയിട്ടുണ്ട് എന്നത് സംബന്ധിച്ച മെമ്മോറാണ്ടം ഓഫ് വെരിഫിക്കേഷൻ ഓഫ് സർവ്വീസ് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഹാജരാക്കിയ സേവനപുസ്തകം പരിശോധിച്ചതിൽ നാളിതുവരെ ഒരു ജീവനക്കാരന്റെയും സേവനപുസ്തകത്തിൽ പ്രസ്തുത രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. വർഷാവർഷം പ്രസ്തുത രേഖപ്പെടുത്തൽ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം20/2024-25 തീ. 28.11.2025) നഗരസഭ 28.01.2026 ന് PHI -6306271/25 നമ്പർ ആയി നൽകിയ മറുപടി കത്തിനൊപ്പം 7 ജീവനക്കാരുടെ സേവന പുസ്തകം മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിരുന്നത്. തുടർന്ന് മേൽ ജീവനക്കാരുടെ സർവ്വീസ് ബുക്കുകൾ എല്ലാം അപാകത പരിഹരിച്ച് പരിശോധനക്ക് ഹാജരാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി 26.02.2026-ന് A4-168895/2026 ആയി മറുപടി ലഭ്യമാക്കിയിരുന്നു. എന്നാൽ നാളിതുവരെ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചുകൊണ്ട് സേവനപുസ്തകങ്ങൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ആയത് അപാകതകൾ പരിഹരിച്ച് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

1-26 കണ്ടിജന്റ് വിഭാഗം-പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിച്ച് നൽകുന്നതിൽ കാലതാമസം

താഴെ പറയുന്ന കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് പെൻഷൻ കമ്മ്യൂട്ടേഷൻ ഈ കാര്യാലയത്തിൽ നിന്ന് യഥാസമയം അംഗീകരിച്ച് നൽകിയെങ്കിലും കമ്മ്യൂട്ട് ചെയ്ത പെൻഷൻ തുക അനുവദിക്കുന്നത് വരെ പൂർണ്ണ നിരക്കിൽ പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

ക്രമ നം	പെൻഷണറുടെ പേര്	പെൻഷൻ പറ്റിയ തീയ്യതി	പെൻഷൻ	റസിഡ്യുറി പെൻഷൻ	റസിഡ്യുറി പെൻഷൻ അനുവദിച്ച് തുടങ്ങിയത്	കമ്മ്യൂട്ടേഷൻ തുക അനുവദിച്ച മാസം
1	സി.വി. സന്ധ്യാവ്	30.04.2023	23022	13814	03/2025	05/2025
2	അബ്ദുൾകാദർ കെ.എച്ച്	31.05.2023	31100	18660	”	”
3	സി.സി. വിശ്വംഭരൻ	29.02.2024	11500	6900	”	
4	കെ.വി. ശശി	30.04.2024	22133	13280	”	”
5	മോഹൻകുമാർ. എൻ.പി. (ലൈബ്രറി അറ്റൻഡർ)	31.05.2024	19280	11568	”	”
6	കെ.എസ്. ചന്ദ്രമോഹൻ	31.05.2024	16345	9807	”	”
7	കുഞ്ഞപ്പൻ. പി.കെ	31.01.2025	11500	6900	”	”

ഇപ്രകാരം കമ്മ്യൂട്ടേഷൻ സംഖ്യ യഥാസമയം അനുവദിക്കാതിരിക്കുകയും കമ്മ്യൂട്ടേഷൻ അനുവദിക്കുന്നതുവരെ പൂർണ്ണനിരക്കിൽ പെൻഷൻ അനുവദിക്കാനുമുണ്ടായ കാരണം വിശദമാക്കേണ്ടതാണെന്ന് കാണിച്ച് 16.10.2025 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 04/2024-25) നഗരസഭ 05.01.2026ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയുടെ

കടുത്ത സാമ്പത്തിക പ്രതിസന്ധിയും, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് കൃത്യമായി പെൻഷൻ ഫണ്ട് ലഭ്യമാകാത്തതും, തുടരെ 7 പേർ വിരമിക്കുകയും ചെയ്ത സാഹചര്യവും മൂലം കമ്മ്യൂട്ടേഷൻ അനുവദിക്കുന്നതിന് കാലതാമസം വരികയും ആയതിനാലാണ് കമ്മ്യൂട്ടേഷൻ നൽകാത്ത കാലയളവിൽ മുഴുവൻ പെൻഷനും അനുവദിക്കേണ്ട സാഹചര്യം വന്നിട്ടുള്ളതെന്നും മേലിൽ കമ്മ്യൂട്ടേഷൻ കൃത്യമായി നൽകുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി മുതലായ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് മുൻഗണന നൽകേണ്ടതും, മേലിൽ പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കമ്മ്യൂട്ടേഷൻ അനുവദിച്ചതിന് ശേഷം പ്രസ്തുത വിവരവും പെൻഷൻ കമ്മ്യൂട്ടേഷൻ പുനഃസ്ഥാപിക്കുന്ന തീയ്യതിയിൽ വരുന്ന മാറ്റവും പെൻഷൻ ആനുകൂല്യങ്ങൾ ശുപാർശ ചെയ്യുന്ന കാര്യാലയം എന്ന നിലക്ക് ഓഡിറ്റിനെ യഥാസമയം അറിയിക്കേണ്ടതുമാണ്.

1-27 കണ്ടിജന്റ് പെൻഷൻകാർക്ക് ക്ഷാമബത്ത കുടിശ്ശിക, പെൻഷൻ റിവിഷൻ കുടിശ്ശിക അധികം അനുവദിച്ചു -തിരിച്ചടവ് വിവരം ലഭ്യമാക്കേണ്ടതാണ്.

കെ സ്മാർട്ട് വൗച്ചർ നമ്പർ P-M070700-24000567 തീയ്യതി 20-09-2024

മേൽ ബിൽ പ്രകാരം 23 കണ്ടിജന്റ് പെൻഷൻകാർക്ക് രണ്ടു ഗഡു ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് സംബന്ധിച്ച ബിൽ, കുടിശ്ശിക പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പെൻഷൻകാർക്ക് അധികം സംഖ്യ അനുവദിച്ചതായി കാണുന്നു.

ക്രമ നമ്പർ	പെൻഷണറുടെ പേര്	01.01.2019മുതൽ 31.03.2021വരെ അനുവദിക്കാവുന്ന ആകെ കുടിശ്ശിക (20% -36%)(₹)	പെൻഷൻ റിവിഷൻ കുടിശ്ശിക (₹)	ആകെ (₹)	അനുവദിച്ച കുടിശ്ശിക (₹)	അധികം നൽകിയത് (₹)
1	ശ്രീമതി നല്ലമ്മ.കെ W/Oമുത്തുസ്വാമി (കുടുംബപെൻഷണർ)	25,128	-	25,128	58,251	33,153
2	ശ്രീ പൈലി ദേവസ്സി	42,227	52,740	94,967	97,116	2,149
3	കെ.കെ.ശശി	16,072	-	22,645	22,645	6,573

മേൽ ജീവനക്കാർക്ക് അധികം നൽകിയ സംഖ്യ തിരികെ ഈടാക്കണമെന്ന് കാണിച്ച് 16.10.2025ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/2024-25 ന്, നഗരസഭ 05.01.2026 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ (1) പ്രകാരമുള്ള പെൻഷണർക്ക് അധികം നൽകിയ തുക 10/2024 ലെ പെൻഷനിൽ നിന്ന് ₹2,823/- ഈടാക്കിയതായും ബാക്കിയുള്ള തുക ₹30,330/-, 02/2026 മാസം മുതൽ 9 തുല്യ ഗഡുക്കളായും, ക്രമനമ്പർ (2) പ്രകാരമുള്ള പെൻഷണർക്ക് അധികം നൽകിയ തുക 01/2026 ലെ പെൻഷനിൽ നിന്ന് ഈടാക്കിയതായും, ക്രമ നമ്പർ (3)പ്രകാരമുള്ള പെൻഷണർക്ക് നൽകിയ അധിക തുക 01/12026 മുതൽ 6 ഗഡുക്കളായി {(₹1314/-X5)+1317/-} ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരുന്നു. (ക്രമനമ്പർ (3) പ്രകാരമുള്ള കുടിശ്ശിക 6 ഗഡുക്കളായി ഈടാക്കിയാൽ ₹1314/- അധികം വരുന്നതാണ്.)

ക്രമനമ്പർ (1), (3) പ്രകാരമുള്ള പെൻഷൻകാർക്ക് അധികം നൽകിയ തുക പൂർണ്ണമായും തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

1-28 പെൻഷൻ ഫണ്ട്

I-റഗുലർ പെൻഷൻ ഫണ്ട്

1.റഗുലർ ജീവനക്കാരുടെ പെൻഷൻ വിതരണം -17.19 കോടി രൂപ സെൻട്രൽ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്നു-നഗരസഭ കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല

1996 -ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം – റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം (6) പ്രകാരം രൂപീകരിച്ച സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി ഒടുക്കേണ്ടതാണ് (ചട്ടം7(2)). ശമ്പള ബില്ലിന്റെ തുക പെൻഷൻ വിഹിതം ഉൾപ്പെടെ ഒന്നായി പിൻവലിക്കേണ്ടതും അറ്റ ശമ്പളമായി പിൻവലിക്കാൻ പാടില്ലാത്തതുമാണ്. പെൻഷൻ വിഹിതം കൃത്യമായി അടച്ചിട്ടും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അർഹതപ്പെട്ട പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാലും മുനിസിപ്പൽ

ഫണ്ടിന്റെ അപര്യാപ്തത മൂലവും 2009 സെപ്റ്റംബർ മാസം മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് നഗരസഭ പെൻഷൻ വിഹിതം അടവാക്കിയിട്ടില്ല. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ആവശ്യത്തിന് തുക അനുവദിക്കാത്തതിനാൽ നഗരസഭാ ഫണ്ടിൽ നിന്നാണ് പെൻഷൻ നൽകുന്നത്. 31.03.2025ൽ 70 റഗുലർ പെൻഷൻകാരാണ് നഗരസഭയിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നത്.
പെൻഷൻ വിതരണത്തിനായി തൻവർഷം ₹1,92,68,438/-രൂപ ചെലവായപ്പോൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നു യാതൊരു തുകയും ലഭിച്ചിട്ടില്ലാത്തതാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് പെൻഷൻ വിതരണത്തിനുള്ള തുക ലഭിക്കാത്തതിനാൽ മുനിസിപ്പൽ ഫണ്ടിൽ നിന്ന് പെൻഷൻ നൽകേണ്ടി വരുന്നത് നഗരസഭയ്ക്ക് അധിക ബാധ്യതയാകുന്നു. ശമ്പളത്തോടൊപ്പം പെൻഷൻ നൽകുന്നതിനും തുക കണ്ടെത്തേണ്ടി വരുന്നതിനാൽ നഗരസഭാ ഫണ്ട് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് പര്യാപ്തമാകുന്നില്ല. 2024-25 വാർഷിക കണക്കിലെ ബി8 ഷെഡ്യൂളനുസരിച്ച് (കോഡ്-3501116)നഗരസഭ ₹3,47,51,621/- രൂപ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കാനുണ്ട്.
വാർഷിക കണക്കിലെ ബി-14 ഷെഡ്യൂൾ പ്രകാരം നഗരസഭക്ക് 17.01 കോടി രൂപ (കോഡ് 4315099-Other Receivable) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ളതായി കാണിച്ചിട്ടുണ്ട് .വിശദാംശം താഴെ ചേർക്കുന്നു.

2023-24 ലെ ബാലൻസ് ഷീറ്റ് പ്രകാരം (ബി-15 ഷെഡ്യൂൾ, കോഡ് 431409901-Other Receivable (Current) -₹1,64,72,601/- + കോഡ് 431409902-Other Receivable (Arrears)-₹13,62,50,740/- പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാൻ ബാക്കി നിന്നിരുന്ന തുക	15,27,23,341
ലെഡ്ജർ കോഡ് 3501105-Pension And Gratuiry Payable പ്രകാരം 31.03.2025ൽ തൻവർഷ ചെലവ് ബുക്ക് ചെയ്തത്	1,74,08,015
ബി - 14 ഷെഡ്യൂൾ, കോഡ് 4315099 പ്രകാരം 2024-25 -ൽ ലഭിക്കാൻ ബാക്കി നിൽക്കുന്ന തുക	17,01,31,356

എന്നാൽ തൻവർഷത്തെ ചെലവ് പൂർണ്ണമായും ഉൾപ്പെടുത്താതെയാണ് ബാലൻസ് ഷീറ്റിൽ മേൽ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് കിട്ടാനുള്ളതായി കാണിച്ചിട്ടുള്ളത്. RP -P17 -Sundry Creditors, Code -3501115 Pension And Gratuity Payable പ്രകാരമുള്ള ₹18,17,802/- രൂപ കൂടി ബി - 14 ഷെഡ്യൂൾ, കോഡ് 4315099 -ൽ ഉൾപ്പെടുത്തേണ്ടതാണ് . ഈ തുക കൂടി ഉൾപ്പെട്ടാൽ വാർഷിക കണക്ക് പ്രകാരം വരുന്ന ചിലവ് ₹1,92,25,817/- (₹1,74,08,015 + ₹18,17,802/) രൂപയാണ്. എന്നാൽ തൻവർഷത്തെ റഗുലർ പെൻഷൻ ഫണ്ടുമായി ബന്ധപ്പെട്ട വൗച്ചറുകൾ ,ബാങ്ക് പാസ്സ് ബുക്ക്, വിവിധ ലെഡ്ജർ എന്നിവയുടെ പരിശോധന പ്രകാരം തൻ വർഷം വന്ന ആകെ ചെലവ് ₹1,92,68,438/-- രൂപയാണ്. ഈ തുക കൂടി ഉൾപ്പെടുത്തിയാൽ ₹17,19,91,779/-(₹15,27,23,341/-+₹1,92,68,438/-) നഗരസഭക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കേണ്ടതായുണ്ട്. തൻവർഷത്തെ ചെലവ് സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

Month	Gross (₹)
04/2024	16,11,091
05/2024	15,75,267
06/2024	15,79,267
07/2024	15,79,267
08/2024	15,65,360
09/2024	15,65,360
10/2024	15,65,360
11/2024	16,10,245
12/2024	16,02,902

01/2025	16,02,391
02/2025	15,19,167
03/2025	15,72,415
02/2025 (Sup)	52248
Festival Allowance 2024-25	79250
DCRG അനുവദിച്ചത്	188848
ആകെ	19268438

വാർഷിക കണക്കിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് കിട്ടാനുള്ള തുക കുറച്ചത് കാണിച്ചതിന് കാരണം വിശദമാക്കേണ്ടതും, വാർഷിക കണക്കിൽ ബി - 14 ഷെഡ്യൂൾ , കോഡ് 4315099ൽ മാറ്റം വരുത്തേണ്ടതുമാണ്.

2) പെൻഷൻ ഫണ്ട് - രേഖകൾ കാലികമാക്കിയില്ല.

നഗരസഭയുടെ പെൻഷൻ ഫണ്ട് പരിശോധന സംബന്ധിച്ച് കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 19.05.2024ൽ ഡി.കെ.എസ്.എ.2078/ എം.എൽ.3/2024 പ്രകാരം നൽകിയ സൂചകങ്ങൾ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നഗരസഭക്ക് 07.07.2025ൽ കെ.എസ്.എ-പി.ബി.എം(എ2) 158/2025 പ്രകാരം നൽകിയ കത്തിന് നഗരസഭ നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ താഴെ പറയുന്ന അപാകതകൾ പെൻഷൻ ഫണ്ടുമായി നിലനിൽക്കുന്നു.

1.നാളിതുവരെ പെൻഷൻ(റെഗുലർ/കണ്ടിജന്റ്) ഇനത്തിൽ നൽകിയ തുകയുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ വകയിരുത്തിയ തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് കൃത്യമായി ഒടുക്കു വരുത്തിയതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.

3.നാളിതുവരെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിന് വിനിയോഗിച്ച തുകയുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4.റഗുലർ സർവ്വീസ് പെൻഷൻ /ഫാമിലി പെൻഷൻ /കണ്ടിജന്റ് സർവ്വീസ് പെൻഷൻ/ ഫാമിലി പെൻഷൻ എന്നിവ കൈപ്പറ്റുന്നവരുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.

5.കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ 2007 പ്രകാരമുള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ മുനിസിപ്പൽ പെൻഷൻ ഫണ്ടിനുവേണ്ടി തയ്യാറാക്കിയിട്ടില്ല.

6.പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിലെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് നിശ്ചിത മാതൃകയിലുള്ള പെൻഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7.മുൻപ് അനുവദിക്കപ്പെട്ട പെൻഷൻ പരിഷ്കരിക്കുന്ന സമയത്ത് ആയത് സംബന്ധിച്ച വിശദാംശം പരിശോധനക്ക് ലഭ്യമാക്കുന്നില്ല.

8.പെൻഷൻ റീസ്റ്റൊറേഷൻ,ഫാമിലി പെൻഷൻ ഉയർന്ന നിരക്കിൽ നിന്നും സാധാരണ നിരക്കിലേക്ക് മാറ്റുന്നതും, സമയബന്ധിതമായി പെൻഷൻ പരിഷ്കരിക്കുന്ന വിവരവും യഥാസമയം ഓഡിറ്റിൽ ലഭ്യമാക്കുന്നില്ല.

9.സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള നഗരസഭയിൽ നിന്നല്ലാതെ മറ്റു നഗരസഭകളിൽ നിന്നും പെൻഷൻ വാങ്ങുന്നതിന് ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

10. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 1996 ലെ കേരള മുനിസിപ്പാലിറ്റി(ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്)ചട്ടങ്ങൾ ചട്ടം11(4) പ്രകാരം പെൻഷൻ ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ ട്രഷറികളിൽ അതാത് സമയങ്ങളിൽ പ്രാബല്യത്തിലുള്ള രജിസ്റ്ററുകളും ഫോറങ്ങളും (പെൻഷൻ രജിസ്റ്റർ ,പെൻഷൻ പേയ്മെന്റ് ഓർഡർ രജിസ്റ്റർ, പെൻഷൻ വിതരണ രജിസ്റ്റർ,ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ,അലോട്ട്മെന്റ് രജിസ്റ്റർ തുടങ്ങിയവ)തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരം രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

11.പെൻഷൻ ഫണ്ടിന്റെ കൃത്യമായ റീകൺസിലിയേഷൻ നടത്തി രേഖകൾ ലഭ്യമാക്കിയിട്ടില്ല.

12. നഗരസഭയിൽ നിന്നും പെൻഷൻ വിതരണം ചെയ്യപ്പെടുന്ന എല്ലാ പെൻഷൻകാരുടെയും പെൻഷൻ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

13.വാർഷിക ധനകാര്യ പത്രിക സമർപ്പിക്കുന്നതിനോടൊപ്പം പെൻഷൻ ഫണ്ട് അക്കൗണ്ട് കൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ആയത് സമർപ്പിക്കപ്പെട്ടിട്ടില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള രജിസ്റ്ററുകൾ /രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

സെൻട്രൽ പെൻഷൻ ഫണ്ടും പെൻഷൻ അംശദാനവും-2024-25 ലെ കണക്ക്

ഫണ്ട്	തുക (₹)	റിമാർക്സ്

റഗുലർ പെൻഷൻ അക്കൗണ്ടിലെ മുന്നിരിപ്പ്(SBI)	26,922.00	-
നഗരസഭ തന്നാണ്ട് അടവാക്കേണ്ട പെൻഷൻ അംശദാനം	36,50,594	കോഡ് 2103007 (ഷെഡ്യൂൾ 1 -10)
അടവാക്കിയ തുക	ഇല്ല	-
അടവാക്കാൻ അവശേഷിക്കുന്ന തുക	3,47,51,621	B-8 Schedule Code-3501106
സാമ്പത്തിക വർഷം വന്ന ചെലവ്	1,92,68,438	3501105-Pension And Gratuiry Payable പ്രകാരം 1,74,08,015
പെൻഷൻ ഫണ്ടിൽ നിന്നും തന്നാണ്ട് നഗരസഭക്ക് ലഭിച്ച വിഹിതം (DUA)	-	-
വിഹിതം ലഭിക്കാത്ത കാലയളവിൽ നഗരസഭ അഡ്ജസ്റ്റ് ചെയ്ത തുക	1,92,68,438	-
പെൻഷൻ അക്കൗണ്ടിലെ നീക്കിയിരുപ്പ്	31,214	-

3. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരണം

1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 222(1), 565(1) എന്നിവയിലെ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 1997ലെ കേരള മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് റൂൾസ് രൂപീകരിക്കുകയും തദ്ദേശ ഭരണ വകുപ്പിന്റെ 3.5.1997 ലെ ജി.ഒ.(പി) 96/97 ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരന്റെ മൊത്ത ശമ്പളത്തിന്റെ 15% എന്ന നിരക്കിൽ നഗരസഭ പ്രതിമാസ വിഹിതം പെൻഷൻ ഫണ്ടിനായി രൂപീകരിക്കുന്ന ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കണമെന്നും പെൻഷൻ അംശദാനം പ്രതിമാസ ശമ്പള ബില്ലിന്റെ ഒരു ഭാഗമായിത്തന്നെ പിൻവലിക്കണമെന്നും ഈ ഉത്തരവിൽ നിർദ്ദേശമുണ്ട്. എന്നാൽ നഗരസഭയിൽ ഇപ്രകാരം പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. 2024-25 സാമ്പത്തികവർഷത്തെ ശമ്പളബിൽ പരിശോധനയിൽ നഗരസഭയിലെ 41 കണ്ടിജന്റ് വിഭാഗം ജീവനക്കാരിൽ 5 പേർ മാത്രമാണ് ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാത്തത്. പ്രസ്തുത ജീവനക്കാരുടെ പെൻഷൻ അംശദാനം നഗരസഭ പ്രത്യേകം അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല. 60 കണ്ടിജന്റ് പെൻഷൻകാർക്ക് തൻവർഷം പെൻഷൻ നൽകുന്നതിന് ₹1,39,73,606/- നഗരസഭ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ യാതൊരു സംഖ്യയും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് തൻവർഷം വരവായി ലഭിച്ചിട്ടില്ല. ചെലവ് സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

മാസം	പെൻഷൻ (₹)
04/2024	821575
05/2024	861959
06/2024	835889
07/2024	909764
08/2024	980007
09/2024	900345
10/2024	900345
11/2024	926124
12/2024	965607

01/2025	926124
02/2025	929266
03/2025	882477
പെൻഷൻ റിവിഷൻ കടിശ്ശിക	1492236
ഡി.സി.ആർ.ജി	1641888
ആകെ	13973606

മുൻവർഷത്തെ വാർഷിക ധനകാര്യ പത്രിക RP 22ൽ Code -311700100-ബാലൻസ് എൻട്രിയായി രേഖപ്പെടുത്തിയിരുന്ന തുക ₹55,50,073/-പ്രാരംഭ ബാക്കിയായി കാണിച്ചാണ് തൻവർഷത്തെ ചെലവ് തുക ലെഡ്ജർ കോഡ് -3501115ൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതുപ്രകാരം 1-10 Schedule Establishment Expense(210)code 2103009ൽ ₹99,39,722/- -രൂപ Correction Entry ആയും , P-17-Sundry Creditors, Code- 3501115ൽ Contingent Pension And Gratuity Payable എന്ന ഹെഡ്ഡിൽ ₹53,99,407/- രൂപയും ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. (ആകെ ₹1,53,39,129/- (₹99,39,722/+ ₹53,99,407/-) വൗച്ചർ പ്രകാരം തൻവർഷം വന്ന ആകെ ചെലവുതുകയുമായി ₹13,65,523/-രൂപയുടെ (₹1,53,39,129-₹1,39,73,606/-) വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.
വാർഷികകണക്കിൽ വന്നിട്ടുള്ള അപാകതകൾ തുടർ വർഷങ്ങളിൽ പരിഹരിച്ച് വാർഷികകണക്ക് തയ്യാറാക്കേണ്ടതാണ്.
(ഇത് സംബന്ധിച്ച് 21.02.2026 തീയ്യതിയിൽ 93/24-25 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.)

1-29 താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഉപയോഗശൂന്യമായ വസ്തുക്കളുടെ ലേലം - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

കെ സ്മാർട്ട് ഫയൽ നമ്പർ- 1146360/2024

താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ പി.പി. വിഭാഗത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന വസ്തുക്കൾ ലേലം ചെയ്യുന്നതിന് വിലനിർണ്ണയം നടത്തേണ്ടതിനാൽ ആയതിന്റെ സർവ്വേ റിപ്പോർട്ട് എടുത്ത് നൽകുന്നതിന് നഗരസഭ എഞ്ചിനീയറെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ട് 15.04.2024 ൽ ബി2-1710/2024 നമ്പറായി നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഓവർസിയർ ₹1,85,052/-രൂപയുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി നൽകിയത് കൗൺസിൽ അംഗീകരിക്കുകയും കൗൺസിലിന്റെ 09/09/2024 ലെ 10-ാം നമ്പർ തീരുമാനപ്രകാരം താലൂക്ക് ആശുപത്രിയിലെ പി.പി. യൂണിറ്റ് വിഭാഗത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന വസ്തുക്കൾ ലേലം ചെയ്യുന്നതിന് താലൂക്ക് ആശുപത്രി സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇത് സംബന്ധിച്ച് 23.09.2024 ൽ സെക്രട്ടറി കത്ത് നൽകിയെങ്കിലും തുടർനടപടികൾ സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 71/2024-25 തീയ്യതി 02.02.2026) നഗരസഭ മറുപടി ലഭ്യമാക്കിയില്ല.
പ്രസ്തുത വസ്തുക്കളുടെ ലേലം സംബന്ധിച്ചും ലേല സംഖ്യ ഏത് അക്കൗണ്ടിലാണ് വരവ് വച്ചതെന്നും സംബന്ധിച്ച വിവരം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-30 ഉപയോഗശൂന്യമായ വസ്തുക്കളുടെ ലേല നടപടികളിൽ കാലതാമസം

ഫയൽ നമ്പർ 1319884-2024

പെരുമ്പാവൂർ നഗരസഭ ഓഫീസ് കോമ്പൗണ്ടിൽ കിടക്കുന്ന വിറ്റുപോയ ട്രാക്ടറിന്റെ ഉപയോഗശൂന്യമായ ഭാഗങ്ങൾ ലേലം ചെയ്ത് വിൽക്കണമെന്ന ചെയർമാന്റെ നിർദ്ദേശപ്രകാരം താഴെ പറയുന്ന ഭാഗങ്ങളുടെ വാല്യൂവേഷൻ നടത്തി ₹1,57,000/- യുടെ സർവ്വേ റിപ്പോർട്ട് നഗരസഭ ഓവർസീയർ 09.04.2024 ന് കൗൺസിലിന് സമർപ്പിച്ചിരുന്നു.

1)water Tank Trailer	1 No.
2)Trailer Aluminium Covering	2 No.
3)Tyre Goods Vehicle	6 No.
4) Tyre Light Vehicle	4 No.

ഓവർസീയർ സമർപ്പിച്ച ₹1,57,000/- യുടെ സർവ്വേ റിപ്പോർട്ട് വാല്യുവേഷൻ 19.10.2024 ലെ 6-ാം നമ്പർ കൗൺസിൽ അംഗീകരിക്കുകയും പ്രസ്തുത സാധനങ്ങൾ ലേലം ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ ലേല നടപടികൾ പൂർത്തിയാക്കിയതായി കാണുന്നില്ല.

കൂടാതെ പ്രസ്തുത ഫയൽ പരിശോധനയിൽ 12-ാം വാർഡിൽ അംഗൻവാടിയിൽ സൂക്ഷിച്ചിരിക്കുന്ന ആക്രി സാധനങ്ങൾ ലേലം ചെയ്യണമെന്ന് നിരവധി തവണ വാർഡ് കൗൺസിലർ ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും ആക്രി സാധനങ്ങൾ നീക്കം ചെയ്യാത്തതുമൂലം അവിടെ ഇഴജന്തുക്കളുടെ സാന്നിദ്ധ്യം കൂടുതലാണെന്നും കുട്ടികളുടെ സുരക്ഷയ്ക്കായി അടിയന്തിരമായി ടി ആക്രി സാധനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും (ഫയൽ നമ്പർ 11617-2024) രേഖപ്പെടുത്തിയിട്ടുണ്ട്. ലേലനടപടികൾ പൂർത്തിയാക്കാത്തതുമായി ബന്ധപ്പെട്ട അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 73/2024-25 തീയ്യതി 02.02.2026) നഗരസഭ നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല.
മേൽ പാഴ് വസ്തുക്കൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-31 മുൻകൂർ അനുവദിച്ചത് - പൊതു അപാകതകൾ

(എ) മുൻകൂർ അനുവദിച്ചത് ക്രമീകരിച്ചില്ല.
നഗരസഭ വിവിധയിനങ്ങൾക്കായി 2024-25 സാമ്പത്തികവർഷം നൽകിയ മുൻകൂർ തുകകളിൽ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതായി അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വൗച്ചർ നം	മുൻകൂർ സംഖ്യ (₹)	ചെക്ക് നമ്പർ & തീയ്യതി	മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ	മുൻകൂർ നൽകിയതിന്റെ വിവരം
1	P-MO-70700-24000301	50,000	70820/ 24.06.2024	സി.വിമൽകുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	തെരുവ് നായ ആക്രമണം-തുടർനടപടികൾ
2	P-MO-70700-24000436	20,000	70895/ 31.07.2024	രേണു.ആർ.നായർ, ഓവർസീയർ	നഗരസഭ കാര്യാലയത്തിലെ വാതിലുകളുടെ അറ്റകുറ്റപണി
3	P-MO-70700-24001049	70,000	103957/ 14.01.2025	സജീവൻ പി.സി, ഓവർസീയർ	ഇ.എം.എസ്. ടൗൺഹാൾ - ഇലക്ട്രിക്ക് വർക്കുകൾ
4	P-MO-70700-24001098	25,000	103977/ 15.01.2025	പ്രസന്നൻ.സി. ഹെൽത്ത് ഇൻസ്പെക്ടർ	വെജിറ്റബിൾ മാർക്കറ്റ് സെപ്റ്റിക് ടാങ്ക്-അറ്റകുറ്റപണികൾ
5	P-MO-70700-24001185	10,000	104043/ 01.02.2025	രേഖ പി.വി, ഓവർസീയർ	എം.സി.എഫ്. സെന്റർ ഗേറ്റ് - അറ്റകുറ്റപണികൾ

ജി.ഒ.(പി) നം. 419/2011/ഫിൻ തീയ്യതി 04.10.2011 പ്രകാരം ഒരു താൽക്കാലിക മുൻകൂർ അനുവദിച്ച്

കഴിഞ്ഞാൽ ആയത് മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം സമയപരിധി തീരുന്ന മുറക്ക് 18% പിഴപലിശ സഹിതം മുഴുവൻ തുകയും ഈടാക്കേണ്ടതാണെന്നും ഉത്തരവുള്ളതാണ്. ആയത് പാലിക്കപ്പെട്ടിട്ടില്ല. സമയപരിധി അവസാനിച്ചിട്ടും ക്രമീകരിക്കാതെ അവശേഷിക്കുന്ന മുൻകൂറുകൾ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

2)മുൻകൂർ രജിസ്റ്റർ കാലികമല്ല

ബാലൻസ് ഷീറ്റിലെ B 18-ലോൺ, അഡ്വാൻസുകൾ, ഡെപ്പോസിറ്റുകൾ എന്ന ഷെഡ്യൂളിൽ മുൻകൂർ ഇനങ്ങളിൽ നഗരസഭ നൽകിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന വിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. ഇത്തരത്തിൽ മുൻകൂർ നൽകിയിട്ടുള്ള പ്രസ്തുത തുകകൾ ക്രമീകരിക്കുന്നതിനോ ഈടാക്കുവാനോ ഇവയെ മുൻകൂർ രജിസ്റ്ററിൽ നിന്നും മാറ്റുന്നതിനാവശ്യമായ തുടർ നടപടികളോ സ്വീകരിച്ചിട്ടില്ല. മുൻകൂറായി തുക നല്കിയത് ക്രമീകരിക്കാതെ വർഷങ്ങളായി തുടരുന്നു. വിശദാംശം താഴെ ചേർക്കുന്നു.

ക്രമ നം.	കോഡ്	ഇനം	2023-24 ൽ അവശേഷിച്ച തുക (₹)	2024-25 ൽ അവശേഷിക്കുന്ന തുക (₹)
1	4605002	Advance To Implmenting Agencies - Municipal Fund	5,50,000	5,49,790
2	4606003	Water Deposits	7,80,000	3,35,023
3	4601099	Other Loans And Advance To Employees	1,02,500	1,21,485
4	4605004	Temparary Advance For Official Purpose	5,26,148	7,59,289

മേൽ പ്രകാരമുള്ള മുൻകൂർ ക്രമീകരിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) അക്ഷരപെരുമ 10 -മുൻകൂർ അനുവദിച്ചതിലെ അപാകത

ഫയൽ നമ്പർ 1193588-2024

2024 വായനവാരം ജൂൺ 19 മുതൽ 21 വരെ വിവിധ പരിപാടികളോടെ അക്ഷരപെരുമ 10- എന്ന പേരിൽ ആഘോഷിക്കാൻ ലൈബ്രറി കമ്മിറ്റിയുടെ 08.05.2024ലെ 2-ം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 24.05.2024ലെ 23-ം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ₹1,50,000/-പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി ശ്രീ. റെജി ജോൺ, സീനിയർ ക്ലർക്കിന്റെ പേരിൽ മുൻകൂർ അനുവദിക്കാൻ തീരുമാനിച്ചു. പ്രസ്തുത തുക ചെക്ക് നമ്പർ 1065817 തീയ്യതി 15.06.2024 പ്രകാരം തനതുഫണ്ടിൽ നിന്ന് അനുവദിച്ച് നൽകി.

₹1,50,080/- ചെലവായ അക്ഷരപ്പെരുമ-10 ന്റെ നടത്തിപ്പിനായി ശ്രീ. റെജി ജോൺ എന്നവർക്ക് അനുവദിച്ച ₹1,50,000/- യുടെ മുൻകൂർ ക്രമീകരിക്കുന്നതിനും ചെലവ് അംഗീകരിക്കുന്നതിനും അധികമായി ചെലവായ ₹80/- ടിയാന് അനുവദിക്കുന്നതിനും 9/9/2024 ലെ 13 നമ്പർ തീരുമാനപ്രകാരം കൌൺസിൽ തീരുമാനിച്ചു. പ്രസ്തുത ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 2023-24 സാമ്പത്തികവർഷം പ്രസ്തുത പരിപാടിക്കായി ₹1,00,108/-യാണ് ചെലവഴിച്ച് കാണുന്നത്. തൻവർഷം ഈ പരിപാടിക്കായി വരുന്ന ചിലവ് സംബന്ധിച്ച് എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ മുൻകൂർ അനുവദിച്ചത് ശരിയായ നടപടിയല്ല.

2)ഈ പരിപാടിയുമായി ബന്ധപ്പെട്ട പല ഇനങ്ങളും ടെണ്ടർ/ക്വട്ടേഷൻ നടപടികൾ പാലിക്കേണ്ട ചിലവിനങ്ങളാണ്. അത്തരത്തിലുള്ള യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയാണ് സംഖ്യ ചെലവഴിച്ച് കാണുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

ക്രമനമ്പർ	ചെലവഴിച്ച സംഖ്യ (₹)	ഇനം
1	71,000/-	ലൈറ്റ്,സൗണ്ട്, പന്തൽ, നിർമ്മാണ ചിലവിനത്തിൽ എലൈറ്റ് വെഡ് പ്ലാനേഴ്സ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് നൽകിയത്

2	10,000/-	നോട്ടീസ്, പോസ്റ്റർ എന്നിവ അച്ചടിക്കുന്നതിന് ഓർമ്മ ഓഫ് സെറ്റ് പ്രസ്സിന് നൽകിയത്
3	10,000/-	വിവിധതരം ഫെക്സുകൾ തയ്യാറാക്കിയ വകയിൽ മെടിക്സ് ഫ്ലക്സ് എന്ന സ്ഥാപനത്തിന് നൽകിയത്
4	12,075/-	മെമൊന്റോ തയ്യാറാക്കുന്നതിന് EMCEE Copy Center എന്ന സ്ഥാപനത്തിന് നൽകിയത്

ടെണ്ടർ/ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് ചെയ്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.
3) അക്ഷരപെരുമ 10 എന്ന ഈ പരിപാടിക്ക് ഫണ്ട് ചെലവഴിക്കുന്നതിന് പരിധി നിശ്ചയിച്ചിട്ടുള്ള സർക്കാർ ഉത്തരവ് /അനുമതി പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ആയതിന്റെ അഭാവത്തിൽ ഈ പരിപാടിക്കായി ചെലവഴിച്ച സംഖ്യ സർക്കാർ ഉത്തരവിന് അനുസൃതമാണോയെന്ന് പരിശോധനാവിധേയമാക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത ഉത്തരവ് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

1-32 വാഹന പരിപാലനം - അപാകതകൾ

നഗരസഭക്ക് കീഴിലുള്ള വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1-ലോഗ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.
വാഹനങ്ങളിൽ ഇന്ധനം നിറച്ചതിന്റെയും ഇന്ധനക്ഷമതയുടെയും പരിശോധനക്കായി താഴെ പറയുന്ന വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ക്രമ നം.	വാഹന നമ്പർ	വാഹനം	റിമാർക്സ്
1	KL-40-H-4144	JCB	01.03.2024മുതൽ 31.03.2025 വരെയുള്ളത്
2	KL-40-F-6120	ബൈക്ക്	01.03.2024 മുതൽ 31.03.2025
3	KL-40-V-0762	IZUZU	01.11.2023മുതൽ 04.10.2024 വരെയുള്ളത്

മേൽ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ ഇന്ധനം നിറച്ചതുമായി ബന്ധപ്പെട്ട് പരിവാരം ടൂറിസ്റ്റ് ട്രാൻസിറ്റ് സെന്റർ, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് നൽകിയ താഴെ പറയുന്ന ചിലവിനങ്ങളുടെ കൃത്യത പരിശോധന വിധേയമാക്കാൻ സാധിച്ചിട്ടില്ല.

വാഹന നമ്പർ	വൗച്ചർ നമ്പർ /തീയ്യതി	ചെക്ക് നമ്പർ	തീയ്യതി	സംഖ്യ (₹)
KL-40-H-4144	P-M070700-24000402 - 22-07-2024	070882	22-07-2024	5051
	P-M070700-24000619 - 25-09-2024	079687	25-09-2024	5430
	P-M070700-24001381 - 29-03-2025	115305	29-03-2025	4231
KL-40-F-6120	P-M070700-24000312 - 30-06-2024	070826	29-06-2024	1067
	P-M070700-24000671 - 10-10-2024	086380	07-10-2024	1584
	P-M070700-24000836 - 22-11-2024	092830	22-11-2024	1056

	P-M070700-24001002 - 01-01-2025	099745	31-12-2024	528
	P-M070700-24001107 - 17-01-2025	103988	16-01-2025	528
	P-M070700-24001136 - 31-01-2025	104014	30-01-2025	1057
	P-M070700-24001250 - 28-02-2025	109500	28-02-2025	812
KL-40-V-0762 - Izuzu	P-M070700-24000019 - 12-04-2024	61638	11-04-2024	40695
	P-M070700-24000033 - 16-04-2024	061649	15-04-2024	14449
	P-M070700-24000034 - 16-04-2024	061649	15-04-2024	17746
	P-M070700-24000406 - 22-07-2024	070882	22-07-2024	21572
	P-M070700-24000410 - 22-07-2024	070882	22-07-2024	12957
	P-M070700-24000684 - 13-10-2024	086380	07-10-2024	11745
	P-M070700-24000675 - 10-10-2024	086380	07-10-2024	11866
	P-M070700-24000831 - 22-11-2024	092830	22-11-2024	8382
	ആകെ			160756

2-മലിനീകരണനിയന്ത്രണ ടെസ്റ്റ് നടത്തിയിട്ടില്ല

താഴെ പറയുന്ന വാഹനങ്ങളുടെ മലിനീകരണനിയന്ത്രണ ടെസ്റ്റ് 2024-25 സാമ്പത്തിക വർഷം നടത്തിയതായി കാണുന്നില്ല.

ക്രമ നം.	വാഹന നമ്പർ	വാഹനം
1	KL-40-L-1167	മഹീന്ദ്ര താർ ജീപ്പ്-മോഡൽ 2015
2	KL-40-F-6120	ബൈക്ക്
3	KL-40-K-6876	ഷാസി ടിപ്പർ
4	KL-40-H-4144	JCB
5	KL-40-V-0762	IZUZU
6	KL 40-V-7926	Eicher Pro 2080
7	KL-40-D-449	407 മോഡൽ ടിപ്പർ
8	KL-40-T-9255	Tata Intra
9	KL-40-G-0052	മഹീന്ദ്ര ബൊലേറോ
10	KL 40 -P-6268	ടൊയോട്ട ഇന്നോവ ക്രിസ്റ്റ 2018

മലിനീകരണ നിയന്ത്രണ ടെസ്റ്റ് നടത്താതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

3-VEELS സോഫ്റ്റ് വെയർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ധനകാര്യ (ഐ.ടി., സോഫ്റ്റ് വെയർ) വകുപ്പിന്റെ 22-10-2020ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ പൊതുമേഖല സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയിഡ് സ്ഥാപനങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ, സർക്കാർ സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ

ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ)അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ)എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ " VEELS " എന്ന സൈറ്റിൽ 30.11.2020 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണെന്നും 2020-21 സാമ്പത്തികവർഷം മുതൽ വാഹനസംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS-ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണെന്നും ഉത്തരവുള്ളതാണ്.
കൂടാതെ 28.12.2022ലെ സ.ഉ (കൈ)നം. 219/2022/ധന ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി ബന്ധപ്പെട്ട ഓരോ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കാതെ സൂക്ഷിക്കുന്ന വാഹനങ്ങളും പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ അധികമാകുന്ന വാഹനങ്ങളും ഉപയോഗകുറവുള്ള വാഹനങ്ങളും സർപ്ലസ്സ് ആയി രേഖപ്പെടുത്താനുള്ള ക്രമീകരണം വീൽസ് പോർട്ടലിൽ ഉൾപ്പെടുത്തുകയും എല്ലാ സർക്കാർ വാഹനങ്ങളിലും V-Index നമ്പർ പ്രദർശിപ്പിക്കേണ്ട ഫോർമാറ്റും വീൽസ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി ഒരു നോഡൽ ഓഫീസറെ വീൽസ് സോഫ്റ്റ് വെയർ ഏകോപിപ്പിക്കുന്നതിനായി നിയമിക്കേണ്ടതുമാണെന്നും ഉത്തരവുള്ളതാണ്.
എന്നാൽ നഗരസഭയിൽ നിലവിലുള്ള വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയിന്റെയും 2024-25 സാമ്പത്തികവർഷത്തെ മാസം തിരിച്ചുള്ള വിവരങ്ങൾ VEELS-ൽ രേഖപ്പെടുത്തിയതിന്റെയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് 02.02.2026ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 70/2024-25- ന് നഗരസഭ 26.02.2026 ന് ലഭ്യമാക്കിയ മറുപടിയിൽ KL-40-V-0762 Izuzu വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനക്കായി ഹാജരാക്കുന്നതായും PW 4 - 2628327/25 നമ്പർ ഫയൽ പ്രകാരം മേൽ ഖണ്ഡിക 2 ക്രമനമ്പർ 7,8 പ്രകാരമുള്ള വാഹനങ്ങളുടെ ഒഴികെയുള്ള മലീനികരണ നിയന്ത്രണടെസ്റ്റ് നടത്തിയിട്ടുള്ളതായും, നഗരസഭ വാഹനങ്ങൾ മിക്കവയും 08 മുതൽ 10 വർഷം വരെ കാലപ്പഴക്കം ഉള്ളവയായതിനാൽ വീൽസ് സോഫ്റ്റ് വെയറിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിന് ആവശ്യമായ എല്ലാ രേഖകളും നഗരസഭയിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത സോഫ്റ്റ് വെയറിൽ എന്റർ ചെയ്യുന്നതിന് സാധിച്ചിട്ടില്ലായെന്നുമുള്ള മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ KL-40-V-0762 Izuzu വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനക്കായി ഹാജരാക്കിയിട്ടില്ലാത്തതും മലീനികരണ നിയന്ത്രണ ടെസ്റ്റ് സംബന്ധിച്ച് വിവരം പ്രസ്തുത ഫയലിൽ ലഭ്യമല്ലാത്തതുമാണ്. ലോഗ് ബുക്കിന്റെ അഭാവത്തിൽ ചെലവുതുക ₹1,60,756/- തടസ്സത്തിൽ വെക്കുന്നു. മലീനികരണ നിയന്ത്രണടെസ്റ്റ് നടത്തി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും, വീൽസ് സോഫ്റ്റ് വെയറിൽ വാഹനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-33 കുടിവെള്ള പൈപ്പ് ലൈൻ നീട്ടിവലിക്കൽ-ഡെപ്പോസിറ്റ് പ്രവർത്തിയുടെ ബാലൻസ് തുക ലഭ്യമായത്-സർക്കാർ ഫണ്ടിൽ അടവാക്കിയില്ല.

കെ-സ്മാർട്ട് ഫയൽ നമ്പർ- PW3-835893/2024

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, PH ഡിവിഷൻ ആലുവയുടെ 01.04.2024ലെ 867/2024 നമ്പർ കത്തിനൊപ്പം നഗരസഭയ്ക്കായി നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കത്തിൽ പദ്ധതി നടത്തിപ്പിൽ ബാലൻസ് വന്ന സംഖ്യ തിരികെ നഗരസഭയിലേക്ക് അടവാക്കാനായി ബാങ്ക് അക്കൗണ്ട് വിവരം ലഭ്യമാക്കാനും, ആയത് പ്രകാരം നഗരസഭയുടെ തനതുഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് (ഫെഡറൽ ബാങ്ക്, പെരുമ്പാവൂർ ശാഖ A/C No-10030100719967)12.09.2024 -ൽ ₹4,44,977/- ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) മേൽ കത്തിനൊപ്പം അടക്കം ചെയ്ത ധനവിനിയോഗ സാക്ഷ്യപത്രത്തിൽ 4 പ്രോജക്ടുകൾക്കായി 2020-21 മുതൽ ₹7,80,000/- വകയിരുത്തിയതായും ആയതിൽ 3 പ്രോജക്ടുകൾ പൂർത്തീകരിച്ചതായും 1 പ്രോജക്ട് ഉപേക്ഷിച്ചതായും കാണുന്നു. ഡെപ്പോസിറ്റ് തുകയിൽ ₹2,97,661/- ചിലവഴിച്ചതായും ₹4,82,339/- ബാക്കി നിൽക്കുന്നതായും കാണുന്നു. എന്നാൽ വാട്ടർ അതോറിറ്റി നഗരസഭയിലേക്ക് തിരിച്ചടച്ചത് ₹4,44,977/- രൂപയാണ്. ₹37,362/- കുറവായി അടവാക്കി .

2) ഫയൽ പരിശോധനയിൽ 4 പ്രോജക്ടുകളുടെയും തുക നൽകിയിരിക്കുന്നത് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. വാർഷിക പദ്ധതിയിൽ നിന്നും ചിലവഴിച്ച തുകയിൽ ബാക്കി വരുന്ന സംഖ്യ നഗരസഭയുടെ തനത് ഫണ്ടിൽ അടവു വരുത്തുവാൻ സാധിക്കുകയില്ല. സഞ്ചിത നിധിയിൽ നിന്ന് ആവശ്യത്തിൽ അധികം പിൻവലിച്ചതും വിനിയോഗിക്കാത്തതുമായ ഫണ്ടുകൾ ചലാൻ വഴി 911-Deduct-Recoveries Of Over Payment എന്ന ശീർഷകത്തിൽ അതാത് ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് തിരിച്ചടക്കേണ്ടത്. എന്നാൽ നാളിതുവരെ ഈ തുക സർക്കാർ ഫണ്ടിൽ അടവാക്കിയതായി കാണുന്നില്ല.

ഡെപ്പോസിറ്റ് തുകയിൽ വാട്ടർ അതോറിറ്റി കുറവായി അടവാക്കിയ ₹37,362/- തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ വരവ് വെക്കേണ്ടതും, സഞ്ചിത നിധിയിൽ നിന്ന് ആവശ്യത്തിലധികം പിൻവലിച്ച തുക വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭ്യമായത് തിരിച്ചടക്കേണ്ട ശീർഷകത്തിൽ എത്രയും വേഗം അടവാക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട് 19.12.2025 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 35/2024-25 -ന് മറുപടി ലഭ്യമാക്കിയില്ല.

1-34 നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സർക്കാർ ഫണ്ടിലേക്ക് അടവാക്കിയില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരള സർവ്വീസ് റൂൾ, റൂൾ 146 എന്നിവ പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട നഗരസഭ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സംസ്ഥാനഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതും ടി-തുകകളും പെൻഷൻ അംശദാനവും നഗരസഭ തനതുഫണ്ടിൽ നിന്നും മാസം തോറും സർക്കാർ ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)ട്രഷറിയിൽ നിന്ന് നടപ്പു സാമ്പത്തികവർഷം ഈയിനത്തിൽ പിൻവലിച്ച തുക നഗരസഭ, സർക്കാർ ഫണ്ടിലേക്ക് നാളിതുവരെ അടവാക്കിയതായി കാണുന്നില്ല.

2) സർക്കാരിലേക്ക് യഥാസമയം അടവാക്കാത്ത തൻവർഷത്തെ ബാധ്യത, ബാലൻസ് ഷീറ്റ് B-8 ഷെഡ്യൂൾ, Code No.3501101-Grosss Salary Payable ഇനത്തിൽ മുൻബാധ്യത (2023-24 സാമ്പത്തികവർഷം B-9 ഷെഡ്യൂൾ, Code No.350110100-Grosss Salary Payable പ്രകാരം ₹65,53,829/-) അടക്കം ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ B-8 ഷെഡ്യൂളിൽ തൻവർഷത്തെ തുക ഉൾപ്പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല മുൻവർഷത്തെ മുഴുവൻ ബാധ്യത തുകയും ₹65,53,829/- Prior Period Expense ഹെഡിലേക്ക് ഡെബിറ്റ് ചെയ്ത് (P 12 Schedule, Code -2808001) ബാധ്യത ഇനത്തിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. സർക്കാരിലേക്ക് അടവാക്കാൻ ബാക്കിയുണ്ടായിരുന്ന ബാധ്യത തുക Asset And Liability ഭാഗത്ത് നിന്ന് ഒഴിവാക്കി Prior Period Expense ഹെഡിലേക്ക് ഡെബിറ്റ് ചെയ്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

3) പെൻഷൻ അംശദാനം ഇനത്തിൽ തൻവർഷം അടവാക്കേണ്ട തുക കണക്കാക്കി B-8 ഷെഡ്യൂൾ, Code 3501107 -Contribution To Other Pension Fund Payable ഇനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. പെൻഷൻ അംശദാനം ഇനത്തിൽ മുൻവർഷത്തെ ₹33,55,494/- (2023-24 ലെ B-9 ഷെഡ്യൂൾ, Code No.350110700-Contribution To Other Pension Fund Payable) തന്നെയാണ് B-8 ഷെഡ്യൂളിൽ ഈ വർഷവും ബാധ്യതയായി നിലനിൽക്കുന്നത് .

4) വാർഷിക കണക്ക് ഷെഡ്യൂൾ 1-10 (B), Code 2101001 പ്രകാരം സെക്രട്ടറിയുടെ ശമ്പള ഇനത്തിൽ യാതൊരു തുകയും ചിലവായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സ്പാർക്കിലെ പേ ബിൽ രജിസ്റ്റർ പ്രകാരം ₹13,52,781/- രൂപയാണ് നഗരസഭാ സെക്രട്ടറിയുടെ തൻവർഷത്തെ ശമ്പള ഇനത്തിലെ ചെലവ്. വാർഷിക കണക്കിൽ ഷെഡ്യൂൾ 1-10 (B) യിൽ ഈ തുക ചെലവായി രേഖപ്പെടുത്താതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 09.02.2026 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 77/2024-25ന് നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല. കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള സർവ്വീസ് റൂൾ എന്നിവ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതായ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി യഥാസമയം അടവാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

1-35 വൈദ്യുതി സ്ട്രീറ്റ് ലൈൻ നീട്ടൽ -പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ടിന്റെ പേര്	സ്ട്രീറ്റ് മെയിൻ വലിക്കൽ
പ്രോജക്ട് നമ്പർ	348/25
അടങ്കൽ തുക	₹61000/-(വികസനഫണ്ട്-പൊതുവിഭാഗം)
ചെലവ് /ബിൽ നം.തീയ്യതി	₹ 30015/213-28.12.2024 ₹ 18199/322-12.02.2025 ₹48,214/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലേക്ക് ₹48,214/- വിവിധ പ്രവർത്തികൾക്കായി നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് നാളിതുവരെ കെ.എസ്.ഇ.ബി.യിൽ നിന്ന് ലഭ്യമായിട്ടില്ല. ആയത് പരിശോധനക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.72/2024-25 തീയ്യതി02.02.2026) നഗരസഭ മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുക ₹ 48,214/- തടസ്സത്തിൽ വെക്കുന്നു.

1-36 വയോമിത്രം പദ്ധതി - വിനിയോഗരേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ടിന്റെ പേര്	വയോമിത്രം
പ്രോജക്ട് നമ്പർ	30/2025
അടങ്കൽ തുക	₹10,01,750/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്/ ബിൽ നം.തീയ്യതി	₹10,00,000/-(UTR No. C-122410866998 തീയ്യതി 06.01.2025)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

നഗരസഭയിൽ നടപ്പാക്കിയ വയോമിത്രം പദ്ധതിക്കായി 2024-25 സാമ്പത്തികവർഷം ₹ 10,00,000/- ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായുള്ള തുക കേരള സാമൂഹ്യ സുരക്ഷാമിഷനിലേക്ക് കൈമാറിയതല്ലാതെ പ്രോജക്ട് പ്രകാരമുള്ള ചെലവ് സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യം എത്ര പേർക്ക് നൽകിയെന്നോ, എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയതെന്നോ, മരുന്നുകൾ വാങ്ങി നൽകിയതിന്റെ ബിൽ വിവരങ്ങളോ, ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ധന വിനിയോഗ വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/2024-25 തിയതി 19.12.2025 -ന് 23.02.2026 -ൽ ലഭ്യമാക്കിയ മറുപടിയൊടൊപ്പം ധനവിനിയോഗ സാക്ഷ്യപത്രം, പ്രോജക്ട് പ്രകാരം ആനുകൂല്യം അനുവദിച്ച് നൽകിയ ആളുകളുടെ എണ്ണം സംബന്ധിച്ച പത്രിക എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയതെന്നോ, മരുന്നുകൾ വാങ്ങി നൽകിയതിന്റെ ബിൽ വിവരങ്ങളോ, പരിശോധക്കായി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് സംബന്ധമായ പ്രധാന രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 10,00,000/- തടസ്സപ്പെടുത്തുന്നു.

1-37 എസ്.എസ്.കെ. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര്	എസ്.എസ്.കെ. വിഹിതം നൽകൽ
പ്രോജക്ട് നമ്പർ	23/2025
അടങ്കൽ തുക	₹50,000/- (വികസനഫണ്ട് –ജനറൽ) ₹4,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്/ബിൽ നം.തീയ്യതി	₹5,00,000/- ₹50,000/- 201-20.12.2024 ₹4,50,000/- (UTR No. C-122413962358 തീയ്യതി11.12.2024)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പതിനാലാം പഞ്ചവത്സരപദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ) നം.86/2022/ത.സ്വ.ഭ.വ തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും, എസ്.എസ്.കെ (സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണസ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണമെന്നും, പ്രോജക്ട് പൂർത്തീകരണത്തിനുശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.
ഖണ്ഡിക 8.6.(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ, പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണസ്ഥാപനങ്ങളെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കണമെന്നും, എസ്.എസ്.കെ വിഹിതവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നും തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷ കേരളയിൽ നിന്ന് കൃത്യമായി ലഭ്യമാക്കണമെന്നും പ്രതിപാദിച്ചിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം ₹5,00,000/- എസ്.എസ്.കെ വിഹിതം ഇനത്തിൽ ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ, സമഗ്ര ശിക്ഷ കേരളയ്ക്ക് നൽകിയിട്ടുണ്ട്.

പ്രോജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി തയ്യാറാക്കുന്നതിൽ നഗരസഭയുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല. മേൽ ഉത്തരവ് ഖണ്ഡിക 8-6(3),4),(5) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള എസ്.എസ്.കെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ നഗരസഭയുടെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ അടക്കം ചെയ്തിട്ടില്ല

2. എസ്.എസ്. കെ. വിഹിതം ഉപയോഗിച്ച് പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നഗരസഭക്ക് നൽകിയിട്ടില്ല.

3.നഗരസഭ പരിധിയിലെ ഓരോ സ്കൂളിലും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ നഗരസഭയെ അറിയിച്ചതായി രേഖയില്ല.

4.വികസനപദ്ധതികളിൽ നഗരസഭ ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5.പ്രോജക്ടിന്റെ വിശദമായ വിനിയോഗസർട്ടിഫിക്കറ്റ് എസ്.എസ്.കെ. യിൽ നിന്ന് ലഭ്യമായതിന്റെ

രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/2024-25 തീയ്യതി 19.12.2025-ന് നഗരസഭ 23.02.2026ൽ ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 5 പ്രകാരമുള്ള വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ക്രമനമ്പർ 1 മുതൽ 4 വരെയുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-38 വിവിധ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ:സ്റ്റോക്ക് രജിസ്റ്ററിന്റെയും,വിതരണ രേഖകളുടെയും അഭാവത്തിൽ ചെലവ് തുക ₹30,00,000/- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	:	375/25
പ്രോജക്ടിന്റെ പേര്	:	വിവിധ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ
അടങ്കൽ തുക	:	₹30,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചിലവ്/ ബിൽ നം. തീ.	:	₹30,00,000/- (495/21.03.2025 – ₹14,99,103/- 512/22.03.2025 – ₹15,00,897/-)
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	ഹെഡ്മാസ്റ്റർ

നഗരസഭ പരിധിയിലെ 09 സ്കൂളുകൾക്കായി 260 ബെഞ്ച്/മേശ, 260 ഡെസ്ക്, 10 അലമാര എന്നിങ്ങനെ ആകെ ₹30,00,000/ രൂപയുടെ ഫർണിച്ചർ ആർട്ട്കോ യിൽ നിന്നും ഈ പ്രോജക്റ്റ് പ്രകാരം വാങ്ങിയിട്ടുണ്ട്.

പ്രോജക്ട് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലഭിച്ച ഫർണിച്ചറുകൾ എണ്ണവും ഗുണമേന്മയും പരിശോധിച്ച് ഉറപ്പാക്കി സ്വീകരിച്ചതിന്റെയോ സ്റ്റോക്കിൽ ചേർത്തതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ഓരോ സ്കൂളുകളും ആവശ്യപ്പെട്ട എണ്ണം/തരം ഫർണിച്ചറുകൾ തന്നെയാണോ വാങ്ങിയത് എന്ന് പരിശോധിക്കുന്നതിന് ഓരോ സ്കൂളുകളും ഫർണിച്ചർ ആവശ്യകത അറിയിച്ച് നൽകിയ കത്തോ, ഫർണിച്ചറുകൾ കൈപറ്റിയതിന്റെ രേഖകളോ ഫയലിൽ അടക്കം ചെയ്തിട്ടില്ല.

3. ആവശ്യപ്പെട്ട അതേ സ്പെസിഫിക്കേഷൻ ഉള്ള ഫർണിച്ചറുകൾ തന്നെയാണോ ലഭ്യമായത് എന്ന് പരിശോധിക്കുന്നതിന് ആർട്ട്കോ ക്ക് നൽകിയ പർച്ചേസ് ഓർഡർ ഫയലിൽ അടക്കം ചെയ്തിട്ടില്ല.

4. ആർട്ട്കോ യിൽ നിന്നും ഫർണിച്ചറുകൾ വാങ്ങുന്നതിനു അനുമതി നൽകിയ പർച്ചേസ് കമ്മിറ്റി മിനുട്സ് പരിശോധനക്ക് ലഭിച്ചിട്ടില്ല.

5. 07.03.2024 തിയ്യതിയിലെ G.O(Rt)No.30/2024/SPD നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ആർട്ട്കോ യിൽ നിന്നും സാധനങ്ങൾ വാങ്ങാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിൽ ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ഉത്തരവിലെ ഖണ്ഡിക 4 ൽ സൂചിപ്പിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങിയ ഭൂരിഭാഗം ഫർണിച്ചറുകളും ഉത്തരവിലെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്തവയാണ് എന്ന് പരിശോധനയിൽ കാണപ്പെട്ടിട്ടുള്ളതാണ്.

മേൽ അപാകതകളിൽ സൂചിപ്പിച്ച രേഖകൾ അടിയന്തരമായി പരിശോധനക്ക് ഹാജരാക്കുന്നതിനും അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 54 തിയതി 08.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർണ്ണമായ രേഖകളുടെയും, സ്റ്റോക്ക് രജിസ്റ്ററിന്റെയും, മറുപടിയുടെയും അഭാവത്തിൽ ചെലവ് തുക ₹30,00,000/- തടസ്സപ്പെടുത്തുന്നു.

1-39 സ്കൂളുകളിലേക്ക് ബെഞ്ച്,ഡസ്ക്,വാട്ടർ ടാങ്ക് എന്നിവ വാങ്ങൽ:രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹9,99,394/-തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	:	276/25
പ്രോജക്ടിന്റെ പേര്	:	വിവിധ സ്കൂളുകളിലേക്ക് ബെഞ്ച്, ഡസ്ക്, പൈപ്പ് ടാങ്ക് എന്നിവ വാങ്ങൽ (Spill Over)
അടങ്കൽ തുക	:	₹10,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചിലവ്/ ബിൽ നം & തീയതി.	:	₹9,99,394/- (530/23.03.2025)
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	ഹെഡ്മാസ്റ്റർ

നഗരസഭ പരിധിയിലെ വിവിധ സ്കൂളുകൾക്കായി 100 ബെഞ്ച്, 100 ഡെസ്ക്, 06 വാട്ടർ ടാങ്ക് എന്നിങ്ങനെ ആകെ ₹9,99,394/ യുടെ സാധനങ്ങൾ ആർട്ട്കോ യിൽ നിന്നും മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്.

പ്രോജക്ട് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലഭിച്ച ഫർണിച്ചറുകൾ, വാട്ടർ ടാങ്ക് എന്നിവയുടെ എണ്ണവും ഗുണമേന്മയും പരിശോധിച്ച് ഉറപ്പാക്കി സ്വീകരിച്ചതിന്റെയോ സ്റ്റോക്കിൽ ചേർത്തതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2. എത്ര സ്കൂളുകൾക്കാണ് ഗുണം ലഭ്യമായത് എന്നോ ഓരോ സ്കൂളുകളും ആവശ്യപ്പെട്ട എണ്ണം/തരം ഫർണിച്ചറുകൾ തന്നെയാണോ വാങ്ങിയത് എന്നോ പരിശോധിക്കുന്നതിന് ഓരോ സ്കൂളുകളും ഫർണിച്ചർ ആവശ്യകത അറിയിച്ച് നൽകിയ കത്തോ, ഫർണിച്ചറുകൾ കൈപറ്റിയതിന്റെ രേഖകളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല
3. ആവശ്യപ്പെട്ട അതേ സ്പെസിഫിക്കേഷൻ ഉള്ള ഫർണിച്ചറുകൾ തന്നെയാണോ ലഭ്യമായത് എന്ന് പരിശോധിക്കുന്നതിന് ആർട്ട്കോ- യ്ക്ക് നൽകിയ പർച്ചേസ് ഓർഡർ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. ആർട്ട്കോ യിൽ നിന്നും ഫർണിച്ചറുകൾ വാങ്ങുന്നതിനു അനുമതി നൽകിയ പർച്ചേസ് കമ്മിറ്റി മിനുട്സ് പരിശോധനക്ക് ലഭിച്ചിട്ടില്ല.
5. 07.03.2024 തിയ്യതിയിലെ G.O(Rt)No.30/2024/SPD നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ആർട്ട്കോ യിൽ നിന്നും സാധനങ്ങൾ വാങ്ങാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിൽ ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾക്ക് സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള മറ്റ് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ഉത്തരവിലെ ഖണ്ഡിക 4 ൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം വാങ്ങിയ മിക്ക ഫർണിച്ചറുകളും വാട്ടർ ടാങ്കും ഉത്തരവിലെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്തവയാണ് എന്ന് പരിശോധനയിൽ കാണപ്പെട്ടിട്ടുള്ളതാണ്.

മേൽ അപാകതകളിൽ സൂചിപ്പിച്ച രേഖകൾ അടിയന്തരമായി പരിശോധനക്ക് ഹാജരാക്കുന്നതിനും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55 തിയതി 08.01.2026) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർണ്ണമായ രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ചെലവ് തുക ₹9,99,394/-തടസ്സപ്പെടുത്തുന്നു.

1-40 കാലിത്തീറ്റ വിതരണം-പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രോജക്ടിന്റെ പേര്	കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം
പ്രോജക്ട് നമ്പർ	61/25
അടങ്കൽ തുക	₹ 3,15,000/-(വികസനഫണ്ട് - ജനറൽ -

	പുതിയത്) ₹ 3,15,000/- (ഗുണഭോക്തൃ വിഹിതം)
ചെലവ് /ബിൽ നം.തീയ്യതി	₹93,800/-407-11.03.2025 ₹ 93,800/-408-11.03.2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ, മൃഗസംരക്ഷണം

പ്രോജക്ട് പ്രകാരം ഗുണഭോക്താവിന് മാസം 100 കി.ഗ്രാം കാലിത്തീറ്റ ആനുകൂല്യം നൽകുന്നു (സബ്സിഡി 50%). ഒരു പശുവിന് 50 ശതമാനം തുക/പരമാവധി ₹1,500/- മാസം സബ്സിഡിയായി നൽകുന്നു. 50% തുക ഗുണഭോക്തൃവിഹിതമായി അടവാക്കണം.

പ്രോജക്ട് നടത്തിപ്പുമായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) സബ് സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ,തീയ്യതി 28.05.2022,ഖണ്ഡിക 6.3.16 പ്രകാരം, ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ് കാലിത്തീറ്റയും മിൽമ ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റയും വാങ്ങാവുന്നതാണെന്നും ഇത് കൂടാതെ ഗുണനിലവാരം ഉറപ്പാക്കി ടെണ്ടർ, ഇ-ടെണ്ടർ മുഖേന മറ്റിടങ്ങളിൽ നിന്ന് വാങ്ങാവുന്നതാണെന്നും വ്യവസ്ഥയുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം കാലിത്തീറ്റ നേരിട്ട് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കുന്നത് അയ് മുറി (ഈസ്റ്റ്) ക്ഷീരോൽപാദക സഹകരണസംഘം (അപ്കോസ്), കൂവപ്പടി.പി.ഒ (APCOS) എന്ന സംഘമാണ്. ഇത് നിലവിലുള്ള ഉത്തരവിന് വിരുദ്ധമാണ്.

2)ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടവാക്കുന്നവർക്കാണ് കാലിത്തീറ്റ സബ്സിഡിയായി നൽകാവുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ സംഘം തന്നെ വിഹിതം പിരിച്ചതായാണ് രേഖപ്പെടുത്തി കാണുന്നത്.

3) 6 മാസത്തെ കാലിത്തീറ്റ സബ്സിഡിയാണ് അനുവദിക്കാമെന്ന് പ്രോജക്ടിൽ നിഷ്കർഷിക്കുന്നതെങ്കിലും 4 ഗഡു മാത്രമാണ് വിതരണം ചെയ്തതായി കാണുന്നത്.

4) കാലിത്തീറ്റ വിതരണത്തിനായി അയ് മുറി (ഈസ്റ്റ്) ക്ഷീരോൽപാദക സഹകരണസംഘത്തെ തെരഞ്ഞെടുത്ത ഭരണസമിതി തീരുമാനം, ക്ഷീരോല്പാദക സഹകരണ സംഘവുമായി ചമച്ച കരാർ എന്നിവ ഫയലിൽ ലഭ്യമല്ല.

5) കാലിത്തീറ്റ വാങ്ങിയതിന്റെ ബിൽ, ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല.

6) ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് 19.12.2025 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 41/2024-25 ന് 25.02.2026-ന് നഗരസഭ ലഭ്യമാക്കിയ മറുപടിയൊടോപ്പം അപാകത പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയോ, തൃപ്തികരമായ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അപാകതകൾ തുടരുന്നതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹1,87,600/- തടസ്സത്തിൽ വെക്കുന്നു.

1-41 മൃഗാശുപത്രിലേയ്ക്ക് മരുന്ന് വാങ്ങൽ-നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര്	മൃഗാശുപത്രിലേയ്ക്ക് മരുന്ന് വാങ്ങൽ
പ്രോജക്ട് നമ്പർ	48/25
അടങ്കൽ തുക	₹3,00,000/-മെയിന്റനൻസ് ഫണ്ട് -റോഡിതരം)
ചെലവ് /ബിൽ നം.തീയ്യതി	₹3,00,000/-(193/18.12.2024)
നിർവ്വഹണ	വെറ്റിനറി സർജൻ, മൃഗസംരക്ഷണം

ഉദ്യോഗസ്ഥൻ	

വെറ്ററിനറി ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്ന് ലഭ്യമല്ലാത്ത സാഹചര്യത്തിൽ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആയത് വാങ്ങി നൽകാൻ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് സബ് സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം. 115/2022/തസ്വഭ, തീയ്യതി 28.05.2022 ഖണ്ഡിക 6.3.32 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നീതി/ മാവേലി/സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും, അതൊടൊപ്പം HLL ലൈഫ് കെയർ ലിമിറ്റഡിൽ നിന്നുമാണ് വെറ്ററിനറി മരുന്ന് വാങ്ങാൻ അനുമതി നൽകിയിട്ടുള്ളത്.

പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1)വകുപ്പിൽ നിന്ന് മരുന്ന് ലഭ്യമല്ല എന്നത് സംബന്ധിച്ച നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മരുന്ന് വാങ്ങാവുന്നത്. എന്നാൽ സെൻട്രൽ വെറ്ററിനറി സ്റ്റോറിൽ നിന്നുള്ള നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഇൻവോയ്സ് പ്രകാരം വരവുള്ള താഴെ പറയുന്ന മരുന്നുകൾ സ്റ്റോക്കിൽ എടുത്തില്ല

ക്രമനമ്പർ	ഇനം	എണ്ണം	നിരക്ക് ₹	ആകെ ₹
1	EMITTIL INJ.	25	23	575
2	V CIP BOLUS 1500	300	18.40	5520

ഇതുമായി ബന്ധപ്പെട്ട് 19.12.2025 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 42/2024-25) നഗരസഭ 25.02.2026 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് അപേക്ഷിച്ചത് നിശ്ചിത മാതൃകയല്ലാത്തതിനാൽ സർട്ടിഫിക്കറ്റ് ലഭിക്കാൻ താമസം വന്നു എന്നും സ്റ്റോക്ക് എടുക്കാൻ വിട്ടുപോയ മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.എന്നാൽ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച ₹3,00,000/- തടസ്സത്തിൽ വെക്കുന്നു.

1-42 ആട് വിതരണം (എസ്.സി.പി)-അംഗീകരിച്ച യൂണിറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന നിരക്കിൽ വാങ്ങി -അധികം നൽകിയ തുക അംഗീകരിക്കുന്നില്ല

എറണാകുളം ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതിയിലെ യൂണിറ്റ് കോസ്റ്റ് പരിഷ്കരിച്ചുകൊണ്ടുള്ള എറണാകുളം ജില്ലാ കളക്ടർ &ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 30.10.2024ലെ 103578/22/ഡി.പി.സി.ഒ/ഇ.കെ.എം ഉത്തരവ് പ്രകാരം ആടൊന്നിന് ₹7,000/- യാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. യൂണിറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന നിരക്കിൽ പെണ്ണാടിനെ വാങ്ങിയതിനാൽ ₹7,000/- യുടെ നഷ്ടം പ്രോജക്ട് നമ്പർ -S0058/25 പെണ്ണാട് വിതരണം (എസ്.സി.പി) എന്ന പ്രോജക്ടിലൂടെ നഗരസഭക്ക് സംഭവിച്ചു. ആയതിന്റെ വിശദവിവരം ഭാഗം 3 ൽ ഖണ്ഡിക 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-43 ആട്, കോഴിക്കുഞ്ഞ്, പോത്തുകുട്ടി വിതരണം (എസ്.സി.പി)- അർഹതാ രേഖകൾ ഹാജരാക്കിയില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് 07.10.2021 -ലെ ജി.ഒ(പി) നം.1/2021/ PIE&MD ഉത്തരവ് പ്രകാരം ജാതി തെളിയിക്കുന്നതിനായി താഴെ പറയുന്ന ഏതെങ്കിലും രേഖകൾ ഹാജരാക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്.
I) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്/സ്കൂൾ രജിസ്റ്ററിലെ രേഖകൾ
Ii) ഏതെങ്കിലും ആവശ്യത്തിന് മൂന്ന് വർഷക്കാലയളവിനുള്ളിൽ റവന്യൂ അധികാരികളിൽ നിന്നും വാങ്ങിയ രേഖകൾ
എന്നാൽ വെറ്ററിനറി സർജ്ജൻ, മൃഗസംരക്ഷണം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന എസ്.സി.പി. പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ഇത്തരം സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

<table>
<tr><th>ക്രമ നമ്പർ</th><th>ഗുണഭോക്താവിന്റെ പേര്,
വിലാസം</th><th>പ്രോജക്ട് സംബന്ധിച്ച വിവരം</th></tr>
<tr><td>1</td><td>വത്സല ചന്ദ്രൻ, കൊടിമറ്റത്തിൽ വീട്,
കാഞ്ഞിരക്കാട്,റയോൺപുരം,
പെരുമ്പാവൂർ</td><td rowspan="10">പ്രോജക്ടിന്റെ പേര് -പെണ്ണാട് വിതരണം
പ്രോജക്ട് നമ്പർ -58/25
അടങ്കൽ തുക -₹3,00,000/-
(വികസനഫണ്ട് – എസ്.സി.പി)
₹1,00,000/-(ഗുണഭോക്തൃവിഹിതം)
ചെലവ് /ബിൽ നം.തീയ്യതി -
₹78,750/-(451/19.03.2025)
₹26,250/-(ഗുണഭോക്തൃവിഹിതം)
ആകെ -₹ 1,05,000/-

(₹10,000/-വിലയുള്ള പെണ്ണാടിനെ ₹2,500/- ഗുണഭോക്തൃ വിഹിതം വാങ്ങി വിതരണം ചെയ്യുന്ന പ്രോജക്ട് . ഈയിനത്തിൽ മതിയായ രേഖകൾ ഇല്ലാതെ 10 പേർക്ക് നൽകിയ സബ്സിഡി ₹75,000/-(10X7500/-)</td></tr>
<tr><td>2</td><td>കാളി,
കാഞ്ഞിരത്തിൽക്കുടി വീട്,
കാഞ്ഞിരക്കാട്, പെരുമ്പാവൂർ</td></tr>
<tr><td>3</td><td>കുഞ്ഞുമോൾ കെ.ജെ,
കൊടിമറ്റത്തിൽ വീട്,
കാഞ്ഞിരക്കാട്, റയോൺപുരം,
പെരുമ്പാവൂർ</td></tr>
<tr><td>4</td><td>സരോജിനി,
കൊടിമറ്റത്തിൽ വീട്,
റയോൺപുരം</td></tr>
<tr><td>5</td><td>കാർത്തു സോമൻ,
ഇടപ്പാറ വീട് പെരുമ്പാവൂർ</td></tr>
<tr><td>6</td><td>പാറുക്കുട്ടി തങ്കപ്പൻ,
ചിറങ്ങര വീട്, ഇരിങ്ങോൾ,
പെരുമ്പാവൂർ</td></tr>
<tr><td>7</td><td>അയ്യപ്പൻക്കുട്ടി സി.ഒ ,
ചിറങ്ങര വീട്, ഇരിങ്ങോൾ,
പെരുമ്പാവൂർ</td></tr>
<tr><td>8</td><td>ഗീത ഷൺമുഖൻ,
ചാലിൽ വീട്, കടുവാൾ,
പെരുമ്പാവൂർ</td></tr>
<tr><td>9</td><td>തങ്ക,വടക്കേടത്ത് വീട്,
പൈങ്ങോട്ടൂർ</td></tr>
<tr><td>10</td><td>ലീല മാധവൻ,
തേവർമഠത്തിൽക്കുടി വീട്,
പെരുമ്പാവൂർ</td></tr>
<tr><td>ക്രമനമ്പർ</td><td>ഗുണഭോക്താവിന്റെ പേര്/
വിലാസം</td><td rowspan="6">പ്രോജക്ടിന്റെ പേര് -കോഴികുഞ്ഞ് വിതരണം
പ്രോജക്ട് നമ്പർ -56/25
അടങ്കൽ തുക -₹30,000/-
(വികസനഫണ്ട് -എസ്.സി.പി)
₹2,500/- (ഗുണഭോക്തൃ വിഹിതം)
ചെലവ് /ബിൽ നം.തീയ്യതി
₹10,200/463-19.03.2025 (SCP)
₹ 850/- (ഗുണഭോക്തൃ വിഹിതം)

(₹50/- രൂപ ഗുണഭോക്തൃ വിഹിതം വാങ്ങി ₹600/- സബ്സിഡി സഹിതം 5 എണ്ണം വീതമുള്ള 50 യൂണിറ്റ് മുട്ടകോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുക എന്നതാണ് പ്രോജക്ട്. ഈയിനത്തിൽ മതിയായ രേഖകൾ ഇല്ലാതെ നൽകിയ 8 പേർക്ക് നൽകിയ സബ്സിഡി ₹4,800/-</td></tr>
<tr><td>1</td><td>സുനിത,മുല്ലക്കൽകുടി വീട്,
പട്ടാൾ, ഇരിങ്ങോൾ.</td></tr>
<tr><td>2</td><td>ധന്യമോൾ. കെ.സി,
പാത്തിക്കൽ വീട്, പെരുമ്പാവൂർ</td></tr>
<tr><td>3</td><td>പ്രസന്ന രാജൻ,
വല്ലായിപറമ്പിൽ വീട്, കടുവാൾ</td></tr>
<tr><td>4</td><td>വീണ വിനോദ്,
വിദ്യാഭവൻ, മുളക്കുഴ, ആലപ്പുഴ</td></tr>
<tr><td>5</td><td>തങ്ക വിജയൻ,
വടക്കേടത്ത് ഹൗസ്,
പൈങ്ങോട്ടൂർ</td></tr>
</table>

6	അഖില രാജൻ, കണ്ണിയാറക്കൽ കട്ടുവാൾ	(8X600/-)
7	സുജാത മോഹൻ, വടക്കേക്കരപറമ്പിൽ കട്ടുവാൾ	
8	സിന്ധു.പി.എസ്, തേവർമഠത്തിൽ വീട്, പെരുമ്പാവൂർ	
ക്രമനമ്പർ	ഗുണഭോക്താവിന്റെ പേര്, വിലാസം	പ്രോജക്ടിന്റെ പേര് -പോത്തുക്കുട്ടി വിതരണം പ്രോജക്ട് നമ്പർ -64/25 അടങ്കൽ തുക -₹2,10,000/-(വികസനഫണ്ട് -എസ്.സി.പി) ₹70,000/-(ഗുണഭോക്തൃവിഹിതം) ചെലവ് /ബിൽ നം.തീയ്യതി- ₹2,10,000/-(409/19.03.2025) ₹70,000/-(420/14.03.2025) (ഗുണഭോക്തൃവിഹിതം) (₹14,000/- വിലയുള്ള പോത്തുക്കുട്ടികളെ ₹3,500/- ഗുണഭോക്തൃ വിഹിതം വാങ്ങി വിതരണം ചെയ്യുന്ന പ്രോജക്ട്. ഈയിനത്തിൽ മതിയായ രേഖകൾ ഇല്ലാതെ 5 പേർക്ക് നൽകിയ സബ്സിഡി ₹52,500/-(5X10500/-)
1	സുകുമാരൻ കെ.ടി, കാഞ്ഞിരത്തിങ്കൽക്കുടി വീട്, തുരുത്തിപറമ്പ്	
2	സുമേഷ്.പി.കെ, പൂപ്പാനിക്കുടി വീട്, പെരുമ്പാവൂർ (20.08.2016 ൽ ലഭ്യമായ സർട്ടിഫിക്കറ്റ്)	
3	ഗീത ഷൺമുഖൻ, ചാലിൽ വീട്, കട്ടുവാൾ	
4	രമേഷ് റ്റി.റ്റി, തടത്തിപറമ്പിൽ വീട്,കട്ടുവാൾ	
5	കുറുമ്പ, ആയിത്തറ വീട്, വല്ലം	

സർക്കാർ നിഷ്കർഷിച്ച സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണോ ആനുകൂല്യം നൽകിയത് എന്ന് ഉറപ്പുവരുത്താൻ മേൽ ഗുണഭോക്തക്കാളുടെ ജാതി സർട്ടിഫിക്കറ്റ് പരിശോധനക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 19.12.2025 -ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 45/2024-25 ന് നഗരസഭ 25.02.2026 -ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് തന്നെയാണ് ആനുകൂല്യം നൽകിയതെന്നും, ജാതിസർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ കോപ്പിയുടെ അടിസ്ഥാനത്തിലും ഇത് രണ്ടും ഹാജരാക്കാൻ സാധിക്കാത്ത ആൾക്കാർക്ക് എസ്.സി. പ്രൊമോട്ടറിൽ നിന്ന് ലിസ്റ്റും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ അടക്കം ചെയ്ത ഫയൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. നഗരസഭ അംഗീകരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും, എസ്.സി. പ്രൊമോട്ടറിൽ നിന്നുള്ള ലിസ്റ്റും സർക്കാർ നിഷ്കർച്ചിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ നിന്ന് ഗുണഭോക്താവിനെ ഒഴിവാക്കുന്നില്ല. സർക്കാർ നിഷ്കർഷിച്ച ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച സംഖ്യ ₹1,32,300/- (75,000/-+4,800/-+52,500/-) തടസ്സത്തിൽ വെക്കുന്നു.

1-44 ആട് വിതരണം- ആടുകളെ ഇൻഷ്വർ ചെയ്ത രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ടിന്റെ പേര്	പെണ്ണാട് വിതരണം (ജനറൽ)
പ്രോജക്ട് നമ്പർ	60/25
അടങ്കൽ തുക	₹1,00,000/-(വികസനഫണ്ട് -ജനറൽ) ₹1,00,000/-(ഗുണഭോക്തൃവിഹിതം)
ചെലവ് /ബിൽ നം.തീയ്യതി	₹90,000/-(427/13.03.2025)

	₹5,000/-(472/20.03.2025) ₹5,000/-(496/21.03.2025) ₹90,000/-(ഗുണഭോക്തൃവിഹിതം) ₹5,000/-(ഗുണഭോക്തൃവിഹിതം) ₹5,000/-(ഗുണഭോക്തൃവിഹിതം) ആകെ -₹2,00,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ, മൃഗസംരക്ഷണം

28.05.2022 ലെ സ.ഉ(കൈ) നം. 115/2022/തസ്വഭ, പ്രകാരമുള്ള സബ് സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3.33 പ്രകാരം ആട്, കാളക്കുട്ടി, കിടാരി, പോത്തുക്കുട്ടി മുതലായവയുടെ വില ജില്ലാതലത്തിൽ നിശ്ചയിക്കണം എന്നും വില കണക്കാക്കുമ്പോൾ ഇൻഷ്വറൻസ്, കടത്തുകൂലി എന്നിവ ഉൾപ്പെടുത്താൻ പാടില്ല എന്നും അവ ഗുണഭോക്താവ് വഹിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പെണ്ണാടിനെ ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഇൻഷ്വർ ചെയ്ത രേഖകൾ ഹാജരാക്കിയിട്ടില്ല. പെണ്ണാടിനെ ഇൻഷ്വർ ചെയ്യാതെ വിതരണം ചെയ്തതിന്റെ കാരണം വിശദമാക്കേണ്ടതാണെന്ന് കാണിച്ച് നഗരസഭക്ക് 19.12.2025 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/2024-25) നഗരസഭ 25.02.2026ന് ലഭ്യമാക്കിയ മറുപടിയിൽ ഇൻഷ്വർ ചെയ്യുന്നതിന് പല കമ്പനികളും തയ്യാറല്ല എന്നും ഇൻഷ്വറൻസ് എടുക്കാത്തത് മനഃപൂർവ്വമല്ല എന്ന മറുപടിയുമാണ് ലഭ്യമാക്കിയത്. സർക്കാർ നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ട് നടപ്പാക്കുന്നത് ശരിയായ രീതിയല്ല. മേലിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തന്നെ പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്.

1-45 നെൽകൃഷി വികസനം -പ്രോജക്ട് നടത്തിപ്പിലെ അപാകത സംബന്ധിച്ച്

പ്രോജക്ടിന്റെ പേര്	നെൽകൃഷി വികസനം (ജനറൽ - പുതിയത്)
പ്രോജക്ട് നമ്പർ	98/25
അടങ്കൽ തുക	₹1,93,600/-(വികസനഫണ്ട്-സാധാരണവിഹിതം)
ചെലവ് /ബിൽ നം.തീയ്യതി	₹1,93,600/390-07.03.2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

നെൽകൃഷിക്കാർക്ക് നെൽവിത്ത് വിതരണം, കൂലിച്ചെലവ് നൽകൽ എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ഈ പദ്ധതി പ്രകാരം വിത്ത് വിതരണം ചെയ്ത വകയിൽ ₹33,600/- അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി, തൃശൂർ എന്ന സ്ഥാപനത്തിനും കൂലിചെലവ് ഇനത്തിൽ ₹1,60,000/- ചെലവ് ചെയ്തിട്ടുണ്ട്.

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ് സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം. 115/2022/തസ്വഭ, തീയ്യതി 28.05.2022) ഖണ്ഡിക6.9(A) പ്രകാരം ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവരുമായി തദ്ദേശഭരണസ്ഥാപനങ്ങൾ ധാരണയുണ്ടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയുമായി ബന്ധപ്പെട്ട ഒരു ധാരണപത്രവും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2) പ്രോജക്ട് പ്രകാരം താഴെ പറയുന്ന 6 ഗുണഭോക്താക്കൾക്കാണ് സബ്സിഡി തുകയും വിത്തും വിതരണം ചെയ്തിരിക്കുന്നത്.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര് /വിലാസം	ഭൂവുടമസ്ഥന്റെ പേര്/ വിലാസം	ഭൂമി സംബന്ധിച്ച വിവരം (സർവ്വേ നം.	അനുവദിച്ച തുക (₹)
1	ജോബിൻ തോമാസ്, S/O പി.എസ്.തോമസ് പീടികയിൽ വീട്,	ഖാലിദ് അഹമ്മദ്, വെള്ളായണി വീട്,	13/2&75 Cent 13/3&100 Cent 52/16&100	31,360

	മേൽപ്പാടം പി.ഒ, മാന്നാർ, ആലപ്പുഴ	പെരുമ്പാവൂർ	Cent 49/13&100 Cent 51/11&100 Cent - ആകെ 5 എക്കർ	
2	പി.എസ്. തോമാസ്, S/Oസാമുവൽ വർഗ്ഗീസ്, പീടികയിൽ വീട്, മേൽപ്പാടം പി.ഒ, മാന്നാർ, ആലപ്പുഴ	വിഷ്ണുപ്രസാദ്. ചക്കരക്കാട്ട് വീട്, പെരുമ്പാവൂർ 1,93,600/	3/4/7&170 Cent 3/8&100 Cent 34/4&230 Cent ആകെ 5 എക്കർ	25,600
3	ടാനിയ ആനറ്റ് ചാക്കോ, W/O ജോബിൻ തോമാസ് പീടികയിൽ വീട്, മേൽപ്പാടം പി.ഒ, മാന്നാർ, ആലപ്പുഴ	കെ.എം. മുഹമ്മദ്, പത്തിശ്ശേരിൽ വീട്, കാഞ്ഞിരക്കാട്, പെരുമ്പാവൂർ	89/3/48&119 Cent 107/20/ 68&200cent 108/8-67&108 Cent -ആകെ 5 എക്കർ	32,000
4	ആനി ജോർജ്ജ് , പീടികയിൽ വീട്, മേൽപ്പാടം പി.ഒ, മാന്നാർ, ആലപ്പുഴ	ദേവസിക്കുട്ടി, ദേവസ്യവില്ല, കാഞ്ഞിരക്കാട്, പെരുമ്പാവൂർ	21/2/3 &100 Cent 71/28&100 Cent 28/3-4&100 Cent 30/6&100 Cent 8/22-90&100 Cent ആകെ 5 എക്കർ	32,000
5	സാമുവൽ മാത്യു, പീടികയിൽ വീട്, മേൽപ്പാടം പി.ഒ, മാന്നാർ, ആലപ്പുഴ	മത്തായി, മത്തായി ഭവൻ കാഞ്ഞിരക്കാട്, പെരുമ്പാവൂർ	90/14/17 &100 Cent 25/16 &50 Cent 14/2/5 &100 Cent 56/5 &75 Cent 92/1 & 75 Cent 33/1 & 50 Cent 27/5 & 50 Cent ആകെ 5 എക്കർ	32,000
6	രാധാകൃഷ്ണൻ. എൻ.പി, നാട്ടുകാണി, പുത്തൻമഠത്തിൽ,		22/31-46.67 ആർ	7,040

	കാഞ്ഞിരക്കാട്			

ഇതിൽ ക്രമനമ്പർ 6 ഒഴികെയുള്ളവർ ഭൂമി പാട്ടത്തിനെടുത്ത് പാട്ടകൃഷി നടത്തിയിട്ടുള്ളതായാണ് കാണുന്നത്. ആയതിന്റെ പരിശോധനയിലേക്കായി യഥാർത്ഥ ഭൂവുടമയുടെ ഐഡന്റിറ്റി കാർഡ്/ഭൂമിയുടെ കരം അടച്ച രസീത് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. കൂടാതെ പാട്ടകൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്നതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണ്ടതാണ്. എന്നാൽ ഇത്തരം ഒരു സർട്ടിഫിക്കറ്റ് ഫയലിൽ അടക്കം ചെയ്തിട്ടില്ല.

3) വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. ആയതുപ്രകാരം ക്രമനമ്പർ 1 മുതൽ 5 വരെയുള്ളവർ ഇൻഷുറൻസിനായി സമർപ്പിച്ച അപേക്ഷയിൽ 'Date Of Planting' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് 19.11.2024 ആണ്. ക്രമനമ്പർ 6 ഇൻഷുറൻസിന്റെ ഭാഗമായിട്ടുമില്ല. എന്നാൽ ക്രമനമ്പർ 1 മുതൽ 3 വരെയുള്ളവർ ആനുകൂല്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 12.12.2024 ലും ക്രമ നമ്പർ 4- 26.12.2024 ലുമാണ്. അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് എപ്രകാരം വിള ഇൻഷുറൻസ് എടുത്തു എന്നത് വ്യക്തമല്ല. കൂടാതെ വിള ഇൻഷുറൻസ് എടുക്കുന്നതിനുള്ള കുറഞ്ഞ വിസ്തീർണ്ണം 0.10 ഹെക്ടറാണ്. ആയതിനാൽ 46.67 ആർ കൃഷിഭൂമി ഉണ്ടായിരുന്ന ക്രമനമ്പർ 6 വിള ഇൻഷുറൻസ് സ്കീമിൽ അംഗമാകാതിരുന്നതിന് കാരണവും വ്യക്തമല്ല.

4) ഗുണഭോക്താക്കളിൽ ക്രമ നമ്പർ 6 ഒഴികെ ഈ നഗരസഭ പരിധിയിലെ താമസക്കാരല്ല. ആയതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ഇതേ പ്രോജക്ട് പ്രകാരം കൂലിചെലവ് ഇനത്തിൽ തുക കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അത്തരം സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. കൂടാതെ ഒരു കുടുംബത്തിൽപെട്ടവർക്ക് തുക അനുവദിക്കുന്നതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ എന്ന് കൂടി വ്യക്തമാക്കേണ്ടതാണ്.

5) നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം സീസണിന്റെ പകുതിയിലുള്ള പരിശോധനക്ക് ശേഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ അത്തരം ഒരു പരിശോധനാ റിപ്പോർട്ട് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നമ്പർ 36/2024-25 തീയ്യതി 19.12.2025 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹1,93,600/- തടസ്സത്തിൽ വെക്കുന്നു.

1-46 കൃഷിഭവൻ വൈദ്യുതി,ഫോൺ മറ്റ് ഓഫീസ് ചെലവുകൾ -അപാകതകൾ

പ്രോജക്ടിന്റെ പേര്	കൃഷിഭവൻ വൈദ്യുതി, ഫോൺ മറ്റ് ഓഫീസ് ചെലവുകൾ (ജനറൽ - പുതിയത്)
പ്രോജക്ട് നമ്പർ	104/25
അടങ്കൽ തുക	₹1,50,000/-(മെയിന്റനൻസ് - റോഡിതരം)
ചെലവ് /ബിൽ നം.തീയ്യതി	₹18,879/164-27.11.2024 ₹20,100/272-25.01.2025 ₹26,077/440-17.03.2025 ₹73,900/569-25.03.2025 ₹4,000/-568-25.03.2025 ₹6,500/570-25.03.2025 ആകെ -₹149456/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

കൃഷി ഭവൻ കാര്യാലയത്തിലെ വൈദ്യുതി, ടെലിഫോൺ, മറ്റ് ഓഫീസ് ചെലവുകൾ എന്നതായിരുന്നു പ്രോജക്ട്. പ്രോജക്ട് നടത്തിപ്പിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.
1) കൃഷിഭവൻ അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ, പെരുമ്പാവൂരിന്റെ പേരിലുള്ള കൺസ്യൂമർ നം 1155837026686 ന്റെ 01/2025ലെ വൈദ്യുതി ബിൽ തുക ₹1559/- ബിൽ നമ്പർ 273/തീയ്യതി 25.01.2025 പ്രകാരം (₹20,100/-) അടവാക്കിയിരുന്നു (രസീത് നമ്പർ 0439038). ഇതെ ബിൽ തുക, ബിൽ നമ്പർ 451/തീയ്യതി 17.03.2025 പ്രകാരം (₹26,077/-) വീണ്ടും അടവാക്കി കാണുന്നു (രസീത് നമ്പർ 0445324). അധികം അടവാക്കിയ ₹1559/- ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ തിരികെ ഈടാക്കേണ്ടതാണ്.
2) ബിൽ നമ്പർ 576/25.03.2025 പ്രകാരം ₹73,900/- ചിലവഴിച്ച് Avalon Systems Services, Kottayam എന്ന സ്ഥാപനത്തിൽ നിന്ന് താഴെ പറയുന്ന കംപ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

ക്രമ നമ്പർ	ഇനം	ചെലവു തുക (₹)	റിമാർക്സ്
1	Computer Acer Core 13-1 NosMonitor Acer 24-1 Nos	49,000	ഇൻവോയ്സ് നമ്പർ B-1575/24-25 തീയ്യതി 22.03.2025
2	Printer Brother Laser DCP -B7640 DWB	24900	ഇൻവോയ്സ് നമ്പർ B-1577/24-25 തീയ്യതി 22.03.2025
	ആകെ	73,900	

ജി.ഒ.(പി) നം. 10/2019/എസ്.പി.ഡി. തീയ്യതി 22.08.2019 പ്രകാരം സർക്കാർ വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ (Cprcs) മുഖേന വാങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധന പ്രസ്തുത വാങ്ങലിൽ പാലിച്ചതായി കാണുന്നില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച സംഖ്യ ₹73,900/- തടസ്സത്തിൽ വെക്കുന്നു.
3)മേൽ സൂചിപ്പിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയില്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37/2024-25 തീയ്യതി 19.12.2025 ന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

1-47 കുറ്റികുരുമുളക് തൈ വിതരണം-പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ടിന്റെ പേര്	കുറ്റികുരുമുളക് തൈ വിതരണം (വികസനഫണ്ട്–ജനറൽ- പുതിയത്)
പ്രോജക്ട് നമ്പർ	124/25
അടങ്കൽ തുക	₹2,00,000/- (വികസനഫണ്ട് -ജനറൽ) ₹50,000/- (ഗുണഭോക്തൃ വിഹിതം)
ചെലവ് /ബിൽ നം.തീയ്യതി	₹45,000/-259-23.01.2025 ₹1,54,980/348-19.02.2025 ₹50,000/-(ഗുണഭോക്തൃ വിഹിതം) ആകെ- ₹2,49,980/
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

പ്രോജക്ട് നടത്തിപ്പിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു .
1) സ്വന്തമായി കൃഷിഭൂമിയുള്ളവർക്ക് കുറ്റികുരുമുളക് തൈ വിതരണം ചെയ്യുക എന്നതാണ് പദ്ധതി. ₹120 നിരക്കിൽ കുറ്റികുരുമുളക് തൈ വിതരണം ചെയ്തിരിക്കുന്നത് മൂവാറ്റുപുഴ അഗ്രോ സർവ്വീസ് സെന്റർ, വാഴക്കുളം പി.ഒ, മൂവാറ്റുപുഴ എന്ന സ്ഥാപനമാണ്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 115/2022/

തസ്വഭ,തീയ്യതി 28.05.2022 ഖണ്ഡിക 6.1.5.2 പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റി, VFPCK (Vegetable And Fruits Promotion Council), വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ. സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി വാങ്ങാവുന്നതും യഥാർത്ഥ വില നൽകാവുന്നതും ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അല്ലാത്തപക്ഷം വാങ്ങൽ നടപടി ടെണ്ടർ നടപടിക്രമത്തിലൂടെ നടത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനം ടെണ്ടർ നടപടി ഒഴിവാക്കി നേരിട്ട് വാങ്ങാവുന്ന സ്ഥാപനങ്ങളുടെ ഗണത്തിൽ പെടുന്ന സ്ഥാപനമാണോ എന്ന് വ്യക്തമാക്കുന്ന രേഖ പരിശോധനക്ക് ഹാജരാക്കിട്ടില്ല.

2)പ്രോജക്ട് പ്രകാരം പ്ലാൻ ഫണ്ട് 75%വും ഗുണഭോക്തൃവിഹിതം 25% വകയിരുത്തിയാണ് പദ്ധതിക്ക് അംഗീകാരം നൽകിയിരിക്കുന്നത്. ഇതുപ്രകാരം പദ്ധതി വിഹിതം ₹2,00,000/-യും ഗുണഭോക്തൃവിഹിതം ₹50,000/- യും അടക്കം ₹2,50,000/-യാണ് അടങ്കൽ. എന്നാൽ പദ്ധതി ഏറ്റെടുത്ത സ്ഥാപനം ആകെ ₹2,66,640/-യുടെ സാധനം സപ്ലൈ ചെയ്യുകയും സ്ഥാപനത്തിന് ₹2,49,980/- അനുവദിച്ചതായും കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഇൻവോയ്സ് നമ്പർ/ തീയ്യതി	വിതരണം ചെയ്ത കുരുമുളക് തൈകളുടെ എണ്ണം	നിരക്ക് (₹)	ആകെ (₹)
1	122/2024-25 തീയ്യതി 13.01.2025	500	120	60,000
2	139/2024-25 തീയ്യതി 11.02.2025	1722	120	2,06,640
	ആകെ	2222		2,66,640

പദ്ധതി അടങ്കലിനേക്കാൾ അധികരിച്ച് സാധനം വാങ്ങി വിതരണം ചെയ്തതിന്റെ കാരണം വ്യക്തമല്ല.

3) പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് ₹66,660/- ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ യഥാർത്ഥ രസീതി പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. മാത്രമല്ല ചെലവ് പത്രിക പ്രകാരം ₹50,000/- ആണ് ഗുണഭോക്തൃവിഹിതം ചെലവിനമായി കാണിച്ചിട്ടുള്ളത്. ആയതിന്റെ യഥാർത്ഥ ബില്ലും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അടങ്കലിനേക്കാൾ അധികം തുക ഗുണഭോക്തൃ വിഹിതമായി ഈടാക്കിയതിന്റെ കാരണം വിശദമാക്കേണ്ടതും ഗുണഭോക്താക്കളിൽ നിന്ന് വിഹിതം കൈപ്പറ്റിയതിന് നൽകിയ രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

4) ₹120/- വിലവരുന്ന കുറ്റികുരുമുളക് തൈകളാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കുന്നത്. 218 ഗുണഭോക്താക്കൾക്കായി 2222 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും വിതരണം ചെയ്യേണ്ട തൈകളുടെ എണ്ണം എത്രയെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല. ഓരോ ഗുണഭോക്താവിനും വ്യത്യസ്ഥ എണ്ണം തൈകളാണ് വിതരണം ചെയ്തതിരിക്കുന്നത്. ഇതിന്റെ മാനദണ്ഡം വ്യക്തമല്ല.

5) കുറ്റികുരുമുളക് തൈ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അപാകതകൾ നിലനിൽക്കെ തന്നെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	രജിസ്റ്റർ ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്/വിലാസം	അനുവദിച്ച തൈകളുടെ എണ്ണം	റിമാർക്സ്
1	146	ഷീജ സലീം, പുത്തുക്കാടൻ വീട്, പെരുമ്പാവൂർ വാർഡ്-XXII	10	ഒരേ അപേക്ഷകന് രണ്ടുതവണ ആനുകൂല്യം നൽകി. ക്രമനമ്പർ 201 പ്രകാരം മറ്റൊരു അപേക്ഷയുടെ അടിസ്ഥാനത്തിൽ 25 തൈകൾ കൂടി വിതരണം ചെയ്തു

2	18	ബേബി.വി.ജോസഫ്, വലിയപറമ്പിൽ വീട്, ഇരിങ്ങോൾ വാർഡ്-XIV	10	കരം അടച്ച രസീത് ഇല്ല.
3	40	ഷീബ, ആശാരുകുടി വീട്, കാരാട്ടുപള്ളിക്കര വാർഡ്-X	6	,,
4	61	സുധീഷ് കുമാർ.സി.എസ്, ചെരുപറമ്പിൽ വീട് പെരുമ്പാവൂർ വാർഡ്-XIX	6	,,
5	67	വൽസല, ശാന്തിഭവൻ, ഇരിങ്ങോൾ വാർഡ്-XV	6	,,
6	70	ആമിന പി.എച്ച്, വെള്ളം വേലി വീട്, റയോൺപുരം വാർഡ്-XXVI	6	,,
7	83	മൻസി, എം.എം, കടവത്താൻ വീട്, റയോൺപുരം വാർഡ്-XXVI	6	,,
8	90	കൗസല്യ കുട്ടപ്പൻ, ആശാരുകുടി വീട്, കാരാട്ടുപള്ളിക്കര വാർഡ്-X	4	,,
9	98	എൻ.എ.അബൂബക്കർ, നാനേത്താൻ വീട്, റയോൺപുരം വാർഡ്-XXIV	6	2023-24 ലെ കരം അടച്ച രസീത്
10	101	കൃഷ്ണകുമാർ, കരവട്ടു വീട് പെരുമ്പാവൂർ വാർഡ്-XX	6	,,
11	110	ജാസിം അലി, നാനേത്താൻ വീട് റയോൺപുരം വാർഡ്-XXIV	10	ക്രമ നമ്പർ 111 ഷിജില മജീദ് ഒരേ വിലാസം, ഒരേ കരം അടച്ച രസീത്. 10 എണ്ണം അനുവദിച്ചു.
12	120	ലീലാമ്മ ബേബി, മൂക്കണഞ്ചേരി വീട്, പെരുമ്പാവൂർ വാർഡ്-XIX	10	ക്രമ നമ്പർ 121 ബേബി.എം മത്തായി - ഒരേ വിലാസം, 5എണ്ണം അനുവദിച്ചു
13	122	ഷീബ ബേബി, മങ്ങാട്ട് വീട്, ഇരിങ്ങോൾ വാർഡ്-XVI	10	ക്രമനമ്പർ 3ലെ വിലാസം. ബേബി എം.ടി, മരങ്ങാട്ട് വീട്, ഇരിങ്ങോൾ. 10എണ്ണം

				അനുവദിച്ചു.
14	123	അശ്വതി രാജ്, മുളക്കൽ വീട്, പട്ടാൽ, പെരുമ്പാവൂർ വാർഡ്-XIII	10	2023-24 ലെ കരം അടച്ച രസീത്
15	170	ശാന്ത ഗോപിനാഥ്, മഴവിൽ വീട്, ഇരിങ്ങോൾ	6	കരം അടച്ച രസീത് ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/2024-25 തീയ്യതി 19.12.2025 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ തുടരുന്നതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹2,49,980/- തടസ്സത്തിൽ വെക്കുന്നു.

1-48 പച്ചക്കറി തൈ ചട്ടി ഗ്രോബാഗ് വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ പേര്	പച്ചക്കറി തൈ ചട്ടി, ഗ്രോ ബാഗ് വിതരണം (വികസനഫണ്ട്-ജനറൽ - പുതിയത്)
പ്രോജക്ട് നമ്പർ	121/25
അടങ്കൽ തുക	₹5,43,750/- (വികസനഫണ്ട്-ജനറൽ) ₹1,81,250/-(ഗുണഭോക്തൃ വിഹിതം)
ചെലവ്/ബിൽ നം.തീയ്യതി	₹2,25,000/-260-23.01.2025 ₹1,68,000/-349-19.02.2025 ₹1,50,000/-401-10.03.2025 ₹1,81,000/- (ഗുണഭോക്തൃ വിഹിതം) ആകെ ₹7,24,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

പച്ചക്കറി കൃഷിക്ക് High Density Poly Ethylene(HDPE) ചെടിച്ചട്ടി വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം നഗരസഭ പരിധിയിൽ സ്ഥിരതാമസക്കാരായ കുറഞ്ഞത് 5 സെന്റ് സ്ഥലമുള്ളതും 25% ഗുണഭോക്തൃവിഹിതം അടവാക്കാൻ കഴിയുന്ന ഗുണഭോക്താക്കൾക്ക് 10 യൂണിറ്റ് ചട്ടികൾ വിതരണം ചെയ്യുക എന്നതായിരുന്നു പദ്ധതി. പ്രോജക്ട് പ്രകാരം ₹200/- വിലയുള്ള ചട്ടി 10 എണ്ണം വീതം 362 ഗുണഭോക്താക്കൾക്ക് മൂവാറ്റുപുഴ അഗ്രോ സർവ്വീസ് സെന്റർ, വാഴക്കുളം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിതരണം ചെയ്ത വകയിൽ ₹7,24,000/- ചിലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നടത്തിപ്പുമായി കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1) സ.ഉ.(സാധാ) നം. 2854/2022/LSGD തീയ്യതി 18.11.2022 പ്രകാരം പച്ചക്കറി കൃഷിക്ക് High Density Poly Ethylene(HDPE) ചെടിച്ചട്ടി വാങ്ങൽ എന്ന പ്രോജക്ടിൽ ചെടിച്ചട്ടികൾ വാങ്ങേണ്ടത് ടെണ്ടർ നടപടികളിലൂടെയാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടെണ്ടർ സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2) സ.ഉ.(സാധാ) നം. 2118/2023/LSGDതീയ്യതി 30.10.2023 പ്രകാരം നിശ്ചയിച്ച 6 അധികമാനദണ്ഡങ്ങൾ വാങ്ങലിൽ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ചെടിച്ചെട്ടി വിതരണം ചെയ്ത സ്ഥാപനവുമായി ചമച്ച കരാർ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. എന്നാൽ ചെടിച്ചെട്ടി വിതരണം ചെയ്ത മൂവാറ്റുപുഴ അഗ്രോ സർവ്വീസ് സെന്റർ വാഴക്കുളം എന്ന സ്ഥാപനവുമായി ചമച്ച കരാർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.
3) 2024-25 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാതല യൂണിറ്റ് കോസ്റ്റ് ജില്ലാകളക്ടർ & ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 103578/22/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം തീയ്യതി 30.10.2024 ഉത്തരവ് പ്രകാരം ഒരു ചെടിച്ചട്ടിക്ക് നിശ്ചയിച്ചിട്ടുള്ളത് ₹190-210 യാണ്. ചെടിച്ചെട്ടികൾ ₹200/- നിരക്കിൽ മൂവാറ്റുപുഴ അഗ്രോ സർവ്വീസ് സെന്റർ വാഴക്കുളം എന്ന സ്ഥാപനമാണ് വിതരണം ചെയ്തിരിക്കുന്നത്. ടി സ്ഥാപനവുമായി വില സംബന്ധിച്ച് നെഗോഷിയേഷൻ നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
4)ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറായവർക്കാണ് ചെടിച്ചട്ടി വിതരണം ചെയ്യാൻ പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പ്രോജക്ട് പ്രകാരം 75% സബ്സിഡിയും 25% ഗുണഭോക്തൃവിഹിതവുമാണ്. ₹200/- വിലവരുന്ന 10 ചട്ടികളുടെ തുകയായ ₹2,000/- രൂപയിൽ സബ്സിഡി ₹1,500 കഴിച്ച് ഓരോ ഗുണഭോക്താവും ₹500/- വീതം ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടവാക്കണം. പ്രോജക്ട് പ്രകാരം 362 ഗുണഭോക്താക്കൾക്ക് ₹200/-യുടെ 10 ചട്ടികൾ വിതരണം ചെയ്ത വകയിൽ ₹7,24,000/- ചെലവഴിച്ചതായി ചെലവ് രേഖയിൽ കാണുന്നു. ഇതിൽ സബ്സിഡി തുകയായ ₹543000/- യുടെ ചെലവ് ബിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃവിഹിതം ₹1,81,000/-ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയതിന്റെ രശീതി, പ്രസ്തുത തുക നഗരസഭയിൽ അടവാക്കിയതിന്റെ വിവരം, ചട്ടി വിതരണം ചെയ്ത സ്ഥാപനത്തിന് ഈ തുക നൽകിയതിന്റെ ബില്ല് എന്നിവ ഹാജരാക്കിയിട്ടില്ല.
5)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹത മാനദണ്ഡത്തിൽ (ക്രമ നമ്പർ 28) കർഷകന് ചുരുങ്ങിയത് 05 സെന്റിൽ കുറയാത്ത കൃഷി ഭൂമി ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 05 സെന്റിൽ കുറവ് സ്ഥലം ഉള്ളവർക്കും പ്രോജക്ട് പ്രകാരം ചെടിച്ചട്ടി വിതരണം ചെയ്തിട്ടുണ്ട് .

ക്രമ നമ്പർ	ഗുണഭോക്തൃ രജിസ്റ്റർ ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര് / വിലാസം	സ്ഥലവിസ്തൃതി
1	15	ശിവൻ എ.എൻ അമരാവതി വീട്, പെരുമ്പാവൂർ	1ആർ. 52 സ്ക്വ.മീ
2	41	രാധാമണി,ഗീതാഭവൻ, കാഞ്ഞിരക്കാട്	1ആർ. 52 സ്ക്വ.മീ
3	77	സി.കെ.ലൈല, ചെന്താര വീട്, റയോൺപുരം, വല്ലം	1ആർ.21 സ്ക്വ.മീ
4	138	എലിയാമ്മ വർക്കി പാർവേലിക്കുടി വീട് , ഇരിങ്ങോൾ	1 ആർ
5	163	പോൾ.ഇ, ഇടപ്പുളവൻ വീട്, വല്ലം	1 ആർ 80 സ്ക്വ.മീ
6	228	ഷമീന ഷാനവാസ് , ചെറുവള്ളിക്കുടി വീട്	92 സ്ക്വ.മീ
7	320	സെൽമ. ഉപ്പുട്ടിൽ വീട്, കാഞ്ഞിരക്കാട്	1 ആർ 81 സ്ക്വ.മീ
8	344	സലിത സിയാദ്, മൂക്കട വീട്, റയോൺപുരം	1 ആർ 53.5സ്ക്വ.മീ
9	346	സുധ, ചാലിൽ വീട്, റയോൺപുരം	1 ആർ 62സ്ക്വ.മീ

10	360	സിസി ഉണ്ണി, ചുള്ളിപറമ്പിൽ വീട്, പെരുമ്പാവൂർ	1 ആർ 49സ്ക്വ.മീ
11	362	സജി പി.ജെ, പാർവേലിക്കുടി വീട്, പെരുമ്പാവൂർ	27.6 സ്ക്വ.മീ

6) ചെടിച്ചട്ടി വിതരണം ചെയ്തത് സംബന്ധിച്ച് ഹാജരാക്കിയ രജിസ്റ്ററിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ചെടിച്ചട്ടി കൈപറ്റിയതായി കാണുന്നില്ല.

ക്രമ നമ്പർ	രജിസ്റ്റർ ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര് /വിലാസം
1	1	വിനീത രാജേഷ്
2	168	ജുമൈലത്ത്
3	169	ആന്റണി ഇ.ഒ
4	203	കുരുവിള ഫിലിപ്പ്
5	208	സലീം.പി.പി
6	209	അബ്ദുൾ കരീം.പി.പി
7	210	ആലീസ് പൗലോസ്
8	234	ബാബു.പി.പി
9	275	ഷാജി.പി.പി
10	305	റജീന കരീം
11	358	ജേക്കബ്ബ് പി.ഡി

മേൽ ഗുണഭോക്താക്കളുടെ കൈപറ്റ് രസീത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
7) താഴെ പറയുന്ന ഒരേ വീട്ട് അഡ്രസ്സിലുള്ളവർക്ക് ആനുകൂല്യം അനുവദിച്ചു

ക്രമ നമ്പർ	രജിസ്റ്റർ ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	റിമാർക്സ്
1	39	ജെസ്സി ഐസക്ക്, മുക്കേഞ്ചേരി വീട്,	രജിസ്റ്റർ ക്രമ നമ്പർ 39,40 ഒരേ വിലാസം , കരം അടച്ച രസീത് ഒരേ സ്ഥലത്തിന്റേത് വാർഡ് നമ്പർ- XVIII
2	40	ജിനു.എം.ഐസക്ക്, മുക്കേഞ്ചേരി വീട്	"
3	74	സി.കെ.ജാഫർ, ചെന്താര വീട്	രജിസ്റ്റർ ക്രമ നമ്പർ 74,75 ഒരേ വിലാസം, കരം അടച്ച രസീത് ഹാജരാക്കിയിട്ടുള്ളത് ഒരേ സ്ഥലത്തിന്റേത് വാർഡ് നമ്പർ- XVIII
4	75	സീനത്ത് ജാഫർ, ചെന്താര വീട്	"
5	292	ആമിന. കാരിയേലിൽ വീട്, പെരുമ്പാവൂർ	രജിസ്റ്റർ ക്രമ നമ്പർ 292,293 ഒരേ വിലാസം, കരം അടച്ച രസീത് ഒരേ സ്ഥലത്തിന്റേത് വാർഡ്

			നമ്പർ- XV
6	293	ഗദ്ദാഫി.കെ.എം,കാരിയേലിൽ വീട്, പെരുമ്പാവൂർ	"
7	335	ഭാഗ്യ ബേബി, മരങ്ങാട്ട് വീട്, ഇരിങ്ങോൾ	രജിസ്റ്റർ ക്രമ നമ്പർ 2 ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരേ വിലാസം വാർഡ് നമ്പർ- XVI
8	2	ബേബി താരു, മരങ്ങാട്ട് വീട്, ഇരിങ്ങോൾ	"

ഒരേ വീട്ട് അഡ്രസ്സിലുള്ളവർക്ക് ആനുകൂല്യം അനുവദിക്കാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല.
8) ചെടിച്ചട്ടി ലഭ്യമായത് സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/2024-25 തീയ്യതി 19.12.2025-ന് നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ തുടരുന്നതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക ₹7,24,000/-തടസ്സത്തിൽ വെക്കുന്നു.

1-49 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ: രേഖകൾ ഹാജരാക്കിയില്ല, ₹4,22,659/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	പദ്ധതി അടങ്കൽ (₹)	പദ്ധതി ചെലവ് (₹)	ചെലവ് ബിൽ നമ്പർ &തീയ്യതി
1	179/25	കൃഷി ഭവൻ വൈദ്യുതി , ഫോൺ, മറ്റ് ഓഫീസ് ചെലവുകൾ (ജനറൽ - റോഡിതരം)	5,524	5,524	₹5524/-43/09.05.2024- മെയിന്റനൻസ് ഫണ്ട് നോൺ റോഡ്
2	178/25	പച്ചക്കറി തൈ ചട്ടി വിതരണം (ജനറൽ - സാധാരണ വിഹിതം)	1,95,000	1,95,000	₹75,000/-, 4/09.05.2024 ₹75,000/-, 5/09.05.2024 ₹45,000/-, 6/09.05.2024 ₹1,95,000/-
3	177/25	സമഗ്ര പുരയിട കൃഷി വികസനം (ജനറൽ – സാധാരണ വിഹിതം)	2,22,170	2,22,135	₹95000/-,1/09.05.2024 ₹91280/-,2/09.05.2024 ₹35855/-,3/09.05.2024 ₹2,22,135/-
		ആകെ		4,22,659	

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകളുടെ മുഴുവൻ രേഖകളും പരിശോധനക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.40/2024-25 തീയ്യതി 19.12.2025) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. സുലേഖ ചെലവ് പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ആണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചെലവ് രേഖകളുടെ

അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച ₹4,22,659/- തടസ്സപ്പെടുത്തുന്നു. ചെലവഴിച്ച തുകയുടെ കൃത്യമായ രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്കായി ഹാജരാക്കി ചെലവു തടസ്സം ഒഴിവാക്കേണ്ടതാണ്.

1-50 ഹരിത കർമ്മ സേനയ്ക്ക് ഇ-വാഹനം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം.	389/2025
പ്രോജക്ടിന്റെ പേര്	ഹരിതകർമ്മസേനയ്ക്ക് മാലിന്യശേഖരണത്തിന് ഇ-വാഹനങ്ങൾ
അടങ്കൽ	₹15,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	₹10,71,500/- (ധനകാര്യ കമ്മീഷൻ അവാർഡ്) ബിൽ നം.555/തീയതി.24.03.2025 തുക ₹10,71,500/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ

പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)115/2022 ത.സ്വ.ഭ.വ. തീ. 28.05.2022 ഖണ്ഡിക 8.2.6 അനുസരിച്ച് മാലിന്യ സംസ്കരണത്തിന് പ്രത്യേകം രൂപകല്പന ചെയ്ത വാഹനം വാങ്ങുന്നതിന് സർക്കാർ നൽകിയ അനുമതി പ്രകാരമാണ് പ്രോജക്ട് തയ്യാറാക്കി TATA ACE EV COVERING BODY BSVI മോഡൽ ഇ- വാഹനം വാങ്ങിയിരിക്കുന്നത്. വാഹനം വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതുപ്രകാരം കുറവ് നിരക്ക് ക്വോട്ട് ചെയ്ത പോപ്പുലാർ മെഗാ മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിരിക്കുന്നതായി രേഖപ്പെടുത്തി കാണുന്നത്. എന്നാൽ ടെണ്ടർ സംബന്ധിച്ച ഫയലും ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.ഫയൽ പരിശോധിച്ചതിൽ (ഫയൽ നം.393515-2025) ടി വാഹനം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനും, പരിശീലനം ലഭിച്ച ഹരിതകർമ്മ സേനാംഗങ്ങൾ തന്നെയാണോ മേൽ വാഹനം കൈകാര്യം ചെയ്യുന്നത്, ടി വാഹനം ഹരിതകർമ്മസേനയ്ക്ക് കൈമാറിയത് സംബന്ധിച്ച കരാർ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. വാഹനത്തിന്റെ ഇൻഷുറൻസ്, രജിസ്ട്രേഷൻ, വാഹന പരിപാലനം ആരാണ് നിർവ്വഹിക്കുന്നത് എന്നത് സംബന്ധിച്ച വിവരങ്ങൾ ആയത് സാധൂകരിക്കുന്ന രേഖകൾ സഹിതം ലഭ്യമാക്കണമെന്ന് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിൽ മറുപടി ലഭ്യമായിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.60/24-25തിയതി 14.01.2026)

നഗരസഭാ പരിധിയിൽ അജൈവ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേനയുടെ ഉപയോഗത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ വാങ്ങിയ വാഹനം അജൈവമാലിന്യ ശേഖരണത്തിന് പൂർണ്ണതോതിൽ ഉപയോഗിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഭൗതിക പരിശോധന നടത്തി ടി വാഹനത്തിന്റെ കിലോമീറ്റർ റീഡിംഗ് പരിശോധിച്ചതിൽ മേൽ വാഹനം വളരെ കുറച്ച് ദൂരം മാത്രമേ ഓടിയിട്ടുള്ളൂ എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി നഗരസഭ അനുവർത്തിച്ചുവരുന്ന പരമ്പരാഗത മാർഗ്ഗങ്ങൾ തന്നെയാണ് നിലവിലും തുടരുന്നത്. ഡ്രൈവർമാരെ നിയമിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ വാഹനം പൂർണ്ണതോതിൽ ഉപയോഗിക്കുന്ന സാഹചര്യം ഉണ്ടാവുന്നതാണ്.

നഗരസഭ മാലിന്യസംസ്കരണത്തിനുള്ള ഇ- വാഹനം

നഗരസഭയിലെ ഡ്രൈവർ ആണ് നിലവിൽ ടി വാഹനം ഓടിക്കുന്നത്. 25.08.2023 ലെ സ.ഉ(സാധാ) നം.1739/2023/LSGD ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയുടെ വാഹനത്തിൽ ഡ്രൈവർ ആയി ജോലി നോക്കുന്നവർക്ക് വേതനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഇൻഷ്വറൻസ്, മറ്റ് ആവർത്തന ചെലവുകൾ എന്നിവയ്ക്ക് സി.എഫ്.സി(ടൈഡ് ഫണ്ട്)/ തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണെന്നും, ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്നും, ആയതിന് സി.എഫ്.സി (ടൈഡ് ഫണ്ട്), തനത് ഫണ്ട്, കുടുംബശ്രീ നൈപുണ്യ വികസന ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണെന്നും മേൽ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ടി സാഹചര്യത്തിൽ വാഹനം നിഷ്ക്രിയാസ്തിയായി തീരാതിരിക്കുവാൻ ഡ്രൈവർമാരെ നിയമിക്കുന്നതിനും വാഹന പരിപാലനത്തിനും സത്വരവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതിനും വാഹനവിനിയോഗം കൃത്യമാക്കുന്നതിനും വിധേയമായി ചെലവ് തുക ₹10,71,500/- തടസ്സപ്പെടുത്തുന്നു.

1-51 സ്ഥാപനതല സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ -അപാകതകൾ

പ്രോജക്ട് നം.	358/25
പ്രോജക്ടിന്റെ പേര്	സ്ഥാപനതല സാനിട്ടറി നാപ്കിൻ ഇൻസിനറേറ്റർ
അടങ്കൽ	₹8,00,000/- ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്	₹7,97,680/- (ബിൽ നം.524 തീയതി 23.03.2025 ചെലവു തുക ₹7,97,680/-)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ

മേൽ പ്രോജക്ട് പ്രകാരം HLL(pvt.Ltd) -ൽ നിന്ന് ₹7,97,680/- യ്ക്ക് 16 സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ വാങ്ങി നഗരസഭാ പരിധിയിലുള്ള സ്കൂളുകൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് കൈ നം115/2022/LSGD തീയതി 28.05.2022 ഖണ്ഡിക 7.4.6 പ്രകാരം സർക്കാർ എയ്ഡഡ് ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് അവരുടെ എണ്ണത്തിന് അനുസരിച്ച് അനുയോജ്യമായ കപ്പാസിറ്റിയുള്ള സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ വാങ്ങി സ്ഥാപിക്കേണ്ടതാണ് എന്നു നിർദ്ദേശമുണ്ട്. മെഷീനുകളുടെ സുരക്ഷിതമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് PTA യുമായി കരാർ വെയ്ക്കണം. മെഷീൻ വാങ്ങുന്ന കമ്പനികളുമായി AMC ഉണ്ടായിരിക്കണം. തുടർന്നുള്ള വർഷങ്ങളിൽ മെയിന്റനൻസ് PTA എടുക്കണം. ഒപ്പം സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ ലഭ്യമാക്കുകയും സുരക്ഷിതമായി ഉപയോഗിക്കാനുള്ള അലമാരയും വാങ്ങേണ്ടതാണ്. മേൽ രേഖകളൊന്നും ഫയൽ പരിശോധനയിൽ കണ്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 56/24-25 തീയതി 14.01.2026 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേലിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖ പാലിച്ചുകൊണ്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-52 ഹെൽത്ത് വിഭാഗം പ്രോജക്ടുകൾ: രേഖകൾ അപൂർണ്ണം, ചെലവു തുക ₹79,92,695/- തടസ്സപ്പെടുത്തുന്നു.

2024-25 സാമ്പത്തികവർഷം ഹെൽത്ത് ഓഫീസർ (ഹെൽത്ത് സൂപ്പർവൈസർ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയത് അപൂർണ്ണവും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താതെയുമാണ്. ഓഡിറ്റ് റിക്വിസിഷൻ നമ്പർ 6/19.11.2025, ഓഡിറ്റ് എൻക്വയറി നമ്പർ (1) 27/24-25 തിയതി 19.12.2025, (2) 75/24-25, തിയതി 05.02.2026 എന്നിവ പ്രകാരം രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയ പ്രോജക്ട് ഫയലിൽ തുക ചെലവഴിച്ചതും വിനിയോഗിച്ചതും സംബന്ധിച്ച എല്ലാവിവരങ്ങളും ഉൾപ്പെടുത്തിയിരുന്നില്ല. കെ-സ്മാർട്ട് മുഖേനയും ഫയൽ സൂക്ഷിച്ചിട്ടില്ല. മൂന്ന് പ്രോജക്ടുകളുടെ ചെലവ് സംബന്ധിച്ച ഫയൽ/രേഖകൾ ഒന്നും തന്നെ ഹാജരാക്കിയില്ല. ആയതിനാൽ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബിൽനം/തിയതി തുക (₹) ഫണ്ടിനം	തുക തടസ്സപ്പെടുത്തുന്നതിന് കാരണം
1	SO/189/2025	റിജെക്ടസ് നീക്കം ചെയ്യൽ	3,42,332	1)353/21.02.2025 തുക:1,52,868/- 2)352/21.02.2025 തുക:1,89,464/- ധനകാര്യകമ്മീഷൻ അവാർഡ്	ഫയൽ/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല
2	93/2025	ബോധവൽക്കരണ ബോർഡുകൾ റിക്കാർഡുകൾ സ്ഥാപിക്കൽ	3,46,778	574/25.03.2025 തുക:3,46,778/- ധനകാര്യകമ്മീഷൻ അവാർഡ്	ബോധവൽക്കരണ ബോർഡുകൾ സ്റ്റോക്കിലെടുത്ത് സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.
3	SO202/2025	യൂസർ ഫീ ഇളവ് ഹരിതകർമ്മസേന	34,100	1)586/26.03.2025 തുക:34,100/- ധനകാര്യകമ്മീഷൻ അവാർഡ്	1.അതിദരിദ്രർ/ ഗുണഭോക്താക്കളുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല.
4	359/2025	സർക്കാർ സ്ഥാപനങ്ങൾക്ക് ബയോ കമ്പോസ്റ്റർ ബിന്നുകൾ	99,710	1)582/25.03.2025 തുക:99,710/- ധനകാര്യകമ്മീഷൻ അവാർഡ്	1.സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല 2.വിതരണ വിവരം ലഭ്യമല്ല. 3.പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. 4.കരാർ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
5	SO186/2025	മാലിന്യമുക്ത നവകേരള കാമ്പയിൻ	19,262	375/05.03.2025 തുക:19262/- ധനകാര്യകമ്മീഷൻ അവാർഡ്	ഫയൽ/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല
6	SO194/2025	ബയോ ബിൻ വിതരണം	17,81,307	584/25.03.2025 തുക:17,81,307/- ധനകാര്യകമ്മീഷൻ അവാർഡ്	1.അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. 2.സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല 3.വിതരണ വിവരം ലഭ്യമല്ല. 4.ഗുണഭോക്തൃ വിഹിത വിവരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല
7	50/2025	റിംഗ് കമ്പോസ്റ്റ്	10,10,781	579/25.03.2025 തുക:10,10,781/- ധനകാര്യകമ്മീഷൻ	1.അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. 2.സ്റ്റോക്ക് രജിസ്റ്റർ

				അവാർഡ്	പരിശോധനയ്ക്ക് ഹാജരാക്കിയില്ല 3.വിതരണ വിവരം ലഭ്യമല്ല. 4.ഗുണഭോക്തൃ വിഹിത വിവരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല
8	51/2025	ഓർഗാനിക് കമ്പോസ്റ്റർ ബിൻ	13,20,228	580/25.03.2025 തുക:13,20,228/- ധനകാര്യകമ്മീഷൻ അവാർഡ്	1.അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. 2.സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല 3.വിതരണ വിവരം ലഭ്യമല്ല. 4.ഗുണഭോക്തൃ വിഹിത വിവരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല
9	SO201/2025	മാലിന്യ സംസ്കരണം വ്യക്തിഗത പരിപാടികൾ - റിംഗ് കമ്പോസ്റ്റ്	29,69,197	585/25.03.2025 തുക:29,69,197/- ധനകാര്യകമ്മീഷൻ അവാർഡ്	1.അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. 2.സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല 3.വിതരണ വിവരം ലഭ്യമല്ല. 4.ഗുണഭോക്തൃ വിഹിത വിവരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല
10	SO153/2025	എം.സി.എഫി ലേക്ക് സാമഗ്രികൾ വാങ്ങൽ	69,000	54/09.05.2024 തുക:7700/- 55/09.05.2024 തുക:3300 56/09.05.2024 തുക:15400/- 57/09.05.2024 തുക:6600/- 58/09.05.2024 തുക:25200/- 59/09.05.2024 തുക:10800/- (കെഎസ്.ഡബ്ള്യൂ. എം.പി)	ഫയൽ/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല
		ആകെ	79,92,695		

കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ 12 (1) പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും രജിസ്റ്ററുകളും കണക്കുകളും നിർവ്വഹണോദ്യോഗസ്ഥൻ നൽകേണ്ടതാണ്. ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതാണ്. ചെലവുകളെ സാധൂകരിക്കുന്ന രേഖകളായ സ്റ്റോക്ക് രജിസ്റ്റർ, സ്റ്റോക്കുകളുടെ വിതരണ വിവരം, അംഗീകൃത ഗുണഭോക്തൃലിസ്റ്റ്, ഫയലുകൾ തുടങ്ങി പ്രോജക്ടുകൾ വിഭാവനം ചെയ്തതുപോലെ നടപ്പാക്കി എന്നുറപ്പാക്കുവാനാവശ്യമായ രേഖകൾ ഹാജരാക്കാതിരുന്നതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച ₹79,92,695/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-53 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്-ടെൻഡർ നടപടിക്രമങ്ങളിൽ അപാകതകൾ

പ്രോജക്ട് നം	213/25	40/25

പ്രോജക്ടിന്റെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം	
അടങ്കൽ	₹6,00,000 [എസ്.സി.പി]	₹7,60,000 [എസ്.സി.പി]
ചെലവ്	₹5,01,039 [എസ്.സി.പി] 1)ബിൽ നം.182 തീ.09.12.24 തുക ₹4,65,249 2)ബിൽ നം.231 തീ.14.01.25 തുക ₹35,790/-	₹5,04,105 [എസ്.സി.പി] ബിൽ നം.261 തീ23.01.25 തുക₹ ₹5,04,105/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ ദാരിദ്ര്യ നിർമ്മാർജ്ജന സെൽ	

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണത്തിനായി രണ്ട് പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിൽ താഴെ പറയും പ്രകാരം ലാപ് ടോപ്പ് വാങ്ങിയിട്ടുണ്ട്.

ക്രമ നം	ഇൻവോയ്സ് നം.	എണ്ണം	തുക (₹)
1	CZ-2024-25/215/1	8	2,88,060
2	CZ-2024-25/215/2	6	2,16,045
3	CZ-2024-25/87	13	4,65,249
4	CZ-2024-25/89	1	35,790
		28	10,05,144

പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനത ചുവടെ ചേർക്കുന്നു.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരവും GeM ൽ 10.07.2024 ൽ വരുത്തിയ ഭേദഗതികൾ പ്രകാരവും, എല്ലാ സർക്കാർ വകുപ്പുകളും 50,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. ആയതിൽ 50,000/- രൂപയ്ക്കും 5,00,000/-രൂപയ്ക്കും ഇടയ്ക്കുള്ള വാങ്ങലുകളിൽ കുറഞ്ഞത് മൂന്ന് സേവന ദാതാക്കളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ജെം മുഖേന ലാപ്ടോപ്പ് വാങ്ങൽ നടത്തിയെങ്കിലും ടെണ്ടർ നടപടികളിൽ വിവിധ കമ്പനികളുടെ ലാപ്ടോപ്പുകൾ ഉൾകൊള്ളിച്ച് താരതമ്യം ചെയ്തു വാങ്ങുകയാണ് ഉണ്ടായത്. കുറഞ്ഞത് മൂന്ന് സേവന ദാതാക്കളെ ഉൾകൊള്ളിച്ച് താരതമ്യം നടത്തി അതിൽ നിന്നും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സേവന ദാതാവിനെ തിരഞ്ഞെടുക്കൽ പ്രക്രിയ നടന്നിട്ടില്ല. ഇവിടെ സേവന ദാതാവ് വിവിധ ബ്രാന്റുകളുടെ ലാപ്ടോപ്പ് വിപണനം നടത്തുന്ന ഡീലർമാരായതിനാൽ, നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പ് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന ഡീലറെ ആണ് സെലക്റ്റ് ചെയ്യേണ്ടിയിരുന്നത്. മൂന്നു സേവന ദാതാക്കളെ ഉൾകൊള്ളിക്കാതെ 3 ബ്രാന്റുകളെ ഉൾപ്പെടുത്തിയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ടെണ്ടർ സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ തന്നെയാണോ തെരഞ്ഞെടുത്ത ബ്രാന്റിലും ഉൾപ്പെട്ടതെന്ന് ഐ കെ എം ടെക്നിക്കൽ എക്സ്പെർട്ട് പരിശോധിച്ച് ഉറപ്പുവരുത്തിയ രേഖകൾ ഫയലിൽ ലഭ്യമല്ല.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 59/ 24-25 തിയതി 14.01.2026 നല്കിയതിന് ലഭ്യമായ മൂന്നു സേവന ദാതാക്കളെ ഉൾക്കൊള്ളിച്ച് താരതമ്യം നടത്തി അതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സേവനദാതാവിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന എന്നും 21.02.2026 ൽ മറുപടി ലഭ്യക്കിയിട്ടുണ്ട്.

എന്നാൽ ലഭ്യമാക്കിയ രേഖകളിൽ വിവിധ കമ്പനികളുടെ ലാപ്ടോപ്പുകൾ ഉൾകൊള്ളിച്ച് താരതമ്യം ചെയ്ത ഷീറ്റാണ് ഉണ്ടായിരുന്നത്. ടെണ്ടർ സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ തന്നെയാണോ എന്ന് ഐ കെ എം ടെക്നിക്കൽ എക്സ്പെർട്ട് പരിശോധിച്ച് ഉറപ്പുവരുത്തിയത് സംബന്ധിച്ച രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്ന എന്ന് ഉറപ്പു വരുത്തേണ്ടതും ലഭ്യമായ ലാപ് ടോപ്പുകൾ ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവയാണെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തിയതിന്റെ രേഖകൾ ഫയലിൽ ഉൾപ്പെടുത്തി സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതുമാണ്.

1-54 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ

പ്രോജക്ട് നം.	230/25
പ്രോജക്ടിന്റെ പേര്	പഠനമുറി നിർമ്മാണം - പട്ടികജാതി വിദ്യാർത്ഥികൾ
അടങ്കൽ	₹7,70,000/- [എസ്.സി.പി]
ചെലവ്	₹4,63,962/- [എസ്.സി.പി]
നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ

ക്രമ നം	ബിൽ നം./ തീയതി	ചെലവു തുക ₹
1	86/24.09.2024	60,000
2	89/07.10.2024	79,272
3	123/04.11.2024	93,000
4	393/07.03.2023	77,000
5	482/21.03.2025	63,962
6	551/24.03.2025	90,728

പട്ടികജാതി/പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിന് ₹2 ലക്ഷം ധനസഹായം നൽകുന്നതാണ് പ്രോജക്ട്. സ.ഉ.(സാധാ) നം.1877/2023/LSGD തീയതി, തിരുവനന്തപുരം 21.09.2023 പ്രകാരം പഠനമുറി നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വച്ച ശേഷം ₹30,000/- മുൻകൂറായും നിർവ്വഹണ ഉദ്യോഗസ്ഥന്റെ തന്നെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ₹60,000/- (ബേസ്മെന്റ് പൂർത്തിയാകുമ്പോൾ) ₹80,000/- (മേൽക്കൂര പൂർത്തിയാകുമ്പോൾ) ₹30,000/- പ്ലാസ്റ്ററിംഗ് വൈറ്റ് വാഷ് തുടങ്ങിയവ പൂർത്തിയാകുമ്പോൾ) എന്നിങ്ങനെ മൂന്ന ഗഡുക്കളായാണ് ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ പഠനമുറി നിർമ്മിക്കാൻ താഴെ പറയുന്ന രീതിയിലാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

ക്രമ നം	പേര്	അനുവദിച്ച ഗഡു	തുക₹
1	അശ്വിൻ അജി	ഒന്നാം ഗഡു	30,000/-
		രണ്ടാം ഗഡു	93,000/-
		മൂന്നാം ഗഡു	77,000/-
2	ആനന്ദ്. കെ.	ഒന്നാം ഗഡു	30,000/-
		രണ്ടാം ഗഡു	63,962/-

3	അനാമിക കെ.ആർ	രണ്ടാം ഗഡു	79,272/-
		മൂന്നാം ഗഡു	90,728/-
ആകെ			4,63,962

ഉത്തരവിന്ന വിരുദ്ധമായി തുക അനുവവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് (57/24-25 തീയതി 15.01.2026) മറുപടിയായി ടി ഗുണഭോക്താക്കൾ നിലവിലുള്ള വീടിന്റെ മുകൾ നിലയിലാണ് പഠനമുറി നിർമ്മിക്കുന്നത് ആയതിനാൽ ബേസ്മെൻറ് പൂർത്തീകരണം ഇല്ലാത്തതിനാലാണ് രണ്ടാംഗഡു ധനസഹായം ₹60000/- നൽകാതിരുന്നത് എന്നും വീണ്ടും മേൽക്കൂര നിർമ്മാണം പൂർത്തിയാകുമ്പോൾ ₹80000/- നൽകേണ്ടതുണ്ട്. മേൽക്കൂര നിർമ്മാണം പൂർത്തിയായതിനുശേഷം എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ വാല്യുവേഷന് ആനുപാതികമായ തുകയാണ് രണ്ടാം ഗഡു ധനസഹായമായി നൽകിയിട്ടുള്ളത് എന്നും പഠനമുറി നിർമ്മാണം പൂർത്തിയാക്കി എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ വാല്യുവേഷൻ പ്രകാരം പഠനമുറി നിർമ്മാണത്തിന്റെ ആകെ ധനസഹായമായ ₹2,00,000/-യിൽ നിന്നും ഒന്നാം ഗഡുവായി നൽകിയ ₹30000/-യും മേൽക്കൂര നിർമ്മാണം പൂർത്തിയായപ്പോൾ ലഭിച്ച വാല്യുവേഷന് ആനുപാതികമായി നൽകിയ രണ്ടാം ഗഡു ധനസഹായവും കഴിച്ചുള്ള ബാക്കി തുകയാണ് മൂന്നാം ഗഡുവായി അനുവദിച്ചിട്ടുള്ളത്. ആകെ മൂന്നു ഗഡുക്കളായി പഠനമുറി ധനസഹായത്തിന്റെ പരമാവധി തുകയായ ₹2,00,000/- അനുവദിച്ചിട്ടുള്ളതാണ്. വീടിന്റെ മുകൾ നിലയിൽ പഠനമുറി നിർമ്മിച്ചതിനാലാണ് ബേസ്മെന്റ് പൂർത്തിയാക്കിയപ്പോൾ രണ്ടാം ഗഡു ധനസഹായം നൽകാതിരുന്നതും പഠനമുറി ധനസഹായം നാല് ഗഡുക്കളായി നൽകേണ്ടതിനുപകരം മൂന്നു ഗഡുക്കളായി നൽകിയതും എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സ.ഉ(സാധാ) നം.1877/2023/LSGD തീയതി, തിരുവനന്തപുരം 21.09.2023 പ്രകാരം ആരംഭ ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും മാത്രമായി വാല്യുവേഷൻ പരിമിതപ്പെടുത്തിയിരിക്കുന്നു എന്ന നിർദ്ദേശമുണ്ട്. മേൽ സാഹചര്യത്തിൽ ലഭ്യമായ മറുപടി തൃപ്തികരമല്ല. പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-55 അഗതിരഹിത കേരളം പദ്ധതി നടത്തിപ്പിൽ അപാകതകൾ

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽപ്പെടുന്ന അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതിരഹിത കേരളം പദ്ധതി, കുടുംബശ്രീയുടെ നേതൃത്വത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.8.2020-ലെ കെ.എസ്/13100/ എൽ/2018 നമ്പർ ഉത്തരവ് പ്രകാരമാണ് നഗരസഭയിൽ അഗതി രഹിത കേരളം പദ്ധതി നടപ്പിലാക്കിയത്. 2024-25 സാമ്പത്തിക വർഷം പെരുമ്പാവൂർ നഗരസഭയിൽ ടി പദ്ധതിയിൽ പെടുത്തി രണ്ട് പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

1.ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട കിറ്റ് വിതരണം

പ്രോജക്ട് നം.	132/25
പ്രോജക്ടിന്റെ പേര്	ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട കിറ്റ് വിതരണം
അടങ്കൽ	₹2,00,000 വികസന ഫണ്ട് (ജനറൽ) ₹7,50,000 (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് (ബിൽ നം/ തീയതി/തുക)	₹1,62,273 വികസന ഫണ്ട് (ജനറൽ) 1. 81/20.09.2024 – ₹84,630 2. 138/19.11.2024 –₹ 77,643 ₹3,94,638 (ധനകാര്യം) 1. 179/07.12.2024 – ₹79,400 2. 223/10.01.2025 – ₹78,679 3. 321/12.02.2025 – ₹79,133 4. 376/05.03.2025 – ₹78,226 5. 541/24.03.2025 – ₹79,200
നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ-നഗര ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ₹5,56,911/- യുടെ ഭക്ഷണ സാധനങ്ങൾ ത്രിവേണി സൂപ്പർ മാർക്കറ്റിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഭക്ഷണ സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം നിലവിൽ ഏതെല്ലാം ഇനങ്ങളിലാണ് തുക ചെലവു ചെയ്തത് എന്ന വിവരവും ഏതെല്ലാം കാലയളവിലെ ഭക്ഷണ വിതരണം ആണ് നടത്തിയത് എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. അഗതി രഹിത കേരളം പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തൽ സമിതിയും കൂടാതെ ഒരു ഉപസമിതിയും രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയത് യോഗം ചേർന്നതിന്റെ മിനിട്ട്സ്/റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/24-25 തിയതി 14.11.2025 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.അതിദാരിദ്ര്യ പദ്ധതികൾ

പ്രോജക്ട് നം.	165/25
പ്രോജക്ടിന്റെ പേര്	അതിദാരിദ്ര്യ പദ്ധതികൾ (വികസന ഫണ്ട് ജനറൽ)
അടങ്കൽ	₹1,79,672
ചെലവ് (ബിൽ നം/ തീയതി/തുക)	₹1,64,931 1.13/09.05.2024-₹19,800 2. 78/12.09.2024– ₹19,813 3. 106/16.10.2024– ₹26,800 4. 188/11.12.2024– ₹19,800 5. 221/10.01.2025 – ₹19,800 6. 222/10.01.2025 – ₹19,745 7. 385/06.03.2025– ₹19,450 8. 320/12.02.2025– ₹19,723
നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ-നഗര ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്

പദ്ധതി പ്രകാരം ₹1,64,931/- യുടെ ഭക്ഷ്യ കിറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/24-25 തിയതി 14.11.2025 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല. ബഹു: കുടുംബശ്രീ പ്രിൻസിപ്പൽ ഡയറക്ടറുടെ 12/19/2024 ലെ LSGD/PD/ 59814/2023-EPEPI നമ്പർ കത്ത് പ്രകാരം അതിദാരിദ്ര പട്ടികയിൽ ഉൾപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ സൗജന്യമായി നൽകണമെന്നും ഇതിനുള്ള തുക അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ബിൽ നം. 106/16.10.2024 തുക ₹26,800/- വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചാണ് ത്രിവേണി സൂപ്പർ മാർക്കറ്റ് പെരുമ്പാവൂർ-ൽ നിന്ന് ഓണക്കിറ്റ് ലഭ്യമാക്കി വിതരണം ചെയ്തിട്ടുള്ളത്.

അഗതി രഹിത കേരളം പദ്ധതിയിൽ വിവിധ സേവനങ്ങൾ ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഭക്ഷണ വിതരണത്തിൽ മാത്രമായി പദ്ധതി ഒതുങ്ങി. പദ്ധതിയുടെ നടത്തിപ്പിൽ ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ, സി.ഡി.എസ് എന്നിവരുടെ ഭാഗത്ത് നിന്നും ആവശ്യമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. ഭൂമി, വീട്, വീട് പുനരുദ്ധാരണം, ചികിത്സ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭിക്കേണ്ട നിരവധി ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ ഭക്ഷ്യധാന്യ വിതരണത്തിൽ മാത്രം പദ്ധതി ഒതുങ്ങുന്നത് യുക്തിസഹമല്ല. പദ്ധതി കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ടി ഗുണഭോക്താക്കളെ കൊണ്ടുവരുന്നതിനും അഗതിരഹിത കേരളം എന്ന പദ്ധതി ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് പ്രമുഖ പരിഗണന നല്കേണ്ടതുമാണ്.

സ്റ്റോക്ക് റജിസ്റ്റർ, അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് എന്നിവയുടെ അഭാവത്തിൽ ചെലവ് തുക (1,62,273+3,94,638+1,64,931) ₹ 7,21,842/- തടസ്സപ്പെടുത്തുന്നു.

1-56 താലൂക്ക് ആശുപത്രിയിൽ കമ്പ്യൂട്ടർ പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ :ചെലവ് തുക ₹1,83,451/-തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	172/25
പ്രോജക്ടിന്റെ പേര്	താലൂക്ക് ആശുപത്രിയിൽ കമ്പ്യൂട്ടർ പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	₹2,30,150/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ചെലവ് (ബിൽ നം./തീയതി/തുക)	₹2,05,950/- 1.346/19.02.2025 - ₹183451/- 2.56/16.05.2024 - ₹22499/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

ബിൽ നം. 346/19.02.2025 പ്രകാരം ₹1,83,451/- ന് (ഇൻവോയ്സ് നം. 2024-25 -KTM-262 തിയതി 17.02.2025) ആർട്ട്കോ ലിമിറ്റഡിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്കോ-യ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ക്വട്ടേഷൻ കൂടാതെ സപ്ലൈ ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവും ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. (53/24-25 തിയതി 26.12.2025) ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം പ്രസ്തുത രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹1,83,451/- തടസ്സപ്പെടുത്തുന്നു.

1-57 താലൂക്ക്ആശുപത്രിയിലേക്ക് ഉപകരണങ്ങൾ, വാങ്ങൽ-അപാകതകൾ

പ്രോജക്ട് നം.	354/2025
പ്രോജക്ടിന്റെ പേര്	താലൂക്ക്ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	₹26,05,000/- [ഹെൽത്ത് ഗ്രാന്റ്]
ചെലവ് (ബിൽ നം./ തീയതി/തുക)	₹19,11,500/-

ക്രമ നം	ബിൽ നം./ തീയതി	ചെലവ് തുക ₹
1	273/27.01.2025	1,708
2	274/27.01.2025	59,584
3	275/27.01.2025	4,340
4	276/27.01.2025	41,930
5	277/27.01.2025	55,576
6	278/27.01.2025	16,800
7	279/27.01.2025	320
8	286/27.01.2025	12,560
9	289/29.01.2025	1,10,835
10	422/12.03.2025	6,50,000
11	595/29.03.2025	8,89,150

	12	596/29.03.2025	68,697

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

പ്രോജക്ട് പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു;
1. ബിൽ നം. 274/27.01.2025 പ്രകാരം ചെലവഴിച്ച ₹59,584/- രൂപയിൽ ₹44,912/-യ്ക്ക് (ഇൻവോയ്സ് നം.AD/19997/24-25 തിയതി10.01.2025) ലാബ് റീ ഏജന്റ്സ് ആസ്പൻ ഡയഗ്നോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ നടപടികൾ കൂടാതെ വാങ്ങിയിരുന്നു.
2. ബിൽ നം. 289/29.01.2025 പ്രകാരം ₹1,10,835/- യ്ക്ക് (ഇൻവോയ്സ് നം. B2C/03921/25 തിയതി 28.11.24) ഏ ബി സി ഡയഗ്നോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ക്വട്ടേഷൻ നടപടികൾ പാലിക്കാതെ ലാബിലേക്ക് ആവശ്യമായ മെഡിക്കൽസ് വാങ്ങി. വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.
3. ബിൽ നം. 422/12.03.2025 പ്രകാരം ക്വട്ടേഷൻ നടപടികൾ ഒന്നും കൂടാതെ ട്രാൻസാസിയ ബയോ മെഡിക്കൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ₹6,50,000/- ഇൻവോയ്സ് നം. VIT2425V-688 തിയതി 22.01.2025) യുടെ മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ഗവ. അംഗീകൃത ഏജൻസിയാണെന്നുള്ള രേഖകളും പ്രൈസ് ലിസ്റ്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 49/24-25 തിയതി 26.12.2025 ന് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹6,50,000/ തടസ്സപ്പെടുത്തുന്നു.

1-58 ഡയാലിസിസ് യൂണിറ്റ് ശാക്തീകരണം-അപാകതകൾ

പ്രോജക്ട് നം.	52/25
പ്രോജക്ടിന്റെ പേര്	ഡയാലിസിസ് യൂണിറ്റ് ശാക്തീകരണം
അടങ്കൽ	₹20,00,000/- [മെയിന്റനൻസ് ഫണ്ട് റോഡിതരം]
ചെലവ്	₹19,99,996/-

ക്രമ നം	ബിൽ നം./ തീയതി	ചെലവു തുക (₹)
1	88/01.10.2024	5,72,929
2	91/07.10.2024	1,52,557
3	226/13.01.2025	1,68,370
4	230/14.01.2025	34,609
5	229/14.01.2025	54,970
6	227/13.01.2025	56,828
7	228/13.01.2025	45,397
8	265/23.01.2025	11,800
9	206/23.01.2025	55,395
10	267/23.01.2025	49,177
11	268/23.01.2025	22,219
12	271/24.01.2025	2,535
13	270/24.01.2025	1,250

	14 332/15.02.2025 7,71,960
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

പ്രോജക്റ്റ് പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയിരിക്കുന്ന പ്രസ്തുത പ്രോജക്റ്റിലുള്ള വിവിധ ഇനങ്ങൾ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നേരിട്ട് വാങ്ങൽ നടത്തി.

ക്രമ നം	വൗച്ചർ നം. ഇൻവോയ്സ് നമ്പർ/തുക	ഇനം
1	21/24-25 MP/24-25-1225 Dt.02.08.24 ₹54,970/-	മെഡ് കാസ്റ്റിൽ ഫാർമ എന്ന സ്ഥാപനത്തിൽ നിന്ന് മരുന്നുകൾ വാങ്ങി.
2	14/24-25 MP/24-25/617 Dt.14.06.24 ₹1,15,052/-	മെഡ് കാസ്റ്റിൽ ഫാർമ എന്ന സ്ഥാപനത്തിൽ നിന്ന് Dialyzer Elsio 130LR വാങ്ങി.
3	8/24-25 MP/24-25/104 Dt.13.04.24 ₹1,08,500/-	മെഡ് കാസ്റ്റിൽ ഫാർമ എന്ന സ്ഥാപനത്തിൽ നിന്ന് റീ ഏജന്റ്സ് വാങ്ങി.
4	MP/24-25/1867 Dt.23.11.24 ₹1,13,400/-	ലാബ് റീ ഏജന്റ്സ് വാങ്ങി.
5	E1925/24-25 Dt.21.08.24 ₹34,609/-	ഗ്രഹാം ഫാർമസ്യൂട്ടിക്കൽസിൽ നിന്ന് ഡയാലസിസ് കെമിക്കൽസ് വാങ്ങി.
6	MP/24-25/1483 Dt.03.10.24 ₹54,970/-	മെഡ് കാസ്റ്റിൽ ഫാർമയിൽ നിന്ന് ഡയാലസിസ് കെമിക്കൽസ് വാങ്ങി.
7	E3187/24-25 Dt.22.11.24 ₹34,609/-	ഗ്രഹാം ഫാർമസ്യൂട്ടിക്കൽസിൽ നിന്ന് കെമിക്കൽസ് വാങ്ങി.
8	SS 3517/24-25 Dt.23.12.24 ₹45,128/-	മെഡ് കാസ്റ്റിൽ ഫാർമയിൽ നിന്ന് കെമിക്കൽസ് വാങ്ങി.
9	MP/24-25/2213 Dt.04.01.25 ₹54,970/-	മെഡ് കാസ്റ്റിൽ ഫാർമയിൽ നിന്ന് കെമിക്കൽസ് വാങ്ങി.

ആകെ	₹6,16,208/-	

KMSCL ൽ നിന്നോ ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാതെ, ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ മേൽ സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.51/24-25 തിയതി 26.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം. 115/2022 തസ്വഭവ തീയതി 28.05.2022 നമ്പർ ഉത്തരവിലെ ഖണ്ഡിക നമ്പർ 7.6.4(1)(i) -ൽ അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്നും KMSCL-ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോ, കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻഔഷധി എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവുന്നതാണെന്നും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സർക്കുലർ നമ്പർ ഡിഎ1/363/2023 തസ്വഭവ തീയതി 25.10.2023-ൽ ഇപ്പോൾ കെ.എം.എസ്.സി.എൽ-ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം ഉണ്ടാകാറില്ലെന്നും ഇവിടെ നിന്ന് വളരെ വില കുറച്ച് മരുന്ന് ലഭിക്കുമെന്നത് പ്രയോജനപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അത്യാവശ്യ ഘട്ടത്തിൽ മാത്രമേ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെയാണ് ഉത്തരവിൽ പ്രതിപാദിക്കാത്ത സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് നോൺ അവയിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ പ്രസ്തുത പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. KMSCL -ൽ നിന്നുള്ള വിലയും വാങ്ങിയ സ്ഥാപനം നൽകിയ വിലയും (പ്രൈസ് ലിസ്റ്റ്) പരിശോധിച്ച് താരതമ്യ പഠന പത്രിക പ്രകാരം വ്യക്തത വരുത്തുന്നതുവരെയും ടി സ്ഥാപനങ്ങളിൽ നിന്നുള്ളവയുടെ ഗുണനിലവാരം മികച്ചതാമെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെയും ചെലവ് തുക ₹6,16,208/- തടസ്സപ്പെടുത്തുന്നു.

1-59 ഹെൽത്ത് ഗ്രാന്റ്-വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചു വരുന്നു. അതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 15(2)എഫ് സി/XV/FCD/2020-2025/16.07.21 ലെ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. 2021 വർഷം മുതൽ 2026 വർഷം വരെയാണ് ഗ്രാന്റ് ലഭ്യമാവുക. 2021-2022 ലെ ഗ്രാൻറ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/LSGD തീ. 31.8.2022 സ.ഉ.(സാധാ) നം. 1078/2023/LSGD തീയതി 20.05.2023 പ്രകാരവും, 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ) നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/ തസ്വഭവ തീ 09.08.2023 എന്നിവ പ്രകാരവും 2023-24 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ) നം. 178/2025/LSGD തീയതി 18.01.2025, സ.ഉ.(സാധാ) നം. 2146/2025/LSGD തീയതി 30.08.2025 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

പെരുമ്പാവൂർ നഗരസഭയിൽ 2021-22 വർഷം മുതലുള്ള ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും സംബന്ധിച്ച പഠന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1.ഹെൽത്ത് ഗ്രാന്റ് പ്രോജക്ടുകൾ തയ്യാറാക്കൽ

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാര്യോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ആരോഗ്യ ഗ്രാന്റ് അനുവദിച്ചതിൽ സ.ഉ.(സാധാ) നം. 2132/2022/LSGD തീയതി 31.08.2022, സ്കീം 6 പ്രകാരം അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ സർക്കാർ ലക്ഷ്യമിട്ടു. ഈ സ്കീമിന് രണ്ടു ഘടകങ്ങൾ ഉണ്ടായിരുന്നു.

1. അർബൻ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങൾ
2. പോളി ക്ലിനിക്കുകൾ

ഈ സ്കീം പ്രകാരം (1) ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിനും (2) അവിടെ നിന്നും ലഭിക്കുന്ന സേവനങ്ങൾക്കായും പ്രോജക്ടുകൾ തയ്യാറാക്കുന്നതിനാണ് മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ആയതിലേക്ക് പെരുമ്പാവൂർ നഗരസഭയിൽ Urban Health And Welthern Center ആരംഭിക്കുന്നതിന് 50 ലക്ഷം രൂപയും പോളിക്ലിനിക് ആരംഭിക്കുന്നതിന് 32 ലക്ഷം രൂപയും 2021-22 വർഷത്തെ ആദ്യ ഗഡുവായി ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിൽ നിന്നും

അനുവദിച്ച ഉത്തരവായിട്ടുണ്ട്. അവയുടെ പ്രോജക്ടുകൾ തയ്യാറാക്കിയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(I) അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ (UHWC)- പെരുമ്പാവൂർ നഗരസഭയിൽ 2 HWC ആരംഭിക്കുന്നതിനായി ആര്യോഗമേഖല വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കി ആര്യോഗത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച ശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകിയിട്ടുണ്ട്. അവ നഗരസഭയുടെ കെട്ടിടമായ കാരട്ടുചിറയിലും, നഗരസഭ പ്രദേശത്തുള്ള വല്ലത്ത് വാടക കെട്ടിടത്തിലുമാണ് പ്രവർത്തിച്ച് വരുന്നത്. പ്രസ്തുത HWC കളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനും ജീവനക്കാർക്ക് ഹോണറേറിയം നല്കുന്നതിനുമാണ് പ്രോജക്ടുകൾക്ക് അംഗീകാരം നേടിയിട്ടുള്ളത്.

II) പോളിക്ലിനിക്കുകൾ സ്ഥാപിച്ചിട്ടില്ല – ₹32 ലക്ഷം വിനിയോഗം ചെയ്തില്ല.
പെരുമ്പാവൂർ നഗരസഭയിൽ പോളി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനായി ₹32 ലക്ഷം അനുവദിച്ചെങ്കിലും അവ സ്ഥാപിക്കുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല. ലഭിച്ച തുക ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

III) പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പ്രോജക്ടുകൾക്ക് ഹെൽത്ത് ഗ്രാന്റ് വിനിയോഗം ചെയ്തില്ല.
അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്റേഴ്സ് സ്കീം 6 നുള്ള 2021-22 ലെ രണ്ടാം ഗഡുവായി സ.ഉ.(സാധാ) നം. 1078//2023/LSGD തീയതി 20.05.2023 പ്രകാരം രണ്ട് പ്രവർത്തനങ്ങൾക്കായാണ് പെരുമ്പാവൂർ നഗരസഭയ്ക്ക് തുക അനുവദിച്ചത്.

1. പാലിയേറ്റിവ് പരിചരണം - (₹24 ലക്ഷം)
2. ക്യാൻസർ കെയർ - (₹2.05 ലക്ഷം)
പാലിയേറ്റിവ് പരിചരണം പ്രവർത്തനങ്ങൾക്കും ക്യാൻസർ കെയർ പ്രവർത്തനങ്ങളും ഹെൽത്ത് ഗ്രാന്റ് വിനിയോഗം ചെയ്യാതെ മറ്റ് ഗ്രാന്റുകൾ വിനിയോഗിച്ചാണ് നടപ്പാക്കിയിട്ടുള്ളത്.

(IV) രോഗനിർണ്ണയ സൗകര്യങ്ങൾക്കായുള്ള പ്രോജക്ട് - തുക പൂർണ്ണമായും വിനിയോഗം ചെയ്തില്ല.
സ.ഉ.(സാധാ) നം.1625/2023/ത.സ്വ.ഭ.വ. തീ. 09.08.2023 പ്രകാരം നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ₹26.5 ലക്ഷം യാണ് ലഭിച്ചത്. ഈ തുകയിൽ നിന്നും ഹെൽത്ത് സെന്ററിലേക്ക് റിയേജന്റ്സുകൾ വാങ്ങി നൽകുന്നതിന് തുക വിനിയോഗം ചെയ്തതല്ലാതെ മറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല.

2.പ്രോജക്ടുകളുടെ അംഗീകാരം

ഹെൽത്ത് ഗ്രാന്റ് പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയാണ് പെരുമ്പാവൂർ നഗരസഭയിൽ നടപ്പാക്കിയിട്ടുള്ളത്. (ഉദാ. മരുന്നു വാങ്ങൽ, ഹോണറേറിയം തുടങ്ങിയവ) പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം നേടിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയിട്ടില്ല. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തുക ഗവൺമെന്റ് അംഗീകൃത ഏജൻസികൾ/ടെൻഡർ നടപടികൾ മുഖേന നിർവ്വഹണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. (ഉദാ. ഹെൽത്ത് ആന്റ് വെൽനസ് സെന്റർ, സൗകര്യമൊരുക്കൽ, ഫർണീച്ചർ വാങ്ങൽ)

3.ഫണ്ടുകളുടെ വകയിരുത്തൽ

സുലേഖ സോഫ്റ്റ് വെയർ മുഖേന പ്രോജക്റ്റ് തയ്യാറാക്കിയതിൽ ഫണ്ട് സ്രോതസ്സായി ഹെൽത്ത് ഗ്രാന്റ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രോജക്ടിനും അനുയോജ്യമായ സ്കീം കോഡ് തെരഞ്ഞെടുത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 ലാണ് പ്രോജക്ട് തയ്യാറാക്കുന്നതെങ്കിലും 2021-22 ലെ ഗ്രാന്റ് എന്ന രീതിയിൽ തന്നെ പ്രോജക്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ടുകളിൽ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകൾ സംയോജിപ്പിച്ചിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട്

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. പെരുമ്പാവൂർ നഗരസഭയിൽ ഇൻഡ്യൻ ബാങ്കിന്റെ പെരുമ്പാവൂർ ശാഖയിൽ അക്കൗണ്ട് നമ്പർ 7209152174 -ആയി അർബൻ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ അക്കൗണ്ട് എന്ന പേരിലും, അക്കൗണ്ട് നമ്പർ 7209148544 -ആയി സപ്പോർട്ട് ഡയഗ്ണോസ്റ്റിക് ഇൻഫ്രാ സ്ട്രക്ച്ചർ ടു പി.എച്ച്.സി ഫെസിലിറ്റീസ് ഇൻ അർബൻ പി.എച്ച്.സി എന്ന പേരിലുമുള്ള അക്കൗണ്ടുകൾ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. പി.എഫ്.എം.എസ് അക്കൗണ്ട് പ്രകാരം ചെലവഴിക്കുന്ന തുകകൾ സുലേഖ സോഫ്റ്റ് വെയറിൽ ചെലവ് തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ മാസവും കണക്കുകൾ ക്രമപ്പെടുത്തിയ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5.ഹെൽത്ത് ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ

I)ഹെൽത്ത് ഗ്രാന്റിനത്തിൽ സർക്കാർ വിവിധ ഉത്തരവുകൾ മുഖേന അനുവദിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഉത്തരവ് നം./തീയതി	തുക (₹)	ലക്ഷ്യം
1	2021-22 ലെ ഒന്നാം ഗഡു DUA/4280/2022-DC4 തീ.08.07.2022	50 ലക്ഷം	UHWC കൾക്ക് സഹായം
2	DUA/4280/2022-DC4 തീ.08.07.2022	32 ലക്ഷം	പോളി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന്
3	2022-23 ലെ വിഹിതം GO(Rt)2156/2022/LSGD തീ. 01.09.2022	169.58ലക്ഷം	UHWC കൾക്ക് സഹായം
4	GO(Rt)2156/2022/LSGD തീ. 01.09.2022	7.37ലക്ഷം	ഡയഗ്നോസ്റ്റിക് സെന്റർ-ഭൗതിക സാഹചര്യം
5	2020-21 ലെ രണ്ടാം ഗഡു GO(Rt)1078/2023/LSGD തീ. 20.05.2023	24ലക്ഷം	പാലിയേറ്റിവ് കെയർ
6	GO(Rt)1078/2023/LSGD തീ. 20.05.2023	2.05ലക്ഷം	ക്യാൻസർ കെയർ
7	GO(Rt)1625/2023/LSGD തീ. 09.08.2023	26.05ലക്ഷം	ഡയഗ്നോസ്റ്റിക് സെന്റർ സഹായം
8	GO(Rt)177/2025/LSGD തീ. 18.01.2025	17ലക്ഷം	UHWC കൾക്ക് സഹായം
9	GO(Rt)177/2025/LSGD തീ. 18.01.2025	5.11ലക്ഷം	UHWC കൾക്ക് സഹായം (Field Level)
10	GO(Rt)2146/2025/LSGD തീ. 30.08.2025	10ലക്ഷം	UHWC കൾക്ക് സഹായം

Ii)പെരുമ്പാവൂർ നഗരസഭയുടെ ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടുകളിൽ ക്രഡിറ്റ് ആയ തുകകളുടെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

2022-23

അക്കൗണ്ട് നമ്പർ 7209152174-KL 283-Health Grant Towards Urban Health And Wellness Centres (UHWCs),	(₹)	അക്കൗണ്ട് നമ്പർ 7209148544-KL 276-Health Grant Towards Support Of Diagnostic Infrastructure To The Primary Health Care Facilities In UrbanPHCs(UHWCs),	(₹)

(Scheme 6)		(Scheme 5)	
മുന്നിരിപ്പ്	ഇല്ല	മുന്നിരിപ്പ്	ഇല്ല
വരവ്	₹83.59,965/- (82,00,000+1,59,965) (പലിശ))	വരവ്	-
ആകെ	₹83,59,965/-	ആകെ	-
ചെലവ്	-	ചെലവ്	-
നീക്കിയിരിപ്പ്	₹83,59,965/-	നീക്കിയിരിപ്പ്	-

2023-24

മുന്നിരിപ്പ്	₹83,59,965/-	മുന്നിരിപ്പ്	-
വരവ്	₹28,84,658/- (26,05,000+2,79,658 (പലിശ)	വരവ്	₹26,05,000+ ₹20,952 (പലിശ)= ₹26,34,052
ആകെ	₹1,12,44,623/-	ആകെ	₹26,34,052
ചെലവ്	₹52,12,963/- (₹26,07,963/- Health Grant, ₹26,05,000/- NAM Repayment)	ചെലവ്	-
ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ്	₹60,31,660/-	നീക്കിയിരിപ്പ്	₹26,34,052/-
ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ്	₹60,45,469/-		
വ്യത്യാസം	₹13,809/- (പ്രോജക്ട് നം.230/ 2023ലെ പേയ്മെന്റ് എൻക്യാഷ് ചെയ്തിട്ടില്ല)		

2024-25

മുന്നിരിപ്പ്	₹60,31,660/-	മുന്നിരിപ്പ്	₹26,34,052/-
വരവ്	₹23,40,767 (221100+129767 (പലിശ))	വരവ്	₹74,026/-(പലിശ)
ആകെ	₹83,72,427/-	ആകെ	₹27,08,078/-
ചെലവ്	₹48,76,077/-	ചെലവ്	-
ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ്	₹34,96,350/-	നീക്കിയിരിപ്പ്	₹27,08,078/-
ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ്	₹35,10,159/-		₹27,08,078/-

വ്യത്യാസം	₹13,809/-		

ഹെൽത്ത് ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

6.പ്രോജക്ടുകളുടെ പേയ്മെന്റ്

ഹെൽത്ത് ഗ്രാന്റ് പ്രകാരം നടപ്പിലാക്കിയ പ്രോജക്ടുകൾ 02.01.2022 ലെ സ.ഉ.(സാധാ)നം.7/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. പ്രോജക്ടുകൾ അക്കൗണ്ട് നമ്പർ 7209152174-KL 283-Health Grant Towards Urban Health And Wellness Centres(UHWCs) (Scheme 6)നിന്നാണ് പേയ്മെന്റുകൾ നടത്തിയിട്ടുള്ളത്. നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

2021-22, 2022-23 – പ്രോജക്ട് ചെലവ് - ഇല്ല

2023-24

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	നിർവ്വഹണോദ്യോഗസ്ഥൻ	അടങ്കൽ (₹)	ചെലവ് (₹)
1	227/ 2023-24	കാരാട്ടു പള്ളിക്കര-കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നവീകരണം	അസിസ്റ്റൻറ് എഞ്ചിനിയർ	14,50,000/-	6,73,994/-
2	230/ 2023-24	ഹെൽത്ത് സെന്ററിലേക്ക് മരുന്നുകൾ, ഉപകരണങ്ങൾ വാങ്ങൽ	സെക്രട്ടറി	40,00,000/-	11,21,515/-
3	229/ 2023-24	ഹെൽത്ത്സെന്റർ ജീവനക്കാരുടെ ഹോണറേറിയം	സെക്രട്ടറി	25,00,000/-	7,92,454/-
4	228/ 2023-24	ഹെൽത്ത്സെന്റർ മറ്റ് ചെലവുകൾ (വാടക മുതലായവ)	സെക്രട്ടറി	2,50,000/-	20,000/-
			ആകെ	82,00,000/-	26,07,963/-

2024-25

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	നിർവ്വഹണോദ്യോഗസ്ഥൻ	അടങ്കൽ ₹	ചെലവ് ₹
1	SO316/ 2025	കാരാട്ടുപള്ളിക്കര-കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നവീകരണം	അസിസ്റ്റൻറ് എഞ്ചിനിയർ	7,76,006/-	1,23,591/-

2	SO314/ 2025	ഹെൽത്ത് സെന്ററിലേക്ക് മരുന്നുകൾ, ഉപകരണങ്ങൾ വാങ്ങൽ	സെക്രട്ടറി	8,78,485/-	4,17,042/-
3	SO315/ 2025	ഹെൽത്ത്സെന്റർ ജീവനക്കാരുടെ ഹോണറേറിയം	സെക്രട്ടറി	32,07,546/-	22,12,914/-
4	SO313/ 2025	ഹെൽത്ത്സെന്റർ മറ്റ് ചെലവുകൾ	സെക്രട്ടറി	7,30,000/-	2,11,030/-
5	354/ 2023-24	ഹെൽത്ത് സെന്ററിലേക്ക് മരുന്നുകൾ, ഉപകരണങ്ങൾ വാങ്ങൽ	മെഡിക്കൽ ഓഫീസർ	26,05,000/-	19,11,500/-
6	399/ 2023-24	ഫീൽഡ് തല പ്രവർത്തനങ്ങൾ	സെക്രട്ടറി	5,11,000/-	0
7	400/ 2023-24	പ്രവർത്തന ചെലവുകൾ	സെക്രട്ടറി	17,00,000/-	0
			ആകെ	1,04,08,037/-	48,76,077/-

7.പദ്ധതികളുടെ മോണിറ്ററിംഗ്

നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾക്ക് രൂപം നൽകിയിരിക്കുന്നത് മെഡിക്കൽ ഓഫീസർ കൺവീനറായുള്ള തദ്ദേശ ഭരണ സ്ഥാപനതല വർക്കിംഗ് ഗ്രൂപ്പ് ആണ്. പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തിയിരിക്കുന്നത് ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുമാണ്. ആരോഗ്യ ഗ്രാന്റിന്റെ ഭാഗമായി സ്ഥാപന തലത്തിൽ നിർവ്വഹണം നടത്തിയ എല്ലാ പ്രവർത്തനങ്ങളുടെയും നിർവ്വഹണ മോണിറ്ററിംഗ് ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിച്ചിട്ടുണ്ട്.

8.നിർവ്വഹണ പുരോഗതി

പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി യഥാസമയം വിലയിരുത്തിയിട്ടുണ്ട്.

9. പാലിയേറ്റീവ് പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കൽ , ക്യാൻസർ കെയർ എന്നിവയ്ക്കായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചില്ല .

സ.ഉ (സാധാ) നം. 1078/2023/തസ്വഭവ തീ 20.05.2023 ലെ ഉത്തരവ് പ്രകാരം 2021-22 ലെ ഹെൽത്ത് ഗ്രാന്റിന്റെ രണ്ടാം ഗഡു ഉപയോഗിച്ച് ഏഴ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പ്രതിപാദിച്ചതിൽ പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കാനും കാൻസർ കെയർ പ്രോജക്ട് നടപ്പിലാക്കുന്നതിനുമാണ് തുക അനുവദിച്ചത്. അതു പ്രകാരം പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾക്കായി 24 ലക്ഷം രൂപയും ക്യാൻസർ കെയർ പ്രോജക്ടിനായി 2.05 ലക്ഷം രൂപയും 08.05.2023 ൽ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റായിരുന്നു. (അക്കൗണ്ട് നമ്പർ 7209152174, ഇന്ത്യൻ ബാങ്ക് പെരുമ്പാവൂർ ശാഖ) എന്നാൽ ഈ തുക തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടറുടെ (അർബൻ) 14.03.2024 ലെ LSGD PD 5562/2024-DPLD 4 മാർഗ്ഗനിർദ്ദേശപ്രകാരം നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടായ A/C No.110047344710, IFSC – CNRB 0014005 ലേക്ക് 25.03.2024 ന് തിരികെ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷനാണ് ഈ ഫണ്ട് ഉപയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കിയത്. നഗരസഭയ്ക്ക് ഫണ്ട് വിനിയോഗം സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

പെരുമ്പാവൂർ നഗരസഭയിൽ പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങളും കാൻസർ കെയർ പ്രവർത്തനങ്ങളും മറ്റ് ഗ്രാന്റുകൾ (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്/വികസന ഫണ്ട് എന്നിവ) ഉപയോഗിച്ചാണ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളത്.

10.അർബൻ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾ

സ.ഉ (സാധാ) നം. 2132/2022/തസ്വഭവ തീ 31.08.2022 ഖണ്ഡിക 2.6 ലെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പെരുമ്പാവൂർ നഗരസഭ പരിധിയിൽ രണ്ട് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളാണ് ആരംഭിക്കാവുന്നത്. ആയത് കാരാട്ടുപള്ളിക്കര, വല്ലം എന്നിവിടങ്ങളിലാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്.

സ.ഉ (സാധാ) നം. 3157/2022/തസ്വഭവ തീ 21.12.2022 ലെ ഉത്തരവ് ഖണ്ഡിക 2 പ്രകാരം പുതുതായി ആരംഭിക്കുന്ന ഹെൽത്ത് ആന്റ് അർബൻ കേന്ദ്രങ്ങൾക്ക് അനുയോജ്യമായ കെട്ടിടങ്ങൾ നഗരഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്നും സ്വന്തം കെട്ടിടമോ സ്വന്തം കെട്ടിടം കണ്ടെത്താൻ

കഴിയുന്നില്ലെങ്കിൽ അനുയോജ്യമായ കെട്ടിടം വാടകയ്ക്കോ കണ്ടെത്തേണ്ടതാണെന്നും ഇപ്രകാരം കണ്ടെത്തുന്ന സ്വന്തം/വാടക കെട്ടിടങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നവീകരണ പ്രവർത്തികളും പാർട്ടീഷൻ പ്രവർത്തികളും നടത്താവുന്നതാണെന്നും ഉത്തരവുണ്ട്. കൂടാതെ കെട്ടിടം വാടകയ്ക്ക് എടുക്കുന്ന സന്ദർഭത്തിൽ കെട്ടിട ഉടമയുമായി 31.03.2026 വരെയുള്ള കാലയളവിലേക്ക് കരാറിൽ ഏർപ്പെടാനും വ്യവസ്ഥയുണ്ട്. ആയതു പ്രകാരം കാരാട്ടുപള്ളിക്കര സെന്റർ സ്വന്തം കെട്ടിടത്തിലും വല്ലം ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ വാടക കെട്ടിടത്തിലുമാണ് പ്രവർത്തനമാരംഭിച്ചത്.

I) കാരാട്ടുപള്ളിക്കര ഹെൽത്ത് ആന്റ് വെൽനസ് സെന്റർ

നഗരസഭയുടെ സ്വന്തം കെട്ടിടത്തിലാരംഭിച്ച കാരാട്ടുപള്ളിക്കര കേന്ദ്രത്തിന്റെ നവീകരണപ്രവർത്തികൾക്കായി നാളിതുവരെ 2023-24, 2024-25 വർഷങ്ങളിലായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നടപ്പാക്കുകയും ഈ ഇനത്തിൽ ₹7,97,585/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സെന്റർ 19.10.2023 ൽ പ്രവർത്തനം ആരംഭിച്ചു. വാടക കെട്ടിടത്തിലാരംഭിച്ച വല്ലം ഹെൽത്ത് സെന്ററിന് പ്രതിമാസം ₹10,000/- വാടകയും വർഷാവർഷം 10% വാടക വർദ്ധനവും ഉൾപ്പെടുത്തി കരാർ ചമച്ച് (31.03.2026 വരെ) 27.01.2024 പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കൂടാതെ രണ്ടു സെന്ററുകൾക്കും വേണ്ട ഫർണീച്ചറുകൾ, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്കായി 2023-24, 2024-25 വർഷം യഥാക്രമം ₹1,12,1515/-, ₹4,17,042/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

കാരാട്ടുപള്ളിക്കര ഹെൽത്ത് ആന്റ് വെൽനസ് സെന്റർ

നഗരസഭയുടെ 12-ാം വാർഡിൽ പ്രവർത്തിക്കുന്ന ഈ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ നഗരസഭയുടെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അത്യാവശം സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള പ്രസ്തുത കെട്ടിടത്തിൽ കാത്തിരിപ്പുകേന്ദ്രം ഉണ്ടെങ്കിലും ആയതിന് മേൽക്കൂര പണിതിട്ടില്ല. നിലവിൽ ഷീറ്റ് വലിച്ചുകെട്ടുകയാണ് ചെയ്തിരിക്കുന്നത്.

II) വല്ലം ഹെൽത്ത് ആന്റ് വെൽനസ് സെന്റർ- പരിമിതമായ സൗകര്യം

പെരുമ്പാവൂർ നഗരസഭയുടെ 23 -ാം വാർഡിൽ ട്രാവൻകൂർ റയോൺസിനു സമീപമായി റോഡരുകിൽ വാടക കെട്ടിടത്തിലാണ് വല്ലം ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ ആരംഭിച്ചിരിക്കുന്നത്.

വല്ലം ഹെൽത്ത് ആന്റ് വെൽനസ് സെന്റർ

വളരെ പരിമിതമായ സൗകര്യങ്ങളോടു കൂടിയാണ് പ്രസ്തുത കെട്ടിടത്തിൽ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ പ്രവർത്തിക്കുന്നത്. ഏകദേശം 800 Sq.Ft. വിസ്തീർണ്ണമാണ് ഉള്ളത്. രോഗികൾക്ക് കാത്തിരിപ്പ് കേന്ദ്രം ഇല്ല. പരിശോധനമുറിയും നിരീക്ഷണ മുറിയും ഒരുമിച്ച് ഒരു മുറിയിൽ പ്രവർത്തിക്കുന്നു. ഫാർമസി, ലാമ്പ്, എന്നിവ ഉണ്ട്. രണ്ടു ശൗചാലയം ഉള്ളതിൽ ഒന്നു മാത്രമേ ഉപയോഗപ്രദമായിട്ടുള്ളൂ.

ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ പ്രവർത്തനങ്ങൾക്കായി ഉത്തരവിൽ പ്രതിപാദിക്കും വിധം ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലവും കെട്ടിടവും നഗരസഭ കണ്ടെത്തുന്നത് ഉചിതമായിരിക്കുന്നതാണ്.

11. രോഗനിർണ്ണയ സൗകര്യങ്ങൾ

സ.ഉ.(സാധാ) നം. 1625/2025/LSGD തീയതി 09.08.2023 പ്രകാരം നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 26.05 ലക്ഷം രൂപയാണ് പെരുമ്പാവൂർ നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ളത്. എന്നാൽ രോഗനിർണ്ണയ

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കാതെ റിയേജന്റ്സ് വാങ്ങി നല്കൽ എന്നതിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള 64 ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾക്കായോ മറ്റ് പ്രോജക്ടുകൾക്കോ ഹെൽത്ത് ഗ്രാന്റ് തുക വിനിയോഗം ചെയ്തിട്ടില്ല.

12. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

പെരുമ്പാവൂർ നഗരസഭയിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. നഗരസഭയിൽ ആരംഭിച്ച 2 ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ ഒരെണ്ണം നഗരസഭാ കെട്ടിടത്തിലും (ആയതിന് നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്) രണ്ടാമത്തേത് നിലവിലും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

13. ഹെൽത്ത് ഗ്രാന്റ് വിനിയോഗവും പ്രവർത്തന പുരോഗതിയും

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ പ്രവർത്തനങ്ങൾക്കായി നഗരസഭ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത 166.40 ലക്ഷം രൂപയിൽ 2024-25 വർഷം ആകെ ₹62,04,428/- വിനിയോഗിക്കുവാൻ അവശേഷിക്കുന്നുണ്ട്. ആകെ ലഭിച്ച ഗ്രാന്റിൽ നിന്നും ₹26,05,000/- തിരികെ ഹെൽത്ത് മിഷനിലേക്ക് നല്കുകയും ചെയ്തിട്ടുണ്ട്. നഗരസഭ ₹74,84,040/- മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്.

ഹെൽത്ത് ആന്റ് വെൽനസ് സെന്റർ നവീകരണം ഉപകരണങ്ങൾ വാങ്ങൽ, മരുന്നു വാങ്ങൽ, ജീവനക്കാർക്കുള്ള ഹോണറേറിയം തുടങ്ങിയ പ്രോജക്ടുകളാണ് പ്രധാനമായും നടപ്പാക്കിയിട്ടുള്ളത്. ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ (ഉദാ. പോളിക്ലിനിക്കുകൾ, രോഗനിർണ്ണയ സൗകര്യങ്ങൾ, ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവ) നടപ്പാക്കിയിട്ടില്ലാത്തതാണ്. ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ ജനോപകാരപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്.

14. ഹെൽത്ത് ഗ്രാൻറ് വിനിയോഗിച്ചുള്ള ആസ്തികൾ

നഗരസഭയിൽ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആസ്തികളൊന്നും തന്നെ സൃഷ്ടിച്ചിട്ടില്ല.

15. ഹെൽത്ത് ഗ്രാന്റ് ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർ

കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 31.08.2022ലെ സ.ഉ.(സാധാ) നം. 2132/2022/LSGD ഉത്തരവ്, 01.09.2022ലെ സ.ഉ.(സാധാ) നം. 2156/2022/LSGD ഉത്തരവ് എന്നിവയിലെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നഗര പ്രദേശങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾ തുടങ്ങാവുന്നതാണെന്നും, ഈ ഉത്തരവിലെ സ്കീം 6 പ്രകാരം ഓരോ നഗര ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളിലും താഴെ പറയുന്ന വിഭാഗം ജീവനക്കാരെ മുനിസിപ്പാലിറ്റി നിയമിക്കേണ്ടതാണെന്നും ഉത്തരവുള്ളതാണ്. (നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി)

തസ്തിക	നിയമിക്കപെടേണ്ട ജീവനക്കാരുടെ എണ്ണം	അടിസ്ഥാന ശമ്പളം (₹)	സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 19.08.2023 തീയ്യതിയിലെ NHM/6253/ADMIN 1/2016/SPMSU(1) ഉത്തരവ് പ്രകാരം ശമ്പളം താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ചു (₹)
മെഡിക്കൽ ഓഫീസർ	1	41,000	50,000
സ്റ്റാഫ് നേഴ്സ്	1	17,000	20,500
ഫാർമസിസ്റ്റ്	1	14,000	17,000
മൾട്ടി പർപ്പസ് വർക്കർ(JHI)	1	14,000	17,000
ക്ലീനിംഗ് സ്റ്റാഫ്	1	450/ Day	450/ Day

ആയതുപ്രകാരം പെരുമ്പാവൂർ നഗരസഭ പരിധിയിൽ ആരംഭിച്ച കാരാട്ടുപള്ളിക്കര, വല്ലം എന്നീ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളിലേക്ക് താഴെ പറയും പ്രകാരമുള്ള ജീവനക്കാരെ ഇന്റർവ്യൂ നടത്തി താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

തസ്തിക	കാരാട്ടുപള്ളിക്കര ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ	വല്ലം ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ
മെഡിക്കൽ ഓഫീസർ	1	1
സ്റ്റാഫ് നേഴ്സ്	1	1
ഫാർമസിസ്റ്റ്	1	1
മൾട്ടി പർപ്പസ് വർക്കർ (JHI)	1	1
ക്ലീനിംഗ് സ്റ്റാഫ്	1	1

കാരാട്ടുപള്ളിക്കര സെന്റർ 19.10.2023ലും വല്ലം സെന്റർ 27.01.2024 ലും പ്രവർത്തനം ആരംഭിച്ചു. കാരാട്ടുപള്ളിക്കര സെന്ററിലേക്കാവശ്യമായ ജീവനക്കാരെ 01.09.2023 മുതൽ പരിശീലനത്തിനായി നിയോഗിച്ചതിനാൽ 09/2023 മുതൽ ശമ്പളം അനുവദിച്ച് നൽകിയിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള ശമ്പളം ജീവനക്കാർക്ക് അനുവദിച്ച് നൽകിയത് 2023-ഡിസംബർ മുതലാണ്. താൽക്കാലിക അടിസ്ഥാനത്തിൽ നിയമിതരായ മേൽ വിഭാഗം ജീവനക്കാർക്കായി ഹെൽത്ത് ഗ്രാന്റിൽ നിന്നും 2021-22 മുതൽ 2024-25 വരെ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു

തസ്തിക	2021-22	2022-23	2023-24 (₹)	2024-25 (₹)
മെഡിക്കൽ ഓഫീസർ	-	-	2,66,264	9,33,836
സ്റ്റാഫ് നേഴ്സ്	-	-	1,68,436	3,92,915
ഫാർമസിസ്റ്റ്	-	-	1,11,349	3,25,835
മൾട്ടി പർപ്പസ് വർക്കർ (JHI)	-	-	1,47,355	1,72,278
ക്ലീനിംഗ് സ്റ്റാഫ്	-	-	49,050	2,38,050
ആകെ ചിലവഴിച്ച തുക	-	-	7,42,454	20,62,914

ഒരു വർഷം പൂർത്തിയായതിനാൽ ക്ലീനിംങ് സ്റ്റാഫ് ഒഴികെയുള്ള ജീവനക്കാരുടെ ശമ്പളം കാരാട്ടുപള്ളിക്കര ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിലെത് 06.11.2024 മുതലും വല്ലം ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിലെത് 01.02.2025 മുതലും NHM നേരിട്ടാണ് നിലവിൽ നൽകുന്നത് .

16. ഹെൽത്ത് ഗ്രാന്റ് ₹26.05 ലക്ഷം വിനിയോഗിക്കാതെ തിരിച്ചടച്ചു .

സ.ഉ.(സാധാ) നം. 1078/2023/LSGD തീ. 20.05.2023 -ൽ ലഭിച്ച 26.05 ലക്ഷം തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടറുടെ (അർബൻ) 14.03.2024 ലെ ഉത്തരവ് LDGD DD 5562/2024/DPLD4 മാർഗ്ഗ നിർദ്ദേശപ്രകാരം നാഷണൽ ഹെൽത്ത് മിഷനിലേക്ക് ഹെൽത്ത് ഗ്രാന്റ് ₹26.05 ലക്ഷം വിനിയോഗിക്കാതെ തിരിച്ചടച്ചു. ഇപ്രകാരമൊരു നടപടിക്ക് കാരണം വ്യക്തമാക്കിയിട്ടില്ലാത്തതാണ്.

17. ഹെൽത്ത് ഗ്രാന്റ് - മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ

പെരുമ്പാവൂർ നഗരസഭയിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് മരുന്നുകളും ഉപകരണങ്ങളും KMSCL ൽനിന്നും വാങ്ങാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്.

സംഗ്രഹം

പെരുമ്പാവൂർ നഗരസഭയിൽ 2022-23, 2023-24, 2024-25 വർഷങ്ങളിലായി ആകെ 7 പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി അംഗീകാരം നേടിയെങ്കിലും 5 എണ്ണമാണ് നടപ്പാക്കിയിട്ടുള്ളത്. ഉത്തരവുകളിലെ/ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നതിനോ ഫണ്ടുകൾ യഥാസമയം വിനിയോഗിക്കുന്നതിനോ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. നഗരസഭയുടെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും

ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതും ഉത്തരവുകൾക്കനുസൃതമായി പ്രോജക്റ്റുകൾക്ക് രൂപം നൽകി പ്രാവർത്തികമാക്കേണ്ടതുമാണ്. പ്രോജക്റ്റുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ അനിവാര്യമാണ്.

1-60 ഹെൽത്ത് ഗ്രാന്റ് -സ്കീം 5 ഗ്രാന്റിനത്തിൽ ലഭിച്ച സംഖ്യ നാളിതുവരെ ചെലവഴിച്ചില്ല

പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2022-23 ലെ ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് കൊണ്ട് തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ് 09.08.2023 ലെ സ.ഉ.(സാധാ) നം 1625/2023/LSGD പുറപ്പെടുവിച്ച ഉത്തരവിലെ അനക്സർ 6 പ്രകാരം ഹെൽത്ത് ഗ്രാന്റിന്റെ സ്കീം 5 ഇനത്തിൽ നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭക്ക് ₹26,05,000/- അനുവദിച്ച് നൽകിയിട്ടുണ്ട്.
ഇതിനായി ഇന്ത്യൻ ബാങ്ക്, പെരുമ്പാവൂർ ശാഖയിൽ 'SUPPORT OF DIOGONSTIC INFRASTRUCTURE TO PHC FACILITES IN URBAN PHC' എന്ന പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ചു. (Account No-7209148544). 07.11.2023ൽ ഈ അക്കൗണ്ടിലേക്ക് ₹26,05,000/- വരവ് വന്നിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ അക്കൗണ്ടിൽ നിന്ന് യാതൊരു സംഖ്യയും ചിലവഴിച്ചിട്ടില്ലാത്തതും 02.12.2025 ലെ സ്റ്റേറ്റ് മെന്റ് പ്രകാരം പലിശ വരവ് സഹിതം ₹27,44,574/- നീക്കിയിരുപ്പുള്ളതായും കാണുന്നു.
2024-25 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് സെന്ററിലേക്ക് മരുന്നുകൾ, ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്റ്റ് നമ്പർ 354/2025, അടങ്കൽ- ₹26,05,000/-) എന്ന പ്രോജക്റ്റ് പ്രകാരം ₹19,11,500/- ചെലവഴിച്ചതായി കാണുന്നു. ഈ സംഖ്യ ഹെൽത്ത് ഗ്രാന്റിന്റെ സ്കീം 6 ഇനത്തിലുള്ള അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചതായി കാണുന്നത് (Account No.7209152174, ഇന്ത്യൻ ബാങ്ക്, പെരുമ്പാവൂർ ശാഖ). സ്കീം 5 ഇനത്തിൽ ഉൾപ്പെടുന്ന ആവശ്യങ്ങൾക്കായാണ് ഈ പ്രോജക്റ്റ് പ്രകാരം സംഖ്യ ചിലവഴിച്ചതായി കാണുന്നത്. ഈ പ്രോജക്റ്റ് സ്കീം 5 ഇനത്തിലുള്ളതാണോ എന്ന് വ്യക്തമാക്കേണ്ടതും അപ്രകാരമാണെങ്കിൽ ഈ ഇനത്തിൽ ചെലവഴിച്ച തുക സ്കീം 6 അക്കൗണ്ടിലേക്ക് തിരികെ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. മാത്രമല്ല ഹെൽത്ത് ഗ്രാന്റ് സ്കീം 5 ഇനത്തിൽ 2022-23 വർഷത്തേക്ക് ലഭിച്ച സംഖ്യ നാളിതുവരെ ചെലവഴിക്കാത്തതിന്റെ കാരണവും വിശദമാക്കേണ്ടതാണ്.
ഇതുമായി ബന്ധപ്പെട്ട് 19.12.2025ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/2024-25 -ന് മറുപടി ലഭ്യമാക്കിയില്ല.

1-61 ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിലേക്ക് മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ - ചെലവു വിവരം ലഭ്യമല്ല.

പ്രോജക്റ്റിന്റെ പേര്	ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിലേക്ക് മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ
പ്രോജക്റ്റ് നമ്പർ	230/2023-24
അടങ്കൽ തുക	₹40,00,000/- (ഹെൽത്ത് ഗ്രാന്റ്)
ചെലവ്	₹11,21,515/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്റ്റ് പ്രകാരം ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിലേക്ക് വാട്ടർ പ്യൂരിഫൈർ വാങ്ങിയ ഇനത്തിൽ IT PROFESSIONALS CO-OPERATIVE

SOCIETY, TRIVANDRUM എന്ന സ്ഥാപനത്തിന് ₹13,809/- അനുവദിച്ച് നൽകിയതായി (ഇൻവോയ്സ് നമ്പർ-IT/23-24 L 108 തീയ്യതി 03.07.2023) കാണുന്നു. പ്രസ്തുത ചെലവ് 2023-24 വർഷത്തെ ചെലവു പത്രികയിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും (ബിൽ നം. 45 തിയ്യതി 10.07.2023) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹെൽത്ത് ഗ്രാന്റ് ഫണ്ട് ചെലവുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നിന്ന് (A/C. No-7209152174, ഇന്ത്യൻ ബാങ്ക്, പെരുമ്പാവൂർ) ഈ തുക നാളിതുവരെ പിൻവലിച്ചതായി കാണുന്നില്ല.

ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട ചിലവിനങ്ങൾ പൂർണ്ണമായും ഹെൽത്ത് ഗ്രാന്റിൽ നിന്നാണ് ചെലവഴിക്കേണ്ടത്. ആയതിനാൽ ₹13,809/- പിൻവലിച്ചത് ഏത് ഫണ്ടിൽ നിന്നാണെന്നത് സംബന്ധിച്ച വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതിനായി 19.12.2025 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34/2024-25 -ന് നഗരസഭ 16.01.2026ന് ലഭ്യമാക്കിയ മറുപടിയിൽ, ക്ലറിക്കൽ മിസ്റ്റേക്ക് മൂലം പ്രസ്തുത സംഖ്യ സി.എഫ്.സി ഗ്രാന്റിൽ നിന്നാണ് ചെലവഴിച്ചതെന്നും ആയത് സി.എഫ്.സി ഗ്രാന്റിലേക്ക് റീക്കൂപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക സി.എഫ്.സി ഗ്രാന്റിലേക്ക് റീക്കൂപ്പ് ചെയ്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-62 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ :സ്റ്റോക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല

പ്രോജക്ട് നമ്പർ	:	1)08/25 2)09/25
പ്രോജക്ടിന്റെ പേര്	:	1)ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, 2)സൂതിക പരിചരണം
അടങ്കൽ തുക		1)₹35,00,000/- (സംരക്ഷണ ഗ്രാന്റ്-റോഡിതരം) 2)₹5,00,000/- (സംരക്ഷണ ഗ്രാന്റ്-റോഡിതരം)
ചിലവ് തുക	:	1)₹2,00,000/- (ബിൽ നം.72/ തീ.15.8.2024) 2)₹33,00,000/- (ബിൽ നം.134/ തീ.12.11.2024) 3)₹5,00,000/- (ബിൽ നം.73/ തീ.15.8.2024)
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	മെഡിക്കൽ ഓഫീസർ, ആയുർവേദം

ആയുർവേദ ആശുപത്രിയിൽ വിതരണം ചെയ്യുന്നതിനായി 2024-25 വർഷത്തിൽ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രൊജക്ട് നം.08/25) വഴി 35 ലക്ഷം രൂപയുടെയും സൂതിക പരിചരണം (പ്രൊജക്ട് നം.09/25) വഴി 5 ലക്ഷം രൂപയുടെയും വിവിധ തരം മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയുർവേദ ആശുപത്രിയിൽ നടത്തിയ സ്റ്റോക്കുകളുടെ ഭൗതിക പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മരുന്നുകൾ വലിയ അളവിൽ അശാസ്ത്രീയമായി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടിട്ടുള്ളതാണ്. സ്റ്റോക്ക് റൂമുകളിലും വരാന്തകളിലും വാഷ് ബേസിൻ സമീപത്തും ഉൾപ്പടെയാണ് മരുന്നുകൾ സൂക്ഷിച്ചിട്ടുള്ളത്. ഇത്തരത്തിൽ അശാസ്ത്രീയമായി മരുന്നുകൾ സൂക്ഷിക്കുന്നത് മരുന്നുകൾക്ക് കേടുപാടുകൾ വരുന്നതിന് കാരണമാവുകയും അത്തരം മരുന്നുകൾ രോഗികൾക്ക് നൽകുന്നത് വഴി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും വഴിവെച്ചേക്കാം.

ആയുർവേദ ആശുപത്രിയിലെ മരുന്നുകളുടെ അശാസ്ത്രീയമായ പരിപാലനം

2. ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത മരുന്നുകൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് എന്ന് കണ്ടെത്താൻ സാധിക്കാത്തതിനാൽ സ്റ്റോക്കിൽ എടുത്ത മരുന്നുകളുടെ ബാലൻസ് ഭൗതിക പരിശോധന നടത്താൻ സാധിച്ചിട്ടില്ല.
3. പഴയ മരുന്നുകളുടെ സ്റ്റോക്ക് ബാലൻസ് ഉണ്ടായിട്ടും 2025-26 ൽ ഒരു ദിവസം മാത്രം (30.01.2026 ന്) 7 ഇൻഡന്റുകളിലായി 16,89,246/- രൂപയുടെ പുതിയ മരുന്നുകൾ വാങ്ങി സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്.

മരുന്ന് വാങ്ങൽ പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് മരുന്നുകളുടെ സ്റ്റോക്ക് റൂം സംവിധാനം ശാസ്ത്രീയമാണോ എന്നും മതിയായ സ്ഥല സൗകര്യം ഉണ്ടോ എന്നും ഉറപ്പാക്കാതെയാണ് തുക ചെലവഴിക്കുന്നത്. മരുന്നുകൾ വലിയ അളവിൽ അശാസ്ത്രീയമായി കൂട്ടിയിട്ടിരിക്കുന്നതിനാൽ മെഡിക്കൽ ഓഫീസർ മരുന്നുകളുടെ ആവശ്യകത എപ്രകാരം കണക്കാക്കുന്നു എന്നത് വിശദീകരിക്കപ്പെടേണ്ടതാണ്. കൂടാതെ, മരുന്നുകളുടെ നിലവിലെ അവസ്ഥ പരിഗണിച്ചാൽ ലഭ്യമാകുന്ന മരുന്നുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയല്ല സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് എന്നത് വ്യക്തമാണ്. ഈ സാഹചര്യത്തിൽ മരുന്നുകളുടെ വിതരണ വിവരം സംബന്ധിച്ച (ഉപയോഗം) കണക്കുകൾ വാസ്തവമാണോ എന്നതിനും മേൽ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 94/2024-25 തിയതി 21.02.2026) മുൻകൂട്ടി അറിയിപ്പ് ലഭിക്കാതെ അധികമായി ഔഷധങ്ങൾ എത്തിയത് ബുദ്ധിമുട്ട് ഉണ്ടാക്കി എന്നും നിലവിൽ ലഭ്യമായ മരുന്നുകൾ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ആശുപത്രിയിലെ മരുന്നുകളുടെ സ്റ്റോക്ക് വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. നിലവിൽ സ്റ്റോക്കിൽ എടുത്തിട്ടുള്ള മരുന്നുകളും ഭാവിയിൽ വാങ്ങേണ്ടുന്ന മരുന്നുകളും ശാസ്ത്രീയമായി സൂക്ഷിക്കുന്നതിന് സ്ഥിരമായ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-63 വയോജനങ്ങൾക്ക് കട്ടിൽ: വാങ്ങൽ നടപടികളിലെ അപാകത

പ്രോജക്ട് നമ്പർ	:	79/25
പ്രോജക്ടിന്റെ പേര്	:	വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ)
അടങ്കൽ തുക	:	₹1,95,750/- (വികസന ഫണ്ട് - ജനറൽ)
ചെലവ്/ബിൽ നം. തീ.	:	₹1,95,750/- 505/22.03.2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	ഐ.സി.ഡി.എസ്. സൂപ്പർവൈസർ

28.05.2022 തീയ്യതിയിലെ സ.ഉ.(കൈ) നം 115/2022/LSGD നമ്പർ ഉത്തരവായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമായ പരമാവധി തുക വിനിയോഗിച്ചിട്ടും മാർഗരേഖ പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സവിശേഷതകൾ ഉള്ള കട്ടിൽ വാങ്ങാതെയാണ് പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയിട്ടുള്ളത്.

	പദ്ധതി മാർഗരേഖ പ്രകാരം വാങ്ങേണ്ടത്	വാങ്ങിയത്
Dimension	1.98 മീറ്റർ നീളം, 90 സെ.മീ. വീതി	6*3 (1.8 മീറ്റർ നീളം, 91 സെ.മീ. വീതി)
Thickness	8 Mm	415 Gsm
Wood	8 Mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച് മരത്തടിയിൽ/സ്റ്റീലിൽ പണിത കട്ടിൽ	മഹാഗണി
Maximum Cost	₹4,350/Per Unit	₹4,350/Per Unit

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/2024-25 തിയതി 19.12.2025) പർച്ചേസ് കമ്മിറ്റി അംഗീകരിച്ച ശേഷമാണ് കട്ടിലുകൾ വാങ്ങിയത് എന്നും ആ സമയത്തു ഒരു കാറ്റഗറി മാത്രമേ 'Gem' ൽ ഉണ്ടായിരുന്നുള്ളൂ എന്നുമാണ് മറുപടി നൽകിയത്. ഈ മറുപടി അംഗീകരിക്കുന്നില്ല.. പദ്ധതി മാർഗ്ഗരേഖ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള കട്ടിലിനേക്കാൾ 18 സെ.മീ നീളം കുറവുള്ള കട്ടിലുകളാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ജെം പോർട്ടൽ മുഖേന വാങ്ങിയിട്ടുള്ളത്. ഇത്തരത്തിൽ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും ഗുണനിലവാരം ഉറപ്പാക്കാതെയും വാങ്ങലുകൾ നടത്തുമ്പോൾ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണഫലം ലഭ്യമാകാതെ വരാനിടയുണ്ട്. ഭാവിയിൽ ഇത്തരം വാങ്ങലുകൾ നടത്തുമ്പോൾ പദ്ധതി മാർഗ്ഗരേഖ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. സർക്കാർ നിശ്ചയിച്ച അളവിലുള്ള ഉൽപ്പന്നങ്ങൾ ജെം പോർട്ടലിൽ ലഭ്യമല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള മറ്റ് വാങ്ങൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-64 തെരുവ് വിളക്കുകൾ എൽഇ.ഡി ആക്കലും അവയുടെ പരിപാലനവും- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പെരുമ്പാവൂർ നഗരസഭ പരിധിയിലെ തെരുവുവിളക്കുകൾ എൽഇ.ഡി ആക്കലും അവയുടെ പരിപാലനവും എന്ന ബഹുവർഷ പ്രോജക്ട് പ്രകാരം 5000 LED വിളക്കുകൾ സ്ഥാപിക്കുന്നതിനായി ₹1,15,02,636/-യുടെ പ്രോജക്ടിന് (2024-25 - ₹50,02,636/, 2025-26- ₹40,00,000/-, 2026-27- ₹25,00,000/-) നഗരസഭ കൗൺസിൽ അംഗീകാരം നൽകി .

ഈ പ്രോജക്ട് പ്രകാരം 2024-25 സാമ്പത്തികവർഷം പെരുമ്പാവൂർ നഗരസഭയിലേക്ക് 645എണ്ണം 36 W/230 VAC LED Light കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം താഴെ ചേർക്കുന്നു.

കെ-സ്മാർട്ട് ഫയൽ നമ്പർ- 2728890/2024, 73706/202 5

പ്രോജക്ടിന്റെ പേര്	തെരുവ് വിളക്കുകൾ എൽഇ.ഡി ആക്കലും അവയുടെ പരിപാലനവും
പ്രോജക്ട് നമ്പർ	387/25
അടങ്കൽ തുക	₹50,02,636/-(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് /ബിൽ നം.തീയ്യതി	₹ 14,41,523/583-25.03.2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	മുനിസിപ്പൽ എഞ്ചിനീയർ

പെരുമ്പാവൂർ നഗരസഭയിലെ തെരുവ് വിളക്കുകൾ എൽഇ.ഡി ആക്കലും അവയുടെ പരിപാലനവും എന്ന പദ്ധതി പ്രകാരം 36 W/230 VAC LED തെരുവ് വിളക്കുകൾ 645 എണ്ണം കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങിയിട്ടുണ്ട്. കെൽട്രോണുമായുള്ള കരാർ പ്രകാരം ഒരു LED വിളക്കിന് അനുബന്ധഉപകരണങ്ങളും ഇൻസ്റ്റേലേഷൻ ചാർജ്ജും അടക്കം ₹1894/- + 18% GST (2234.92) ആണ് വില നിശ്ചയിച്ചത് . ആയതു പ്രകാരം 2024-25 വർഷം 645 വിളക്കുകൾ വിതരണം ചെയ്ത വകയിൽ ₹14,41,523/- കെൽട്രോണിന് അനുവദിച്ച് നൽകിട്ടുണ്ട്.

പ്രോജക്ട് പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അനുമതിയും മേൽനോട്ടവും വേണം. എന്നാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്ന് സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ സാക്ഷ്യപത്രമോ മേൽനോട്ടത്തിന് വൈദ്യുതി ബോർഡിൽ തുക ഒടുക്കിയതിന്റെ വിശദാംശങ്ങളോ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2)തെരുവുവിളക്കുകളുടെ കാലികമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

3) സ്ട്രീറ്റ് ലൈറ്റുകൾ LED ആക്കി മാറ്റുന്നതിനുള്ള ആവശ്യകത സംബന്ധിച്ച് ഓരോ ഡിവിഷൻ മെമ്പർമാരുടെയും സാക്ഷ്യപത്രം ആവശ്യമാണ്. അത്തരം സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

4)കരാർ പ്രകാരം ലൈറ്റിന്റെ അടിസ്ഥാനവില എന്നത് KSEB ക്ക് നൽകേണ്ട സൂപ്പർവിഷൻ ചാർജ്ജ് ഉൾപ്പെടെയാണ്. സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ കെൽട്രോൺ KSEBക്ക് നൽകിയ തുക സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

5)നിലവിലുള്ള ലൈറ്റുകൾ LED ലൈറ്റുകൾ ആക്കി മാറ്റുമ്പോൾ നിലവിലുള്ള ബൾബ് , ഹോൾഡേഴ്സ് മുതലായവയുടെ സ്റ്റോക്ക് എവിടെ സൂക്ഷിക്കുമെന്നും, ആയതിൻമേലുള്ള തുടർനടപടികൾ എന്തായിരിക്കുമെന്നുള്ള നിർദ്ദേശം ഫയലിൽ ഇല്ല. തൻവർഷം നിലവിലുള്ള തെരുവുവിളക്കുകളിൽ 645 എണ്ണം മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തതിന്റെയും, പ്രവർത്തനരഹിതമായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ സ്ക്രാപ്പ് നഗരസഭയ്ക്ക് കൈമാറിയതിന്റെയും വിശദാംശങ്ങളും ആയതിൻമേലുള്ള തുടർനടപടി വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

6) 2024-25 സാമ്പത്തികവർഷം നഗരസഭയിലെ 1,2,6,26 വാർഡുകളിലായിട്ടാണ് 645 LED വിളക്കുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത് .ഇൻസ്റ്റലേഷൻ സംബന്ധിച്ച സാക്ഷ്യപത്രം, സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വാർഡ് 6ൽ 180 LED വിളക്കുകൾ ഇൻസ്റ്റാൾ ചെയ്തതിട്ടുണ്ട്. ഇതിൽ നിലവിലുള്ള 13 LED വിളക്കുകൾ മാറ്റി സ്ഥാപിച്ചതായി കാണുന്നു. 2023-24 സാമ്പത്തികവർഷവും ഇത്തരത്തിലുള്ള പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുണ്ട്. (പ്രോജക്ട് നമ്പർ 159/2023) ആയതിനാൽ നിലവിലുള്ള LED വിളക്കുകൾ മാറ്റി സ്ഥാപിക്കാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് 02.02.2026ൽ 68/2024-25 നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ 24.02.2026ൽ മറുപടി ലഭ്യമാക്കിയെങ്കിലും അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

1) കെ.എസ്. ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

2) സ്റ്റോക്ക് രജിസ്റ്റർ പരിശോധന വിധേയമാക്കിയതിൽ, തെരുവുവിളക്കുകൾ ഇൻസ്റ്റാൾ ചെയ്തത് സംബന്ധിച്ച കൗൺസിലർമാരുടെ സാക്ഷ്യപത്രവും നിലവിലുള്ളതിന്റെയും പുതുതായി ഇൻസ്റ്റാൾ ചെയ്ത തെരുവുവിളക്കുകളുടെയും ഭാഗികമായ വിവരവും അടങ്ങിയ സ്റ്റേറ്റ്മെന്റാണ് രജിസ്റ്ററിനൊപ്പം അടക്കം ചെയ്തിട്ടുള്ളത്. രജിസ്റ്റർ ഇപ്പോഴും കാലികമാക്കിയിട്ടില്ല. കാലികമാക്കിയ രജിസ്റ്ററും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്.

3) നിലവിലെ തെരുവുവിളക്കുകൾ മാറ്റി പുതിയ തെരുവു വിളക്കുകൾ സ്ഥാപിച്ചതിനാൽ KSEBക്ക് സൂപ്പർവിഷൻ ചാർജ്ജ് അടവാക്കേണ്ടതില്ലായെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ 07.02.2025ന് KLD/MKTG/ആയി സമർപ്പിച്ച കത്തിലെ നിബന്ധന 1 പ്രകാരം ഒരു തെരുവു

വിളക്കിന്റെ നിരക്ക് എന്നത് KSEB ക്ക് നൽകേണ്ട സൂപ്പർവിഷൻ ചാർജ്ജ് ഉൾപ്പെടെയാണ്. ആയതിനാൽ ഈ തുക KSEB ക്ക് അടവാക്കേണ്ടതില്ലായെങ്കിൽ വിലയിൽ നിന്ന് ഇതിനാനുപതികമായി തുക കുറവ് ചെയ്ത് മാത്രമേ കെൽട്രോണിന് തുക അനുവദിക്കാവൂ.

4) ക്രമ നമ്പർ 5 പ്രകാരമുള്ള അപാകതക്കുള്ള മറുപടിയായി കെൽട്രോൺ സ്ഥാപിച്ചിട്ടുള്ള പഴയ ലൈറ്റുകൾ അതിനോടനുബന്ധിച്ച സാധന സാമഗ്രികൾ കൈമാറിയതിന്റെയും വിശദാംശങ്ങൾ രജിസ്റ്റർ സഹിതം പരിശോധനക്കായി സമർപ്പിക്കുന്നുവെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ അപാകതക്കുള്ള വ്യക്തമായ മറുപടിയും രേഖകളും ലഭ്യമാക്കിയിട്ടില്ല.

5) ക്രമ നമ്പർ 6 പ്രകാരമുള്ള അപാകതക്കുള്ള മറുപടി ലഭ്യമാക്കിയതിൽ കാലവസ്ഥ വ്യതിയാനം / മഴ/ മിന്നൽ എന്നിവ മൂലം എൽ.ഇ.ഡി ലൈറ്റുകൾ മാറ്റി സ്ഥാപിക്കേണ്ടി വന്നു എന്നാണ്. എന്നാൽ എഗ്രിമെന്റ് അനുസരിച്ച് 3 വർഷമാണ് LED ലൈറ്റുകളുടെ വാറന്റിയായി സൂചിപ്പിച്ചിട്ടുള്ളത്. ഇക്കാലയളവിൽ സംഭവിക്കുന്ന എല്ലാ സംരക്ഷണ പരിപാലന ചെലവുകളും കരാർ ഏറ്റെടുത്ത സ്ഥാപനമാണ് വഹിക്കേണ്ടത്. കാലവസ്ഥ വ്യതിയാനം/മഴ/മിന്നൽ തുടങ്ങിയവ മൂലം തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമല്ലാതായി തീർന്നിട്ടുണ്ടെങ്കിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ള കൗൺസിൽ മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെയടിസ്ഥാനത്തിൽ മാത്രം തുക ചെലവുചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-65 ഓഡിറ്റ് ഇംപാക്ട്- ആയുർവ്വേദ ആശുപത്രിയിലെ മരാമത്ത് പ്രവൃത്തികൾ -നഷ്ട തുക ₹7,790/-അടവാക്കി

പദ്ധതി നം. /പേര്	262/2025 – റോഡിതര ഫണ്ട്-അടിയന്തിരനിർവ്വഹണം (SO)
അടങ്കൽ	₹5,55,709/- (Maintenance Fund-Non Road)
ചെലവ് /തുക, ബിൽ നം.	₹5,55,558/- (ബിൽ നം. 24120747092801438471, 06.03.2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ ഓഫീസ് പെരുമ്പാവൂർ
അളവ് പുസ്തകം	EMB-4786/2024
എഗ്രിമെന്റ് നം.& തീയ്യതി	02/2024,/12.07.2024
കരാറുകാരൻ	ശ്രീ. അൻസാർ മുണ്ടാട്ട്, മുണ്ടാട്ട് മാർക്കറ്റ് പി.ഒ, മൂവാറ്റുപുഴ.

ആയുർവ്വേദ ആശുപത്രിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത പ്രവൃത്തിയുടെ Bill No.- LSGD/CELSGD/EB/4786/2024-5-1-1-Final ബിൽ ക്രമ നം.1, ഇനം 15.28.1 – Dismantling Roofing Including Ridges, Hips, Velleys Qand Gutters Etc, And Stacking The Material Within 50 Meters Lead Of G.S Sheet എന്ന പ്രവൃത്തി (ആകെ അളവ് 224 Sqm) പ്രകാരം ₹35,168/- കരാറുകാരന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പ്രകാരം നിലവിലുണ്ടായിരുന്ന G.I Sheet, Iron Pipe എന്നിവ പൊളിച്ചെടുത്ത് നീക്കം ചെയ്തിട്ടുണ്ട്. നീക്കം ചെയ്തിട്ടുള്ള പ്രസ്തുത സാധനങ്ങൾക്ക് ₹7,790/- യാണ് അസിസ്റ്റന്റ് എഞ്ചിനീയർ വാല്യൂവേഷൻ തുകയായി കണക്കാക്കി നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക ലഭിച്ചിട്ടുള്ളതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. നീക്കം ചെയ്തിട്ടുള്ള G.I Sheet, Iron Pipe എന്നിവ ആയുർവ്വേദ ആശുപത്രിയിൽ സൂക്ഷിച്ചിട്ടില്ല എന്ന് 05.02.2026-ന് ബന്ധപ്പെട്ട ജീവനക്കാരുടെ സാനിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. നീക്കം ചെയ്തിട്ടുള്ള സാധനങ്ങൾ കരാറുകാരൻ എടുത്തതായി ആശുപത്രി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും പൊളിച്ചെടുത്ത് നീക്കം ചെയ്തിട്ടുള്ള G.I Sheet, Iron Pipe എന്നിവയുടെ വാല്യൂവേഷൻ പ്രകാരമുള്ള ₹7,790/- കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 18.02.2026-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 82-ന് മറുപടിയോടൊപ്പം കരാറുകാരൻ ശ്രീ. അൻസാർ മുണ്ടാട്ട് രസീത് നം.25023519 തീയതി 26.02.2026 പ്രകാരം ₹7,790/- അടവാക്കിയിട്ടുള്ളതിന്റെ രസീതിന്റെ പകർപ്പ് ലഭ്യമാക്കുകയും

ചെയ്തിട്ടുണ്ട്.

1-66 മുനിസിപ്പൽ ഓഫീസ് നവീകരണം-10 വർഷത്തിനു ശേഷം ബാലൻസ് തുക നല്കൽ; ₹9,88,023/-യുടെ ചെലവു തടസ്സപ്പെടുത്തുന്നു.

പെരുമ്പാവൂർ നഗരസഭ 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ₹32,03,000/- അടങ്കൽവച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മുൻസിപ്പൽ ഓഫീസ് നവീകരണം (പ്രോജക്ട് നമ്പർ 161/2015) എന്ന പ്രോജക്ടിന് ആകെ വന്ന ചെലവ് സംഖ്യയായ ₹29,43,884/- യിൽ നൽകാൻ ബാക്കിയുണ്ടായിരുന്ന ₹9,88,023/- പ്രോജക്ട് നടത്തിപ്പിന്റെ കരാർ ഏറ്റെടുത്തിരുന്ന കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ) എന്ന സ്ഥാപനത്തിന് 2024-25 സാമ്പത്തികവർഷം തനതു ഫണ്ടിൽ നിന്നും ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ നിന്നും അനുവദിച്ചതായി കാണുന്നു. സംഖ്യ അനുവദിച്ചതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	അനുവദിച്ച സംഖ്യ (₹)	സംഖ്യ അനുവദിച്ചതിന്റെ വിശദാംശം
1	4,00,000	ചെക്ക് നമ്പർ 061671 തീയ്യതി 20.04.2024 (ഫെഡറൽ ബാങ്ക്) തനതു ഫണ്ട് അക്കൗണ്ട്
2	4,99,706	JH05819084 തീയ്യതി 09.08.2024 ജനറൽ പർപ്പസ് ഗ്രാന്റ്
ആകെ	8,99,706	

മേൽ ചെലവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 2014-15 സാമ്പത്തികവർഷം ആരംഭിച്ച പ്രോജക്ട് 2015-16 സാമ്പത്തികവർഷം പൂർത്തിയായതായി കെ-സ്മാർട്ട് ഫയൽ (ഫയൽ നമ്പർ: 1458413-2024) പരിശോധനയിൽ കാണുന്നു. തുടർന്ന് ഫൈനൽ പേയ്മെന്റിന് ഇത്രയും കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കിയിട്ടില്ല.

2)പ്രോജക്ടിന്റെ ഫൈനൽ ബില്ലിന്റെ ചെലവ് പരിശോധനയിലേക്കായി ബന്ധപ്പെട്ട ഫയലും (PW 3-PF/161/2015) പ്രോജക്ട് ഫയൽ, ആകെ ചെലവു ചെയ്ത തുകകളുടെ വിശദാംശം, എം.ബുക്ക്, എഗ്രിമെന്റ്, എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3) ഫൈനൽ ബിൽ പ്രകാരം ₹5,88,023/- അനുവദിക്കാനുള്ളതിൽ IT (2%) ₹58,878/-, KCWWF (1%)₹29,439/- കഴിച്ച് ₹4,99,706/- യാണ് അനുവദിച്ച് കാണുന്നത്. IT, KCWWF ഇനത്തിൽ ഈടാക്കിയ സംഖ്യ സർക്കാർ ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ പ്രോജക്ടിന് VAT അടവാക്കിയതിന്റെ വിവരവും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

4) സംഖ്യ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 2024-25 സാമ്പത്തികവർഷം പ്രോജക്ട് വെച്ച് ഡി.പി.സി അംഗീകാരം നേടിയിട്ടില്ല. പ്രോജക്ട് വച്ച് അംഗീകാരം നേടാതെ ഫണ്ട് ചെലവഴിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 02.02.2026 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 74/2024-25 ന് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുക ₹9,88,023/- ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

1-67 മരാമത്ത് പ്രവൃത്തികൾ - ഇ.എം.എസ് ടൗൺഹാൾ പെയിന്റിംഗ് അപാകത സംബന്ധിച്ച്

പ്രോജക്ട് നം./	183/2025 – ഇ.എം.എസ് ടൗൺഹാൾ പെയിന്റിംഗ്

പേര്	
അടങ്കൽ തുക	₹9,95,000/- (Maintenance Fund-Non Road)
ചെലവ് /തുക, ബിൽ നം.	₹19,09,429/- (ബിൽ നം. 23120747092801520112, 25.03.2024 & 24120747092801363673, 21.02.2025)
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ ഓഫീസ് പെരുമ്പാവൂർ
അളവ് പുസ്തകം	EMB-339/2024
എഗ്രിമെന്റ് നം.	28/2023-24, 07.03.2024
കരാറുകാരൻ	ശ്രീ. കെ.വി ജോസ്, കണ്ണമ്പിള്ളി വീട്, കാലടി പി.ഒ, എറണാകുളം.

ഇ.എം.എസ് ടൗൺഹാളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത പ്രോജക്ടിൽ പെയിന്റിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് Bill No.- LSGD/CELSGD/EB/339/2024-5-1-1-Final ബിൽ പ്രകാരം ആകെ ₹8,61,991/- കരാറുകാരന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തീയതി 16.01.2025 ആണ്. 05.02.2026 -ന് ഓവർസിയറുടെ സാനിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ പ്രസ്തുത പ്രവൃത്തി പ്രകാരം പെയിന്റിംഗ് ചെയ്തിട്ടുള്ളതിൽ പുറത്തെ ഭിത്തിയുടെയും അകത്തെ ഭിത്തിയുടെ പലഭാഗങ്ങളിലും പെയിന്റിംഗ് ഇളകിപോയിട്ടുണ്ട്. പ്രസ്തുത പെയിന്റിംഗിനായി ഉപയോഗിച്ചിട്ടുള്ള പെയിന്റിംഗ് മെറ്റീരിയൽസിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ടൗൺ ഹാളിന്റെ ഉൾവശത്ത് പല ഭാഗങ്ങളിലും മുകൾ ഭാഗത്തെ ചോർച്ച മൂലം മഴവെള്ളം അകത്തേക്ക് വീഴുന്ന അവസ്ഥയാണ് നിലവിലുള്ളത്. മഴവെള്ളം വീണിട്ടുള്ള ഭാഗങ്ങളിലെ ഭിത്തികളിൽ പെയിന്റിംഗ് ചെയ്തിട്ടുള്ളത് ഇളകി പോയി പായൽ പിടിച്ചിരിക്കുന്ന അസ്ഥയിലുമാണ്. മുകൾ ഭാഗത്തെ ചോർച്ച പരിഹരിച്ചതിന് ശേഷം പെയിന്റിംഗ് ഉൾപ്പെടെയുള്ള ജോലികൾ ചെയ്തിരുന്നെങ്കിൽ മാത്രമേ പ്രസ്തുത പെയിന്റിംഗ് പ്രവൃത്തി കൊണ്ട് പ്രയോജനം ലഭിക്കുമായിരുന്നുള്ളൂ. എന്നാൽ നിലവിലെ അപാകതകൾ പരിഹരിക്കാതെ പെയിന്റിംഗ് ജോലി ചെയ്തത് മൂലം പ്രോജക്ട് പ്രകാരമുള്ള ഉദ്ദേശ ലക്ഷ്യം ലഭിക്കാതെ പോയി. ഇതേ ഇനത്തിൽ വീണ്ടും തുക ചെലവഴിച്ചാൽ മാത്രമേ പ്രസ്തുത അപാകതകൾ പരിഹരിച്ച് ടൗൺ ഹാൾ വൃത്തിയായി സൂക്ഷിക്കുവാൻ സാധിക്കുകയുള്ളൂ, ഇത് അധിക ചെലവിന് കാരണമാകുന്നതാണ്.

ടൗൺ ഹാളിന്റെ മുകൾ ഭാഗത്തെ ചോർച്ച മൂലം മഴവെള്ളം അകത്തേക്ക് വീഴുന്ന എന്ന അടിസ്ഥാനപരമായ പ്രശ്നം പരിഹരിക്കാതെ പ്രസ്തുത പെയിന്റിംഗ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 17.02.2026 -ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.90-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് എടുത്ത സമയത്തും നിർവ്വഹണ സമയത്തും മുകളിൽ നിന്നും ലീക്ക് ഉള്ളതായി കണ്ടെത്തിയിട്ടില്ലാത്തതാണ് ആയതിനാൽ അതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് എടുത്തതും പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതും പിന്നീട് നിലവിലുണ്ടായിരുന്ന ഷീറ്റ് റൂഫിംഗിന്റെ J Bolt Washer കാലപ്പഴക്കം മൂലം കേട് സംഭവിച്ചതിനാലാണ് ലീക്ക് ഉണ്ടായത്, സ്ലാബിൽ വെള്ളം കെട്ടികിടക്കുന്നത് മൂലവും ചോർച്ച ഉണ്ടായിട്ടുള്ളത്, 2025-26 സാമ്പത്തിക വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് വളരെ ഉപയോഗപ്രദമായ രീതിയിൽ ടൗൺ ഹാൾ വാടകക്ക് നൽകുന്നതിന് അടിസ്ഥാന സൗകര്യങ്ങളും ആകർഷകമായ രീതിയിലുള്ള അന്തരീക്ഷവും വളരെ അത്യാവശ്യമാണ്, ഇവ നഗരസഭ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. മേൽ അപാകതകൾ പരിഹരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-68 മരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയിട്ടില്ല

പി.ഡബ്ല്യൂ.ഡി മാന്യുവൽ (2112-1-Fines For Extension Of Time Of Completion) പ്രകാരം ഏറ്റെടുത്ത പ്രവൃത്തി കരാർ കാലയളവിൽ പൂർത്തീകരിക്കാൻ കരാറുകാരനു സാധ്യമാകാതെ വന്നാൽ

ആദ്യത്തെ എക്സ്റ്റൻഷൻ കാലയളവിന് 1% (PAC) പിഴ പലിശയും തുടർന്നുള്ള കാലയളവിന് 2% (PAC) പിഴ പലിശയും ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ.സി.2/235/15- ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരവും ഇതേ വിഷയം സൂചിപ്പിച്ചിട്ടുണ്ട്.
കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാത്ത പ്രോജക്ടുകൾക്ക് കരാർ കാലാവധി നീട്ടി നൽകണമെന്നുള്ള കരാറുകാരുടെ അപേക്ഷ പരിഗണിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴപലിശ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്/ അളവ് പുസ്തകം നം./ ബിൽ നം.	കരാറുകാരൻ/ എഗ്രിമെന്റ് നം.	PAC തുക/ പൂർത്തീകരിക്കേണ്ട തീയതി	പ്രവൃത്തി പൂർത്തീകരിച്ച തീയതി	ദീർഘിപ്പിച്ച കാലയളവ്	ഈടാക്കേണ്ട പിഴ പലിശ തുക ₹
1	262/25 – റോഡിതര ഫണ്ട് - അടിയന്തിര നിർവ്വഹണം. (ആയുർവ്വേദ ആശുപത്രിയിൽ ഷീറ്റ് റൂഫിംഗ്) EMB-4786/2024 Bill No- 24120747092801438471, 06.03.2025	ശ്രീ. അൻസാർ മുണ്ടാട്ട്, മുണ്ടാട്ട് വീട്, മാർക്കറ്റ് പി.ഒ, മൂവാറ്റുപുഴ. Agr. No. 02/2024, 12.07.2024	₹4,70,939/- 11.12.2024	17.2.2025	1 പ്രാവശ്യം	4,709/-
2	241/25- മുനിസിപ്പൽ മാളിൽ സെപ്റ്റിക് ടാങ്ക്, സോക്പിറ്റ് നിർമ്മാണം, ടൈൽ നിർമ്മാണം EMB-5077/2024 Bill No. PFMS-C122443150189, 28.12.2024	ശ്രീ. ബിജീഷ് സി.ജി, ചുള്ളിപ്പറമ്പിൽ, കാഞ്ഞിരക്കാട്, പെരുമ്പാവൂർ. Agr No. 49/2023-24, 12.03.2024	₹4,12,609/- 11.07.2024	07.12.2024	1 പ്രാവശ്യം	4,126/-
3	181/25 – വാർഡ് 27-ലെ പമ്പ് ഹൗസ് റോഡ് ഇരുവശവും കോൺക്രീറ്റ്, മുസ്ലിയാർ റോഡ് ടാറിംഗ്.... EMB-136995/2023 Bill No. 24120747092801599244, 19.03.2025	ശ്രീ. അൻസാർ മുണ്ടാട്ട്, മുണ്ടാട്ട് വീട്, മാർക്കറ്റ് പി.ഒ, മൂവാറ്റുപുഴ. Agr No. 51/2023-24, 16.03.2024	₹4,20,292/- 15.06.2024	14.03.2025	3 പ്രാവശ്യം	21,015/-
4	254/25 – വാർഡ് 26-ലെ ചെന്താര ബാലൻസ് ടാറിംഗ് EMB-136973/2023 Bill No. 24120747092801599247, 19.03.2025	ശ്രീ. അൻസാർ മുണ്ടാട്ട്, മുണ്ടാട്ട് വീട്, മാർക്കറ്റ് പി.ഒ, മൂവാറ്റുപുഴ. Agr No. 53/23-24, 16.03.2024	₹4,26,363/- 15.06.2024	14.03.2025	3 പ്രാവശ്യം	13,317/-
5	305/25 – വാർഡ് 12 കാരാട്ടുപള്ളിക്കര-കാവുംപുറം റോഡ് അറ്റകുറ്റപണികൾ EMB-115070/2023 Bill No. 24120747092800968676, 30.11.2024	ശ്രീ. ആർ. കൃണജിത്ത്, അരീക്കൽ വീട്, പുല്ലുവഴി പി.ഒ, പെരുമ്പാവൂർ Agr No. 18/23-24, 04.01.2024	₹4,08,632/- 13.06.2024	14.11.2024	3 പ്രാവശ്യം	12,259/-

	ആകെ					55,426/-

മേൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നപ്പോൾ നഗരസഭ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. ഈയിനത്തിൽ നഗരസഭക്ക് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 18.02.2026 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 85 -ന് കാലവർഷത്തിന് ശേഷം മാത്രമാണ് പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിട്ടുള്ളു എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയിട്ടുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ നഷ്ടമായ ₹55,426/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ കൃത്യമായി സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-69 അംഗീകൃത ലൈസൻസ് ഇല്ലാത്ത കരാറുകാരന് പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് നൽകിയത് - ₹8,44,390/-തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം./ പേര്	308/2025 – തെരുവ് വിളക്ക് എ.എം.സി
അടങ്കൽ	₹10,00,000 (Development Fund-Finance Commission)
ചെലവ് /തുക, ബിൽ നം.	₹8,44,390/- (ബിൽ നം. PFMS Advice No. C022547443911, 22.02.2025)
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ ഓഫീസ് പെരുമ്പാവൂർ
അളവ് പുസ്തകം	MB No.35/2022-23
എഗ്രിമെന്റ് നം.	No. 59/2023-24, 16.03.2024
കരാറുകാരൻ	യുണൈറ്റഡ് എനർജി സിസ്റ്റംസ്, നെടുമങ്ങാട്, തിരുവനന്തപുരം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തിയുടെ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു .

2021 Kerala Public Works Department Manual – Section 1901 – Registration Of Contractors – Rules For Registration Of Contractors Executing Works In The Kerala PWD- Only Persons Who Have Registered Themselves As A Contractor Under These Rules Are Entitled To Submit Tenders For Works എന്ന് വ്യക്തമാക്കിയിട്ടുണ്ട്. Section 1903.2 - Electrical Contractors – (Ii) B Category-Those Who Are Entitled To Tender For All Works Up To Rs.25 Lakhs In Any Office (Iii) C Category- Those Who Are Entitled To Tender For All Works Up To Rs.5 Lakhs In Any Office എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ഏറ്റെടുക്കേണ്ട പ്രവൃത്തിയുടെ മതിപ്പ് ചെലവ് തുകയുടെ അടിസ്ഥാനത്തിൽ അംഗീകൃത ലൈസൻസുള്ള കരാറുകാർക്ക് മാത്രമേ പ്രസ്തുത ടെണ്ടറുകളിൽ പങ്കെടുക്കുവാൻ യോഗ്യതയുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ 03.02.2024-ലെ PW1-5668/2023 നമ്പർ ടെണ്ടർ നോട്ടീസിൽ ക്രമ നം. 6-ൽ Contractors Licence Copy ആവശ്യപ്പെട്ടിട്ടുള്ള, മറ്റ് രേഖകൾ എന്നിവ അപ് ലോഡ് ചെയ്യാത്ത ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസി.എഞ്ചിനീയർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നോട്ട് ഫയലിൽ പ്രസ്തുത കരാറുകാരന് ബി-ക്ലാസ്സ് ലൈസൻസ് ഇല്ല എന്ന് വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും സ്ഥാപന പ്രതിനിധിയും ഒപ്പ് വച്ചിട്ടുള്ള എഗ്രിമെന്റിൽ സ്ഥാപന പ്രതിനിധി ഒപ്പ് വച്ചിട്ടുള്ളതിന്റെ സീലിൽ സനൽകുമാർ എം.പി, ഓതറൈസ്ഡ് ഇലക്ട്രിക്കൽ കോൺട്രാക്ടർ -CB7468, യുണൈറ്റഡ് എനർജി സിസ്റ്റംസ്, തിരുവനന്തപുരം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ചിട്ടുള്ള നിയമങ്ങളും ടെണ്ടർ നിർദ്ദേശങ്ങളും പരിഗണിക്കാതെയാണ് ₹10 ലക്ഷം മതിപ്പ് ചെലവ് വരുന്ന പ്രസ്തുത ഇലക്ട്രിക്കൽ പ്രവൃത്തിയുടെ ടെണ്ടർ ബി-ക്ലാസ്സ് ലൈസൻസ് ഇല്ലാത്ത കരാറുകാരന് അംഗീകരിച്ച് നൽകിയിട്ടുള്ളത്.

07.03.2024 -ലെ നഗരസഭ കൗൺസിൽ യോഗത്തിലെ 4-ാം നമ്പർ തീരുമാന പ്രകാരം അടിയന്തിരമായി തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കേണ്ടതിനാലും, ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വരാൻ സാധ്യതയുള്ളതിനാൽ യുണൈറ്റഡ് ഏജൻസിയുടെ ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിച്ചു എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ₹10 ലക്ഷം മതിപ്പ് ചെലവ് കണക്കാക്കിയിരുന്ന പ്രസ്തുത ഇലക്ട്രിക്കൽ പ്രവൃത്തി മേൽ സൂചിപ്പിച്ചിട്ടുള്ള നിയമങ്ങൾ അനുശാസിക്കും വിധം ബി-ക്ലാസ്സ് ലൈസൻസുള്ള കരാറുകാർ മുഖേന നടത്തുന്നതിന് പകരം ബി-ക്ലാസ്സ് ലൈസൻസില്ലാത്ത യുണൈറ്റഡ് ഏജൻസീസ് എന്ന സ്ഥാപനത്തിന് നിയമവിരുദ്ധമായി ടെണ്ടർ അംഗീകരിച്ച് നൽകി തുക ചെലവഴിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 17.02.2026 -ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 86 -ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്: ബി ക്ലാസ്സ് ലൈസൻസാണ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ലൈസൻസ് ഉള്ളവർ ആരും ടെണ്ടറിൽ പങ്കെടുത്തില്ല, ബി ക്ലാസ്സ് ലൈസൻസുള്ള കോൺട്രാക്ടറിനെ ബന്ധപ്പെട്ടിരുന്നുവെങ്കിലും ആരും തന്നെ എ.എം.സി പ്രവൃത്തി ഏറ്റെടുക്കുവാൻ താൽപര്യം കാണിച്ചില്ല. പ്രസ്തുത വിഷയം ജനപ്രതിനിധികളുടെയും ബഹു. ചെയർമാന്റെയും നിർദ്ദേശ പ്രകാരം പൊതുമരാമത്ത് കമ്മിറ്റി മുൻപാകെ സമർപ്പിച്ച് അംഗീകാരം നേടി തുടർന്ന് ബഹു.കൗൺസിൽ അംഗീകാരം ഏകകണ്ഠമായി നേടിയിട്ടുള്ളതാണ് എന്ന വിവരം രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, അനുബന്ധ സർക്കുലറുകളും നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവഴിച്ച ₹8,44,390/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ബി-ക്ലാസ്സ് ലൈസൻസില്ലാത്ത യുണൈറ്റഡ് ഏജൻസീസ് എന്ന സ്ഥാപനത്തിന് നിയമവിരുദ്ധമായി ടെണ്ടർ അംഗീകരിച്ച് നൽകി തുക ചെലവഴിച്ചിട്ടുള്ളതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു.

1-70 മരാമത്ത് പ്രവൃത്തികൾ - മലിനജലം ഓടയിലേക്ക് ഒഴുക്കിയിട്ടുള്ളത്

പ്രോജക്ട് നം./ പേര്	302/2025 – ടൗണിലെ പ്രധാന റോഡുകളുടെ അറ്റകുറ്റപണികൾ
അടങ്കൽ	₹3,68,290 (Maintenance Fund-Road)
ചെലവ് /തുക, ബിൽ നം.	₹1,72,109/- (ബിൽ നം. 24120747092801680088 Dtd 24.03.25 & 25120747092800644190,Dtd 27.09.2025)
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ ഓഫീസ് പെരുമ്പാവൂർ
അളവ് പുസ്തകം	EMB-4784/2024
എഗ്രിമെന്റ് നം.	Agr. No. 44/2023-24, 12.03.2024
കരാറുകാരൻ	ശ്രീ. കെ.ഐ. പൗലോസ്, കരുമൻകോട്ടിൽ, അല്ലപ്ര പി.ഒ, പെരുമ്പാവൂർ

പെരുമ്പാവൂർ ടൗണിൽ പി.പി ലിങ്ക് റോഡിലെ കാനയുടെ വശങ്ങൾ ഉയർത്തുന്നതിനും ഇന്റർലോക്ക് വിരിക്കുന്നതിനുമായി അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തിയുടെ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി നീട്ടി ലഭിക്കുന്നതിനായി കരാറുകാരൻ ശ്രീ. കെ.ഐ. പൗലോസ് വിവിധ കാരണങ്ങൾ രേഖപ്പെടുത്തി വിവിധ തീയതികളിലായി (10 പ്രാവശ്യം) അസി.എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 30.12.2024-ൽ നൽകിയ കത്തിൽ "പഴയ സ്ലാബ് ഇളക്കിമാറ്റിയപ്പോൾ കാനയിൽ ഹോട്ടലിൽ നിന്നും മറ്റ് കടകളിൽ നിന്നുള്ളതുമായ മലിന ജലം

ഒഴികിവന്ന് കാന വൃത്തികേടായി കിടക്കുകയാണ്" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 29.03.2025-ൽ നൽകിയ കത്തിൽ "കാനയുടെ കിഴക്ക് ഭാഗത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും മലിനജലം ഒഴുകിവരുന്നതുകൊണ്ട് പണിചെയ്യുവാൻ ബുദ്ധിമുട്ടാണ് " എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

കരാർ എഗ്രിമെന്റ് നം.44/2023-24, തീയതി 12.03.2024 പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി 3 മാസമാണ് ഇതുപ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 11.06.2024-ആണ്. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച തീയതി 17.06.2025 -ആണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ളത് പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും നിലവിലുണ്ടായിരുന്ന കാനയിലേക്ക് മലിനജലം ഒഴുകിവന്നിരുന്നത് കാനയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. ഇത് പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം വരുത്തിയതിന് കാരണമായി തീർന്നിട്ടുണ്ട്.

2011-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 334 എ.(ഡി)- മലിനജലം ജലാശയങ്ങളിലേക്കോ, ഓടകളിലേക്കോ പൊതുവഴി പൊതു സ്ഥലങ്ങളിലേക്കോ ഒഴുക്കാൻ അനുവദിക്കാൻ പാടില്ലാത്തതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കാനയിലേക്ക് മലിന ജലം ഒഴുക്കിയ സ്ഥാപനങ്ങൾക്ക് എതിരെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി 17.02.2026-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 87-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പല റോഡുകളിൽ നിന്നുമുള്ള ഓടകളിൽ നിന്നും വരുന്ന മലിനജലം അടച്ചാണ് പുതിയതായി ഓട നിർമ്മിച്ചിട്ടുള്ളത്. നിലവിൽ ടി ഓടകളിലേക്ക് ടി ഭാഗത്തു നിന്നും മലിനജലം ഒഴുക്കുന്നില്ലാത്തതിനാലാണ് തുടർ നടപടികൾ സ്വീകരിക്കാത്തത്. മറ്റ് നടപടികൾ സ്വീകരിക്കേണ്ടത് ഹെൽത്ത് സെക്ഷനിൽ നിന്നുമാണ് എന്ന വിവരമാണ് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മറുപടിയിൽ സൂചിപ്പിച്ചിട്ടുത് പ്രകാരം മലിനജലം ഓടയിലേക്ക് ഒഴുക്കിയിട്ടുണ്ടായിരുന്നു എന്ന് വ്യക്തമാണ്, എന്നാൽ കാനയിലേക്ക് മലിന ജലം ഒഴുക്കിയ സ്ഥാപനങ്ങൾക്ക് എതിരെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത വിഷയം സെക്രട്ടറിയെയോ ഹെൽത്ത് സെക്ഷനെയോ അറിയിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

നഗരസഭ പരിധിയിലുള്ള വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഖര ജൈവ മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ സംസ്കരിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ പ്രസ്തുത സ്ഥാപനത്തിന് ഉണ്ടോ എന്ന് പരിശോധിച്ച് അംഗീകാരം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. കാനയിലേക്ക് മലിന ജലം ഒഴുക്കിയിട്ടുള്ളതിന്റെ വിവരം ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ അറിയിക്കേണ്ടതും, നഗരസഭ പരിധിയിലുള്ള മറ്റ് സ്ഥാപനങ്ങൾ സമാന രീതിയിൽ കാനയിലേക്ക് മലിന ജലം ഒഴുക്കുന്നുണ്ടോ എന്ന് പരിശോധന നടത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-71 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അറ്റകുറ്റപണികൾ

പദ്ധതി നം./ പേര്	253/2025 – ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അറ്റകുറ്റപണികൾ
അടങ്കൽ	₹19,72,106/- (Maintenance Fund-Non Road)
ചെലവ് /തുക, ബിൽ നം.	₹19,09,429/- (ബിൽ നം.24120747092801250940, 30.01.2025 & 24120747092801583512, 18.03.2025)
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ ഓഫീസ് പെരുമ്പാവൂർ
അളവ് പുസ്തകം	EMB-115473/2023
എഗ്രിമെന്റ് നം.	No. 40/2023-24, 07.03.2024

കരാറുകാരൻ	ശ്രീ. യൂസഫ് കെ.എ, കിഴക്കനാലിൽ, വളയൻചിറങ്ങര പി.ഒ, പെരുമ്പാവൂർ

ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തിയുടെ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

